# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 1 ധനു - 1192 ജനുവരി 2017



## എറണാകുളം കരയോഗം 91-ാമത് സ്ഥാപക ദിനവും കരയോഗാംഗങ്ങളുടെ സംഗമവും....




















# ഉള്ളടക്കം

വാല്യം 10 | ലക്കം 1 | ജനുവരി 2017


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| ഞാൻ കണ്ട യൂറോപ്പ് | 17 |
| ശകടാസുരവധം | 20 |
| പാതജ്ഞലയോഗദർശനം | 23 |
| മഹർഷി വസിഷ്ഠനും മഹർഷി വിശ്വാമിത്രനും | 25 |
| സൗരപാതയിലെ സിംഹവും കാളയും ഞണ്ടും | 30 |
| എറണാകുളം ശിവക്ഷേത്രോത്സവം | 32 |
| സത്യകാമന്റെ കഥ | 33 |
| ജന്മാവകാശം (കവിത) | 34 |
| കാതങ്ങൾ കടന്നുവന്ന കാലൊച്ച | 35 |
| നശ്വരമെന്ന ഉണ്മ | 38 |
| പറവൂരിന്റെ കണ്ണൻ | 40 |
| ഹന്തഭാഗ്യം ജനാനാം | 42 |
| ശ്രാദ്ധം (കവിത) | 45 |
| പ്രമേഹ ചിന്തകൾ | 46 |
| മാറുന്ന സമൂഹത്തിനു വേണ്ട ആരോഗ്യ ജീവനം | 50 |
| ആദരാഞ്ജലികൾ | 52 |
| വെള്ളപ്പൊക്കം | 53 |
| മാസഫലം | 56 |
| മാട്രിമോണിയൽ | 57-65 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

## എഡിറ്റോറിയൽ

# ദൈവത്തിന്റെ സ്വന്തം നാട്

കേരളത്തിലെ സമാധാനാന്തരീക്ഷത്തെ കലാപകലുഷിതമാക്കിക്കൊണ്ട് വീണ്ടും രാഷ്ട്രീയ കൊലപാതകങ്ങൾ അരങ്ങേറുകയാണ്. ജനക്ഷേമം മുഖ്യ ലക്ഷ്യമാക്കി, അതിനുവേണ്ടി പ്രവർത്തിക്കാൻ ബാധ്യതയുള്ള, കടപ്പാടുള്ള രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ ഉത്തരവാദിത്വങ്ങളെല്ലാം മറന്ന്, ജനദ്രോഹപരമായ നടപടികൾ കൈക്കൊണ്ടാൽ ആ നാടിന്റെ അവസ്ഥ എന്താകും? അവരെ പ്രതീക്ഷയോടെ ഉറ്റുനോക്കി കാത്തിരിക്കുന്ന സാധാരണ ജനങ്ങളുടെ അവസ്ഥ എന്താകും?. കഴിഞ്ഞ കുറെ മാസങ്ങളായി നാം കേൾക്കുന്ന വാർത്തകൾ, കാണുന്ന കാഴ്ചകൾ, പരിഷ്കൃത സമൂഹം എന്ന് അഭിമാനിക്കുന്ന മലയാളിക്ക് ഒരു തരത്തിലും യോജിച്ചതല്ല. മാത്രമല്ല, പരസ്പരം വെല്ലുവിളിച്ച്, അന്യോന്യം ആക്രമിച്ച്, ചോരയൊഴുക്കിയും, കൊന്നും കൊലവിളി നടത്തിയും നാട്ടിലാകെ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഈ കാപാലികത്വത്തിന്, കൊടും ക്രൂരതയ്ക്ക് അറുതി വരുത്തുവാൻ ബന്ധപ്പെട്ട രാഷ്ട്രീയപാർട്ടികളും, ഭരണസംവിധാനവും ഒന്നും തയ്യാറാവുന്നില്ലായെങ്കിൽ എന്തായിരിക്കും ആ നാടിന്റെ അവസ്ഥ?, എന്തായിരിക്കും ആ നാടിന്റെ പുരോഗതി?, എങ്ങനെ ആയിരിക്കും ജനങ്ങൾ ഈ പാർട്ടികളെ വിലയിരുത്തുക?. നാടിന്റെ ഭാവി വാഗ്ദാനങ്ങളാകേണ്ട, കുടുംബത്തിന്റെ അത്താണിയായി മാതാപിതാക്കളേയും, ഭാര്യയേയും കുട്ടികളേയും സംരക്ഷിക്കേണ്ട എത്രപേരെ, എത്ര യുവാക്കളെയാണ് കൊലക്കത്തിക്കിരയാക്കിയത്. എത്ര മാതാപിതാക്കളെയാണ് ഇങ്ങനെ അനാഥരാക്കിയത്, എത്ര സ്ത്രീകളെയാണ് ജീവിതാരംഭത്തിൽ തന്നെ വിധവകളാക്കിയത്. എത്ര കുഞ്ഞുങ്ങളുടെ ഭാവിയാണ് കൊട്ടിയടയ്ക്കപ്പെട്ടത്. എന്തിനുവേണ്ടി യാണീ ക്രൂര വിനോദം. ആർക്കു വേണ്ടിയാണ് അഴിച്ചു വിട്ട വേട്ടപട്ടികളെ പോലെയുള്ള ഈ അഴിഞ്ഞാട്ടം. കൊല്ലു ന്നതും ചാവുന്നതും

മുഴുവനും താഴേക്കിടയിലുള്ള അണികൾ. എന്തേ ഇവർ മനസ്സിലാക്കാത്തത് പാർട്ടിമേലാളൻമാർക്ക് സ്ഥാനമാനങ്ങളും, കസേരകളും ആഡംബരജീവിതവും ഒക്കെ ഒരുക്കാൻ വേണ്ടി പോർക്കളത്തിലിറക്കി വിടുന്ന ചാവേറുകളാണ് തങ്ങളെന്ന്. നഷ്ടങ്ങൾ മുഴുവൻ തങ്ങൾക്കും തങ്ങളുടെ കുടുംബത്തിനും മാത്രമാണെന്ന് തങ്ങളുടെ രാഷ്ട്രീയാന്ധതയെ മുതലെടുത്ത് സുഖിക്കുന്നതു മുഴുവനും ഒരു കൂട്ടം നേതാക്കൾ മാത്രമാണെന്ന്, തങ്ങളെ പ്രലോഭിപ്പിച്ച് കത്തിയും തന്ന് വിടുന്നവർ കാര്യം കഴിയുമ്പോൾ ഉണ്ടാവില്ല എന്നുള്ളത്, അപ്പോൾ അപരിഹരണീയമായ ശിക്ഷ ഏറ്റുവാങ്ങാൻ തങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളു എന്ന പരമാർത്ഥം തിരിച്ചറിയാത്തത്. വീടിനും നാടിനും പ്രയോജനമാകേണ്ട, ആസ്വദിച്ചനുഭിവക്കേണ്ട സുന്ദരജീവിതം മുഴുവനും ഇരുമ്പഴിക്കുള്ളിലെ അന്ധകാരത്തിലോ, കൊലക്കയറിലോ അവസാനിപ്പിക്കേണ്ടി വരുമെന്ന്, തങ്ങളുടെ ഊഴം കഴിഞ്ഞാൽ നേതാക്കൾ അടുത്ത ആളെ ആയുധധാരിയാക്കി അരങ്ങത്തിറക്കുമെന്ന്, എന്നിനി ഈ തിരിച്ചറിവുണ്ടാകും ഇവിടുത്തെ സാധാരണക്കാരായ രാഷ്ട്രീയ പ്രവർത്തകർക്ക്.

കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളും നേതാക്കളും ഒന്ന് മാറി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അക്രമവും, കൊലയും, കൊള്ളിവെയ്പും ഒന്നും ഒന്നിനും പരിഹാരമല്ല. മറിച്ച് പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ വഷളാക്കുകയേ ഉള്ളു. ഇന്നിവിടെ നടക്കുന്നത് നാട്ടിലുള്ള സമാധാന്തരീക്ഷത്തെ തകർത്ത് കലാപകലുഷിതമാക്കി ആ കലക്കവെള്ളത്തിൽ മീൻ പിടിക്കുന്ന ക്രൂരവിനോദമാണ്. ഇത് നിർത്തിയെ മതിയാവു. ഇമ്മാതിരിയുള്ള നെറികെട്ട രാഷ്ട്രീയപ്രവർത്തനം അവസാനിപ്പിക്കാൻ പാർട്ടികൾ തയ്യാറാവുന്നില്ലായെങ്കിൽ അങ്ങനെയുള്ളവരെ സമാധാനകാംക്ഷികളായ സാധാരണ ജനങ്ങൾ തള്ളി പറയണം. അവരെ ബഹിഷ്ക്കരിക്കണം. അതിനുവേണ്ടി രാഷ്ട്രീയാതിതമായ സന്നദ്ധസംഘടനകൾ രൂപികരിക്കണം. അഴിമതിവിരുദ്ധ പ്രവർത്തകരും, ധാർമ്മികാചാര്യൻമാരും ഒക്കെ അതിന്റെ മുൻനിരയിലണിനിരക്കണം ഇടണം കേരളത്തെ രാഷ്ട്രീയ ജാതി, മതവിദ്വേഷങ്ങളൊന്നുമില്ലാത്ത, സ്നേഹവും സാഹോദര്യവും സൗഹാർദ്ദതയും നിലനില്ക്കുന്ന ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റാൻ●


## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
### 2017 ജനുവരി/ ഫെബ്രുവരി മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 19.01.2017 | ലക്ഷ്മീദേവി പി. നായർ | ടി.എൻ.ടി. നായർ | യാത്രാനുഭവങ്ങൾ | 902 |
| 26.01.2017 | പ്രൊ.സുമംഗലാദേവി | ശ്രീവല്ലഭൻ നായർ | സുഭാഷ് ചന്ദ്രബോസ് | 903 |
| 02.02.2017 | എം. രാജലക്ഷ്മി | ആർ. മോഹൻകുമാർ | ഒരു കുറ്റാന്വേഷകന്റെ കേസ്ഡയറി II | 904 |
| 09.02.2017 | വിജയൻ.കെ | ഡോ. സുന്ദരി.ജി. മേനോൻ | ഗുരുവന്ദനം | 905 |

# അദ്ധ്യാപകരെ ആവശ്യമുണ്ട്

**ദിവസവേദന വ്യവസ്ഥയിൽ** L P S A, TTC, UPSA, BEd

**ശ്രീ രുദ്രവിലാസം യു പി സ്കൂൾ**

**ചർച്ച് ലാൻഡിംഗ് റോഡ്, പള്ളിമുക്ക്, കൊച്ചി – 16**

**താൽപര്യമുള്ളവർ ബന്ധപ്പെടുക – മാനേജർ/സെക്രട്ടറി : 9495764174, 9846025100**

# ജനറൽ സെക്രട്ടറിയുടെ പംക്തി

2017 ഐശ്വര്യപൂർണ്ണവും സമാധാനത്തിൻെറയും സ്നേഹത്തിൻേറതുമായ ഒരു വർഷമായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

അംഗങ്ങളുടെ പ്രത്യേകശ്രദ്ധയ്ക്കായി ഇവിടെ ഒരു കാര്യം കുറിക്കട്ടെ. സ്ഥാപക ദിനത്തോടനുബന്ധിച്ച് രാവിലെ 5.00 മണി മുതൽ രാത്രി 9.00 മണി വരെ നീണ്ടു നിന്ന വിവിധ പരിപാടികൾ ടിഡിഎം ഹാളിൽ നടക്കുകയുണ്ടായി. 4500 ഓളം വരുന്ന കരയോഗാംഗങ്ങളുടെ കൃത്യമായ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നതിന് അംഗങ്ങൾക്ക് സൗജന്യമായി ഭക്ഷണ കൂപ്പണുകൾ വിതരണം ചെയ്തിരുന്നു. ആകെ 1095 കൂപ്പണുകളാണ് കരയോഗം ഓഫീസിൽ നിന്ന് അംഗങ്ങൾ കൈപ്പറ്റിയത്. എന്നാൽ അന്നേ ദിവസം എത്തിച്ചേർന്നത് 715 പേർ മാത്രമായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധയിൽപെടുത്തുന്നു. 380 ഓളം പേർ കൂപ്പണുകൾ വാങ്ങിയിട്ടും പങ്കെടുത്തില്ല എന്നത് കരയോഗത്തെ സംബന്ധിച്ച് അത്രയും പേരുടെ ഭക്ഷണം പാഴാക്കിക്കളഞ്ഞു എന്ന വസ്തുത വിലയിരുത്തപ്പെടേണ്ട ഒരു പ്രധാന വിഷയമായി മാറിയിരിക്കുന്നു. ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി കഷ്ടപ്പെടുന്നവരും, ജനറൽ ഹോസ്പിറ്റലിൽ രോഗപീഡയിൽ ഭക്ഷണം ലഭിക്കാതെ കഷ്ടപ്പെടുന്നവരുമുള്ള ഈ സമൂഹത്തിൽ എന്തിൻെറ പേരിലായാലും ഇത് അംഗീകരിക്കാനാവില്ല. കരയോഗ അംഗങ്ങൾക്ക് നിയമാവലി പ്രകാരമുള്ള അവകാശങ്ങൾ നിലനിർത്തുമ്പോൾ തന്നെ മേൽപറഞ്ഞ ഭക്ഷണത്തിൻെറ ധൂർത്ത് ഒരു അംഗത്തിൻെറയും അവകാശത്തിൽപെടുന്നില്ല എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ആയതുകൊണ്ട് അടുത്ത പൊതുയോഗത്തിൽ ടി വിഷയത്തിൽ കർക്കശമായ ചില തീരുമാനങ്ങൾ എടുക്കുവാൻ ഭരണസമിതി നിർബന്ധമായിരിക്കുന്നു എന്ന് എടുത്തുപറയട്ടെ.

കഴിഞ്ഞ 50ലധികം ദിവസമായി ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി സാധാരണ ജനങ്ങൾ സാമ്പത്തികമായ അച്ചടക്കം പാലിച്ചുകൊണ്ട്, രാജ്യപുരോഗതിക്കും കള്ളപ്പണത്തിനും അഴിമതിക്കും ഭീകരവാദത്തിനുമെതിരായുള്ള പോരാട്ടത്തിൽ കഷ്ടപ്പാടുകൾ അനുഭവിച്ച് രാജ്യത്തിനുവേണ്ടി ഭാരതസർക്കാരിൻെറ തീരുമാനങ്ങൾക്കൊപ്പം ഉറച്ചുനിന്നു എന്നുപറയുമ്പോൾ തന്നെ കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾക്കും സാമ്പത്തിക ക്രയവിക്രയങ്ങൾക്കുമുള്ള ഉദാരമായ നടപടികൾ ഇനിയും സർക്കാരിൻെറ ഭാഗത്തു നിന്ന് ഉണ്ടാവേണ്ടിയിരിക്കുന്നു. ധനകാര്യ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും യുദ്ധകാലാടിസ്ഥാനത്തിലെന്ന പോലെ സജീവമായി പ്രവർത്തിക്കേണ്ട അവസരമാണിത്. ചില രാഷ്ട്രീയ താല്പര്യങ്ങൾക്കു വേണ്ടി ജനങ്ങളെ ഭയപ്പെടുത്തിയവരെയും വിസ്മരിക്കുന്നില്ല. പൊതുജനങ്ങളുടെ സൗകര്യാർത്ഥം സർക്കാരുകൾ കൂടുതൽ സജ്ജീകരണങ്ങൾ വരും നാളുകളിൽ ഏർപ്പെടുത്തുമെന്ന് പ്രത്യാശിക്കുന്നു.

2017ലെ 30ാമത് ശ്രീമദ് ഭാഗവതസപ്താഹം, ഫെബ്രുവരി മാസം 26ാം തീയതി മുതൽ മാർച്ച് 5 ഞായറാഴ്ച വരെ മുൻവർഷങ്ങളിലെ പോലെ തന്നെ ടി.ഡി.എം. ഹാളിൽ നടത്തപ്പെടുന്നു. ബ്രഹ്മശ്രീ ചെറുവറ്റ ശ്രീരാജ് നമ്പൂതിരിയാണ് യജ്ഞാചാര്യൻ. എറണാകുളം കരയോഗത്തിൻെറ അദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിവരുന്ന ഈ ജ്ഞാനയജ്ഞവേദിയിലേക്ക് എല്ലാവരെയും ശ്രീഗുരുവായൂരപ്പൻെറ നാമത്തിൽ ക്ഷണിക്കുന്നു.

എറണാകുളത്തിൻെറ നാഥനായ എറണാകുളത്തപ്പൻെറ 2017 ലെ ഉത്സവം ഫെബ്രുവരി 1ാം തീയതി ബുധനാഴ്ച കൊടികയറി 8ാം തീയതി ബുധനാഴ്ച ആറാട്ടോടെ പര്യവസാനിക്കുന്നതാണ്.എറണാകുളത്തപ്പൻെറ അനുഗ്രഹത്തിനായി ഉത്സവ പരിപാടികൾ വിജയിപ്പിക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി 'നളചരിതം നാലാം ദിവസം', 2017 ജനുവരി 24ാം തീയതി ചൊവ്വാഴ്ച, വൈകുന്നേരം 6.30 ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന ജനുവരി മാസ പരിപാടിയിൽ 25ാം തീയതി വൈകുന്നേരം 6.30ന് മാസ്റ്റർ മൈക്കൽ ജോ ഫ്രാൻസിസ് അവതരിപ്പിക്കുന്ന 'ഇൻസ്ട്രുമെൻറൽ ഫ്യൂഷൻ ബാൻഡ്' ടിഡിഎം ഹാൾ ഗംഗയിൽ ഉണ്ടായിരിക്കുന്നതാണ്.

കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ തുടർന്നും അംഗങ്ങളുടെ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം

### 16.01.2017 മുതൽ 15.02.2017 വരെയുള്ള ജനുവരി മാസ പരിപാടികൾ

| | | | |
|---|---|---|---|
| 18.01.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 19.01.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 21.01.2017 | ശനി | 0.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 24.01.2017 | ചൊവ്വ | 6.30 p.m. | എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പതിമാസ കഥകളി |
| 25.01.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| | | 6.30 p.m. | ബീം പ്രതിമാസ പരിപാടി ; ഇൻസ്ട്രുമെൻറൽ ഫ്യൂഷൻ ബാൻഡ് ഃ മാസ്റ്റർ മൈക്കൽ ജോ ഫ്രാൻസിസ് |
| 28.1.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 01.02.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 02.02.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 04.02.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 08.02.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 09.02.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 11.02.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 12.02.2017 | ഞായർ | 10.00a.m. 1.00p.m. | പാർക്കിൻസൺസ് ക്ലിനിക് |
| 15.02.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |

## വളഞ്ഞമ്പലം ദേവി ക്ഷേത്രത്തിലെ

### 2017-ാം മാണ്ട് ഉത്സവാഘോഷം 09.02.2017 മുതൽ 16.02.2017 വരെ

| | | |
|---|---|---|
| 09.02.2017 | ഃ | കൊടിയേറ്റം |
| 14.02.2017 | ഃ | ഉത്സവബലി |
| 15.02.2017 | ഃ | പകൽപ്പൂരം |
| 16.02.2017 | ഃ | ആറാട്ട് |

**എറണാകുളം കരയോഗം വെബ്സൈറ്റും, മൊബൈൽ ആപ്പും കരയോഗാംഗങ്ങൾക്കായി നവീകരിച്ച് സജ്ജീകരിച്ചിരിക്കുന്നു.**

Web: www.ernakulamkarayogam.com
Mobile App: Ernakulam Karayogam App by Leniko Solutions

# ബാല ലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

ഒരു വർഷം കൂടി കടന്നു പോകുകയാണ്. കൂട്ടുകാരോട് ഡയറി എഴുതണമെന്നു ഓർമിപ്പിച്ചിരുന്നല്ലോ? ഈ മാസം ഡയറി തുറന്ന് ഒന്ന് പുറകോട്ടു തിരിഞ്ഞു നോക്കൂ.

എന്തെല്ലാം രസകരമായ കാര്യങ്ങളാണ് നിങ്ങളുടെ ജീവിതത്തിലൂടെ കടന്നു പോയത് എന്നത് വായിക്കുന്നത് തന്നെ ഒരു രസമല്ലേ? പുതുവർഷമായോലോ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനിരിക്കുന്നത് അല്ലെ? പുതിയ പുതിയ കാര്യങ്ങൾ പഠിക്കേണ്ടേ? അതിനുള്ള ഊർജ്ജസ്വലത ലഭിക്കണമെങ്കിൽ മനസ്സും ശരീരവും ഒന്നുപോലെ ക്രിയാത്മകമാകണം കേട്ടോ. കർമ്മ കുശലതയും ഗുരുഭക്തിയും ഈശ്വരവിശ്വാസവും, അച്ഛനമ്മമാരോടുള്ള അനുസരണശീലവും, നിശ്ചയദാർഢ്യവും കൂട്ടുകാർക്കുണ്ടാവണേ.

ഈ ലോകത്ത് നേടാനാവാത്തതു ഒന്നുമില്ല ജീവിതത്തിന്റെ ഒരേ ഒരു ലക്ഷ്യം പുരോഗതി ആയിരിക്കണം എന്ന് സ്വാമി വിവേകാനന്ദൻ നമ്മെ ഓർമിപ്പിക്കുന്നു എല്ലാ വ്യക്തികളുടെയും സ്വാഭാവം ഒന്നാണ്. പക്ഷേ ജീവിതശൈലിയാണ് അവരെ മാറ്റി മറിക്കുന്നത് എന്ന് പ്രശസ്ത ചൈനീസ് തത്വചിന്തകനും, അധ്യാപകനുമായ കൺഫ്യൂഷ്യസ് പറഞ്ഞിട്ടുണ്ട് കേട്ടോ. നല്ല ജീവിതശൈലി നിങ്ങളെ നാളത്തെ ഉത്തമ പൗരൻമാരാക്കും. കൂട്ടുകാർക്കും ഒന്നിച്ചിരുന്ന് ഇതേക്കുറിച്ച് ചർച്ച ചെയ്യാം.

ഇനി ഒരു ഭാഗവതകഥ കേട്ടോളൂ.

ബകവധമാകട്ടെ ഇന്നത്തെ വിഷയം. ബകൻ ആരെന്നറിയാൻ തിടുക്കമായോ കൂട്ടുകാർക്ക്. പൂതനയുടെ സഹോദരനാണ് ഈ രാക്ഷസൻ. കംസൻ തന്റെ സഹോദരീ പുത്രനായ ശ്രീകൃഷ്ണനെ കൊല്ലാൻ നിയോഗിച്ച രാക്ഷസനായിരുന്നു ബകൻ. ഒരു ദിവസം ബകൻ ഒരു വലിയ പക്ഷിയുടെ രൂപം പൂണ്ട് വൃന്ദാവനത്തിലെത്തി. ഒരു ചത്ത പക്ഷിയെപ്പോലെ അവിടുത്തെ പുൽപ്പരപ്പിൽ കിടന്നു കൃഷ്ണനും കൂട്ടുകാരും വലിയ സഹതാപത്തോടെ അതിന്റെ അരികിലെത്തി. കള്ളകൃഷ്ണനുണ്ടോ വിടുന്നു. ഭഗവാന് കാര്യം മനസ്സിലായി. തന്നെ കൊല്ലാൻ കംസൻ നിയോഗിച്ച ആ പക്ഷിയുടെ അടുത്തെത്തിയ കൃഷ്ണൻ കണ്ടത് തന്നെ വിഴുങ്ങാൻ തയ്യാറായി കിടക്കുന്ന പക്ഷിയെയാണ്. ഒരു നിമിഷം കൊണ്ട് പക്ഷി കൃഷ്ണനെ അപ്പാടെ വിഴുങ്ങി. അതോടെ കഠിനമായ ചൂടുകൊണ്ട് പക്ഷി വിഷമിച്ചു . കൃഷ്ണനെ പുറത്തേക്കാക്കാൻ ശ്രമിച്ചു. പുറത്തേയ്ക്ക് കടക്കവേ ആ വന്യജീവി തന്റെ ഭീമാകാരമായ കൊക്കുകൊണ്ട് ഭഗവാനെ കൊത്തിക്കീറാൻ ശ്രമിച്ചു. ശ്രീകൃഷ്ണൻ ആ പക്ഷിയുടെ കൊക്കുകൾ തന്റെ കൈകൾ കൊണ്ട് രണ്ടായി പിളർന്നു. ബകൻ വലിയൊരു രാക്ഷസരൂപം പൂണ്ട് നിലം പതിച്ചു.

നേരം വെളുത്ത് വെളിച്ചമായി
കൂരിരുൾ എല്ലാം അകലെയായി
സൂര്യനുദിച്ചു ജഗത്തിലെല്ലാം
ചാരുപ്രകാശം തിരയടിച്ചു
ആലസ്യ നിദ്രയിൽ നിന്നിനിയും
ലോകമുണർന്നിട്ടില്ലെന്തു ചെയ്യും
ജോലിത്തിരക്കുകൾ വാരിയേകും
കാലത്തിൻ യാനത്തിനില്ലമാന്തം
ഇന്നലെക്കണ്ടതല്ലിന്നുലോകം
നിത്യം ചലനം പുരോഗമനം
എത്തിപ്പിടിക്കുവാനുദ്യമിപ്പൂ
അന്തരമന്തരം നമ്മൾ കാണും
എന്തിലും കണ്ടിടാമീവിശേഷം●

## നായർ സ്ത്രീസമാജത്തിലെ 2017 ജനുവരി മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 17.01.2017 (ചൊവ്വാഴ്ച) | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 p.m. |
| 10.01.2017 (ചൊവ്വാഴ്ച) | തിരുവാതിര ഉറക്കമിളപ്പ് | 7.30 p.m. |

രാഗപരിചയം



# ലതാംഗി

ഡോ. ജയലക്ഷ്മി നന്ദകുമാർ

കർണ്ണാടക സംഗീതത്തിനു യോജിച്ച ഒരു രാഗമാണ് ലതാംഗി. 63 ാമത്തെ മേളകർത്താ രാഗമായ ലതാംഗി ഒരു പ്രതിമദ്ധ്യമ രാഗമാണ്. ദീക്ഷിതർ സമ്പ്രദായത്തിൽ ഈ രാഗത്തെ ഗീതപ്രിയ എന്നു വിളിക്കുന്നതായി പറയപ്പെടുന്നു. 72 മേളകർത്താ പട്ടികയിൽ 11-ാമത്തെ ചക്രമായ 'രുദ്ര'യിൽ 3-ാമത്തെ രാഗമാണ് ലതാംഗി. അതിനാൽ ഈ രാഗത്തിന്റെ സാങ്കേതിക നാമം 'രുദ്രഗോ' എന്നാകുന്നു സമ്പൂർണ്ണരാഗം

ആരോഹണം : സ രി ഗ മ പ ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു.ശ്രുതി രിഷഭം, അന്തരഗാന്ധാരം, പ്രതിമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, കാകളി നിഷാദം

ലതാംഗി രാഗത്തിന്റെ പൂർവ്വാംഗം (സ രി ഗ മ) കല്ല്യാണി രാഗത്തിന്റെ സ്വരങ്ങളും ഉത്തരാംഗം (പ ധനിസ) പന്തുവരാളി രാഗത്തിന്റെയും ആകുന്നു. ലതാംഗി രാഗത്തിന്റെ ശുദ്ധമദ്ധ്യമ രാഗമാണ് സരസാംഗി. വിസ്തരിച്ച് ആലപിക്കാവുന്ന ഒരു രാഗമാണിത്. ഏതുസമയത്തും ആലപിക്കാമെങ്കിലും രാത്രി സമയം കൂടുതൽ അഭികാമ്യമായി പറയുന്നു.

ഭക്തിഭാവമാണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്നത്. വളരെയധികം കൃതികളും ഗാനങ്ങളും ഈ രാഗത്തിൽ ഇല്ലെങ്കിലും ഒരു പ്രമുഖ രാഗമാണ് ലതാംഗി. ചിത്രചന്ദ്രിക, ഹംസലത, ലളിതാംഗി, രവിസ്വരുപിണി തുടങ്ങിയവ ലതാംഗി രാഗത്തിന്റെ ജന്യരാഗങ്ങളാണ്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1) അപരാധമുലൻ | ആദി | പട്ടണം സുബ്രഹ്മണ്യഅയ്യർ |
| 2) മറിവേറെ | ഖണ്ഡചാപ്പ് | പട്ടണം സുബ്രഹ്മണയ്യർ |
| 3) താമ്രലോചനീ | ആദി | Dr.M. ബാലമുരളി കൃഷ്ണ |
| 4) കൈകൂടാ | ഝംപ | കോടീശ്വരഅയ്യർ |
| 5) ദിനമേ സുദിനമു | മിശ്രചാപ്പ് | ത്യാഗരാജസ്വാമി |
| 6) പിറവാവരം താരും | ആദി | പാപനാശം ശിവൻ |

(ഈ കൃതി നന്ദനാർ എന്ന തമിഴ് ചിത്രത്തിൽ ശ്രീ M.M ദേശികൾ ആലപിച്ച് അനശ്വരമാക്കിയിട്ടുണ്ട്).

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1) പാദസമരണ സുഖം | സല്ലാപം |
| 2) കമനീയ കേരളമേ | വിയർപ്പിന്റെ വില |
| 3) ആടാദ മനമും ഉണ്ടോ | മന്നാധി മന്നൻ |
| 4) മായാമാളവഗൗള രാഗം (തുടക്കം) | സ്വത്ത് |
| 5) ഗണനാഥനെ വരുഗ | അവ്വയാർ |

## വുമൺസ് ഫോറം 2017 ജനുവരി മാസത്തെ പരിപാടി

| തീയതി | വിഷയം | സമയം | അവതാരക |
|---|---|---|---|
| 16.01.2017 | "Computer and Social media Awareness Programme" | 4 pm | Joshila Ramesh |

വാസ്തു



# മുറികളുടെ സ്ഥാനം തെറ്റരുത്

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദ്ഗദ്ധൻ

ഇന്നലെ എറണാകുളം കരയോഗ വുമായി ബന്ധപ്പെട്ട ഒരാളുടെ 3 കൊല്ലം പഴക്കമുള്ള ഒരു വീട്ടിൽ പോകേണ്ടതായി വന്നു. അവിടുത്തെ കാര്യങ്ങൾ വളരെ കഷ്ടമാണ്. കിട്ടുന്ന പൈസ മുഴുവൻ മരുന്നിനായി ചിലവു വരുന്നു.

വീടിന്റെ മുഖം പടിഞ്ഞാറോട്ട്. പടിഞ്ഞാറോട്ട് രണ്ട് വാതിലുണ്ട്. ഒന്ന് പടിഞ്ഞാറു വടക്കും, മറ്റേതു പടിഞ്ഞാറ് തെക്കും. തെക്കു പടിഞ്ഞാറ് കോണിക്കടിയിൽ കൂടിയാണ് പടിഞ്ഞാറു തെക്കു വാതിലിന്റെ പ്രവേശനം കോണിയുടെ ആദ്യത്തെ ലാൻഡിങ്ങിന്റെ അടിയിൽ കൂടിയാണ് വാതിൽ. ആ ഭാഗം 20 സെ.മി താഴ്ത്തിയാണ് ഇട്ടിരിക്കുന്നത്. തലമുട്ടാതെ ലാൻഡിങ്ങിന്റെ അടിയിൽ കൂടി പ്രവേശനം കിട്ടുന്നതിനാണ് അങ്ങിനെ ചെയ്തിരി ക്കുന്നത്. ഈ വാതിൽപടി മുകളിലേക്ക് പോയാൽ മുകൾവശം വാടകക്കു കൊടുക്കുവാൻ കഴിയും.

ഈ വാതിൽ വീടിന്റെ പടിഞ്ഞാറ് തെക്കാണ്. യാതൊരു കാരണവശാലും അവിടെ വാതിൽ വരുവാൻ പാടില്ല. യാതൊരു കാരണവശാലും ഒരു മുറിയുടെയും തെക്കു പടിഞ്ഞാറു ഭാഗത്ത് പുറത്തേക്ക് വാതിൽ അരുത്.

Stair landing താഴ്ന്നു കിടക്കു ന്നതുകൊണ്ട് ഈ ഭാഗത്ത് നിലം താഴ്ന്ന് കിടക്കുന്നു. ഒരു വീടിന്റെയും തെക്കു പടി ഞ്ഞാറ് മുറി ഒരിക്കലും താഴ്ന്നു കിടക്കരുത്. തെക്കു പടിഞ്ഞാറ് മുറി താഴ്ന്നു കിടന്നാൽ ആ വീട്ടിൽ ഒരിക്കലും സമാധാനം ഉണ്ടാകുന്ന തല്ല.

വീടിന്റെ വടക്കു കിഴക്ക് ഭാഗത്ത് ചെറിയ ഒരു മുറി ടശിസ, ണമവെശിഴ ാമരവശില മുതലായവക്ക് ഉപയോഗിക്കുന്നു. അതിനു പടിഞ്ഞാറാണ് അടുക്കള. അടുക്കളയുടെ കിഴക്ക് മുറി വന്നതുകൊണ്ട് അവിടെ കിഴക്കോട്ട് ജനാല ഇല്ലാത്തതുകൊണ്ടും അടുക്കളയിലേക്ക് ഉദയം വരുന്നില്ല. ഉദയം വരാത്ത അടുക്കളയാണെങ്കിൽ വേണ്ട സമയത്ത് ആർക്കും ശരിയായ തീരുമാനം എടുക്കുവാൻ കഴിയില്ല.

ഗേറ്റ് പടിഞ്ഞാറ് വടക്കാണ്. അതിന്റെ മുൻവശത്ത് വീടിന്റെ വടക്ക് പടിഞ്ഞാറ് താമരക്കുളം. വീടിന്റെ വടക്ക് പടിഞ്ഞാറ് കുളം നല്ലതല്ല.

പറമ്പിന്റെ തെക്കുവശം വടക്കിനെക്കാൾ 3 മീറ്റർ കിഴക്കോട്ട് തള്ളി നില്ക്കുന്നു. വീടിന്റെ കിഴക്കുവശം പറമ്പ് വടക്കു ഒരു മീറ്ററും തെക്ക് നാലരമീറ്ററും സ്ഥലം ഉണ്ട്. വടക്കു സ്ഥലം കുറഞ്ഞ് തെക്കു കൂടുമ്പോൾ വടക്കു കിഴക്ക് മുറിഞ്ഞു പോകുന്നു. വടക്കു കിഴക്കു മുറിയുന്നതു ഒരിക്കലും നല്ലതല്ല.

താഴെ പറയുന്ന കാര്യങ്ങൾ ഉടനെ ചെയ്യുന്നതിന് ഏർപ്പാടാക്കിയാണ് ഞാൻ പോന്നത്. മകരം 1 ാം തീയതി മുതൽ ഉത്തരായനം തുടങ്ങുന്നതുകൊണ്ട് അതിനു മുൻപ് പണി തീർക്കണം.

ആദ്യമായി വീടിന്റെ തെക്കു പടിഞ്ഞാറ് വാതിൽ അടച്ചു കെട്ടി ആ ഭാഗത്ത് നിലം ഉയർത്തണം. അടുക്കളയിൽ നിന്നും കിഴക്കോട്ട് ചുമരിൽ മദ്ധ്യത്തിന് വടക്ക് ഒരു ചെറിയ ജനാല വെച്ച് ഉദയം അടുക്കളയിലേക്ക് വരണം. കിഴക്കു വടക്ക് ഗ്രിൽ ആയതുകൊണ്ട് ഉത്തരായാനത്തു ഉദയം അടുക്കളയിലേക്ക് വരുന്നതാണ്. താമരക്കുളം വടക്കു കിഴക്കോട്ട് മാറ്റണം.

കിഴക്കുവശം തെക്ക് കിഴക്കോട്ട് തള്ളി നില്ക്കുന്നതുകൊണ്ട് വടക്കു കിഴക്കെ മൂലയിൽ നിന്നു തെക്കോട്ട് ഒരു മതിൽ വീടിന് സമാന്തരമായി കെട്ടണം. ഉയരം 18 സെ.മി മതി. ഈ കുട്ടി മതിലും വീടും തമ്മിലുള്ള അകലം തെക്കും വടക്കും സമമായിരിക്കണം. ഈ മതിലിന്റെ കിഴക്കുവശം ഒരു സെ.മീറ്റർ താഴ്ന്നിരിക്കണം.

ഓർമ്മിക്കിക ഃ കണക്കു തെറ്റിയാലും സ്ഥാനം തെറ്റരുത്●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരി ക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം



ശ്രീകുമാരി രാമചന്ദ്രൻ

### 8) രാജശേഖരവർമ്മൻ അഥവാ ചേരമാൻ പെരുമാൾ

ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ, രണ്ടാം ചേരസാമ്രാജ്യത്തിന്റെ രണ്ടാമത്തെ ഭരണാധികാരിയായിട്ടാണ് നാം ചേരമാൻ പെരുമാളിനെ കാണുന്നത്. മറിച്ച്, രണ്ടാം ചേരരാജകുലത്തിന്റെ സ്ഥാപകനാണ് ചേരമാൻ പെരുമാൾ എന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. എ.ഡി. 800 നും 844 നുമിടക്കാണ് രണ്ടാം ചേരസാമ്രാജ്യത്തിന്റെ രൂപീകരണമുണ്ടായത്. എ.ഡി. 825 ഇദ്ദേഹത്തിന്റെ സുവർണകാലഘട്ടമായി കണക്കാക്കപ്പെടുന്നു. കൊല്ലവർഷം എന്ന് അറിയപ്പെടുന്ന മലയാളം കലണ്ടറിന് ആരംഭം കുറിച്ചതും ഈ കാലഘട്ടത്തിലാണ്.

രാജശേഖരവർമൻ, രാമരാജശേഖരൻ, ചേരമാൻ പെരുമാൾ, പരമേശ്വര ഭട്ടാരകർ തുടങ്ങി പല പേരുകളിൽ ചരിത്രം ഇദ്ദേഹത്തെ സംബോധന ചെയ്യുന്നു. പുരാവസ്തു ഗവേഷകർ കേരളത്തിൽ നിന്നു വീണ്ടെടുത്ത ആദ്യശിലാശാസനമാണ് വാഴപ്പള്ളി ഫലകങ്ങൾ! വാഴപ്പള്ളി ശാസനം പുറപ്പെടുവിച്ചത് ചേരമാൻ പെരുമാളാണെന്ന് വിശ്വസിക്കപ്പെടുന്നു. റോമാസാമ്രാജ്യത്തിൽ പ്രചരിച്ചിരുന്ന ദിനേരിയസ് എന്ന നാണയങ്ങളെക്കുറിച്ച് ഇതിൽ സൂചനയുണ്ട്. ചേരമാൻ പെരുമാളിന്റെ 'ഭരണകാലം ഹൈന്ദവ ക്ഷേത്രങ്ങളുടെ സുവർണ്ണദശയായിരുന്നു. സാമൂഹ്യസാംസ്കാരിക മേഖലകളിൽ ക്ഷേത്രങ്ങൾക്ക് ഏറെ പ്രാധാന്യം ലഭിച്ചതും ഇക്കാലത്താണ്. തികഞ്ഞ ശിവഭക്തനായ പെരുമാൾ തന്റെ സാമ്രാജ്യത്തിൽ അനേകം ശിവാലയങ്ങൾ നിർമ്മിച്ചു. സുഹൃത്തായ സുന്ദരമൂർത്തി നായനാരോടൊപ്പം അദ്ദേഹം ദക്ഷിണേന്ത്യയിലൊട്ടാകെ സഞ്ചരിക്കുകയും പ്രമുഖ ശിവക്ഷേത്രങ്ങളിൽ ദർശനം നടത്തുകയും ചെയ്തു. തീർത്ഥാടനത്തിനിടയിൽ പെരുമാളും സുഹൃത്തും തിരുവഞ്ചിക്കുളം ശിവക്ഷേത്രത്തിൽ ദർശനം നടത്തി. ഇവിടെവെച്ചാണ് ഇരുവരുടെയും ദേഹത്യാഗമുണ്ടായതത്രേ!

അദ്വൈതസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ശ്രീശങ്കരാചാര്യർ ചേരമാൻ പെരുമാളിന്റെ സമകാലികനായിരുന്നു. അദ്ദേഹത്തിന്റെ ശിവാനന്ദലഹരി എന്ന കൃതിയിൽചേരചക്രവർത്തിയായ രാജശേഖരനെക്കുറിച്ചു പരാമർശിച്ചുകാണാം. മാധ്വാചാര്യരുടെ ശങ്കരവിജയത്തിലും രാജശേഖരനെക്കുറിച്ച് പറയുന്നുണ്ട്.

### 9) ദണ്ഡി അടികൾ

നായനാർ പരമ്പരയിലെ മുപ്പത്തിയൊന്നാമനായിരുന്നു ദണ്ഡി അടികൾ. ചോളസാമ്രാജ്യത്തിലെ തിരുവാരൂർ എന്ന ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. ജന്മനാഅന്ധനായിരുന്നെങ്കിലും അനിതരസാധാരണമായഉൾക്കാഴ്ചയുണ്ടായിരുന്നതിനാൽ ബാല്യത്തിൽത്തന്നെ 'ഭഗവാൻ പരമേശ്വരനിൽ അചഞ്ചലമായ' ഭക്തിയുദിച്ചു. അതോടെ തിരുവാരൂർ ശിവക്ഷേത്രത്തിൽ നിത്യദർശനം ശീലമാക്കി. ശിവപഞ്ചാക്ഷരം ജപിച്ചുകൊണ്ടാണ് ക്ഷേത്രത്തിനു വലം വെക്കുക. തിരുവാരൂർ ഗ്രാമം അക്കാലത്ത് ജൈനരുടെ ഒരു കേന്ദ്രമായിരുന്നു. ക്ഷേത്രക്കുളത്തിന്റെ സമീപത്തായി അനേകം ജൈനകുടുംബങ്ങൾ വസിച്ചു പോന്നു. പൊതുവെ ശാന്തശീലരായ അവർ ക്ഷേത്രക്കുളം മലിനപ്പെടുത്തുകയോ ക്ഷേത്രകാര്യങ്ങളിലിടപെടുകയോ പതിവില്ലായിരുന്നു. എങ്കിലും കുളത്തിലെ ജലം കലങ്ങിയും പായൽ നിറഞ്ഞും കിടന്നു. ദണ്ഡി അടികൾ കുളം തേകി വൃത്തിയാക്കാനുറച്ചു. അദ്ദേഹം കയറും മുളയും ഉപയോഗിച്ച് ചില സംവിധാനങ്ങളുണ്ടാക്കി. അന്ധനെങ്കിലും ഈ സംവിധാനങ്ങളെ ആശ്രയിച്ചുകൊണ്ട് സ്വയം കുളത്തിലിറങ്ങി. തൂമ്പാകൊണ്ട് പായലും ചളിയും വാരി കുളത്തിനു വെളിയിലേക്കെറിയാൻ തുടങ്ങി.സമീപവാസികളായ ജൈനർക്ക് അടികളുടെ പ്രവൃത്തി അശേഷം രുചിച്ചില്ല. കുളത്തിലെ ജീവികൾക്കു ജീവഹാനി നേരിടുമെന്ന് അവർ ഭയന്നു. ഒരു ഉറുമ്പിനെപ്പോലും നോവിക്കരുതെന്നാണല്ലോ ജൈനമതം നിഷ്കർഷിക്കുന്നത്! അവർ കൂട്ടത്തോടെ ചെന്ന് അടികളെ എതിർത്തു. അവരിൽ ചിലർ അദ്ദേഹത്തെ പരിഹസിച്ചു. അന്ധനായ ഒരാൾ

തനിച്ച് ഒരു വലിയ കുളം വൃത്തിയാക്കുന്നതിലുള്ള അർത്ഥശൂന്യതയെ ചൂണ്ടിക്കാട്ടി. 'ഓം നമ:ശിവായ' എന്നു മാത്രമായിരുന്നു അടികളുടെ മറുപടി. 'താങ്കളുടെ' ഭഗവാൻ താങ്കൾക്കു കാഴ്ച നൽകുമെന്ന് ഞങ്ങൾ കരുതുന്നില്ല. അങ്ങിനെ കാഴ്ച കിട്ടി താങ്കളൊറ്റക്ക് ഈ ഉദ്യമത്തിൽ ഏർപ്പെട്ടു വിജയിച്ചാൽ ഞങ്ങൾ ഈ സ്ഥലം വിട്ടുപോയേക്കാം!' അവർ പന്തയം വെച്ചു. അടികൾ തന്റെ ഉപാസന മൂർത്തിയെ പ്രാർത്ഥിച്ചു. ഉടൻതന്നെ അദ്ദേഹത്തിനു കാഴ്ച ലഭിക്കുകയും എതിരാളികൾക്കു കാഴ്ച നഷ്ടപ്പെടുകയും ചെയ്തു എന്ന് ഒരു ഐതിഹ്യം ഉദ്ഘോഷിക്കുന്നു. ചോളരാജാവിന് ഭഗവാന്റെ സ്വപ്നദർശനമുണ്ടായെന്നും അതനുസരിച്ച് രാജാവാണ് ആളുകളെ അയച്ചു കുളം വൃത്തിയാക്കിയതെന്നും മറ്റൊരൈതിഹ്യമുണ്ട്. അദ്ദേഹം സ്വയം കുളക്കരയിൽ നിന്നുകൊണ്ട് മേൽനോട്ടം വഹിച്ചുവെന്നും കുളം വൃത്തിയായി പുതുവെള്ളം ഉറപൊട്ടിയതിനൊപ്പം അടികൾക്കു കാഴ്ച ലഭിച്ചുവെന്നും ഈ ഐതിഹ്യം എടുത്തുപറയുന്നു. രാജകൽപന പ്രകാരം കുളം തേകി വറ്റിച്ചയുടൻ അടികൾക്കു കാഴ്ച ലഭിക്കുകയാണത്രേ ഉണ്ടായത്! അതോടെ ജൈനരുടെ കാഴ്ച ഇല്ലാതാകുകയും ചെയ്തു. രാജകോപവും ഈശ്വരകോപവും 'ഭയന്ന് ജൈനർ രായ്ക്കുരാമാനം തിരുവാരൂര് നിന്ന് ഒഴിഞ്ഞുപോകുകയും ചെയ്തു. തിരുവാരൂർ ശിവക്ഷേത്രത്തിലും മറ്റു പല ക്ഷേത്രങ്ങളിലും പൈങ്കുനി മാസത്തിലെ ചതയം നാൾ ദണ്ഡി അടികളുടെ സ്മരണാർത്ഥം ഗുരുപൂജാദിനമായി ആചരിച്ചു പോരുന്നു.

## 10) ഏനാതിനാഥ നായനാർ

ചോഴനാട്ടിലെ എയിന്നൂർ എന്ന് ഗ്രാമത്തിലാണ് ഏനാതിനാഥർ ജനിച്ചത്. ശാന്റാർ കുലത്തിൽ ജനിച്ച അദ്ദേഹം ആയോധനകലയിൽ സമർത്ഥനായിരുന്നു. രാജകുടുംബത്തിലെ പുരുഷന്മാരെ അദ്ദേഹം ആയോധനമുറകൾ അഭ്യസിപ്പിച്ചു പോന്നു. ലഭിച്ചിരുന്ന വേതനം മഹാദേവനും ശിവയോഗികൾക്കും വേണ്ടി ഉപയോഗിക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തി. ഏവരുടെയും സ്നേഹബഹുമാനങ്ങൾക്കു പാത്രമായ ഏനാതിനാഥരിൽ അസൂയ തോന്നിയ അതിശൂരൻ എന്നൊരു യോദ്ധാവുണ്ടായിരുന്നു. ഏനാതിനാഥരെ പരാജയപ്പെടുത്തി മഹാരാജാവിന്റെ പ്രീതി സമ്പാദിക്കുക എന്നു തീർച്ചപ്പെടുത്തിയ അയാൾ ഏനാതിനാഥരുമായി അങ്കം കുറിച്ചു. അങ്കത്തിൽ പരാജയപ്പെട്ടെങ്കിലും അയാൾ പിൻമാറിയില്ല. വഞ്ചനയിലൂടെ കാര്യം സാധിക്കാമെ ന്ന വിശ്വാസത്തിൽ അതിശൂരൻ ഏനാതിനാഥരുടെ ശിവഭക്തിയെ മുതലെടുക്കാനുറച്ചു. നെറ്റിയിലും മാറത്തും വിഭൂതിയണിഞ്ഞുകൊണ്ട് ഒരു ശിവഭക്തന്റെ മട്ടിൽ അയാൾ ഏനാതിനാഥരെ സമീപിച്ചു. തിന്മകൾ വെടിഞ്ഞ് ശിവമാർഗത്തിലേക്കു തിരിഞ്ഞ അതിശൂരനെക്കണ്ടു നായനാർ സന്തുഷ്ടചിത്തനായി. ശിവഭക്തനു നേരെ വാളുയർത്തുകയില്ല എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ ആയുധങ്ങൾ ദൂരെയെറിഞ്ഞു. എന്നാൽ അടുത്തനിമിഷം അദ്ദേഹത്തിന് ഒരു വീണ്ടുവിചാരമുണ്ടായി. 'നിരായുധനായ എന്റെ നേർക്ക് ശിവഭക്തനായ അതിശൂരൻ വാളുയർത്തിയാൽ, അദ്ദേഹത്തെ ലോകം വഞ്ചകനെന്നു മുദ്രകുത്തും. അതു ശിവപെരുമാൾക്ക് ഇഷ്ടപ്പെടുകയില്ല. അതിനാൽ ഞാൻ സ്വയം മരിച്ചേക്കാം,' എന്നു കരുതി നായനാർ വാളെടുത്തു സ്വന്തം കഴുത്തിനു നേർക്കു വീശി. പൊടുന്നനെ പരമശിവൻ പ്രത്യക്ഷപ്പെട്ടു. 'നാം നടത്തിയ പരീക്ഷയിൽ താങ്കൾ വിജയിച്ചിരിക്കുന്നു. എക്കാലവും നമ്മുടെ ഭക്തനായി ജീവിക്കുക,' എന്നനുഗ്രഹിച്ചതിനു ശേഷം ഭഗവാൻ അപ്രത്യക്ഷനായി.ശിവപെരുമാളെയും അവിടുത്തെ ഭക്തരെയും സേവിച്ചു സുദീർഘമായ ഒരു ജീവിതം നയിച്ചശേഷം ഏനാതിനാഥർ ശിവലോകം പൂകിയതായി സുന്ദരമൂർത്തി നായനാരുടെ ഗ്രന്ഥം വെളിപ്പെടുത്തുന്നു.

## 11 എറിപത്തനായനാർ

ചോളനാട്ടിലെ കരുവൂർ എന്ന ഗ്രാമത്തിലാണ് എറിപത്തനായനാർ ജന്മമെടുത്തത്. ബാല്യം മുതൽക്കേ ഗ്രാമത്തിലെ തിരുആനിലൈ എന്ന ശിവക്ഷേത്രത്തിലെ നിത്യസന്ദർശകനായിരുന്നു അദ്ദേഹം. കയ്യിൽ സദാസമയവും ഒരു മഴു കരുതുന്ന ശീലമുണ്ടായിരുന്നു. ശിവഭക്തർക്ക് എന്താപത്തുണ്ടായാലും തക്കസമയത്ത് അവർക്കു സഹായം ചെയ്യുകയെന്നതും അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. ഈ സ്വഭാവത്തെ വ്യക്തമാക്കുന്ന ഒരു കഥയുണ്ട്. ഗ്രാമത്തിൽ ശിവകാമിആണ്ടാർ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. തികഞ്ഞ ശിവഭക്തനായ അദ്ദേഹം നിത്യവും ക്ഷേത്രത്തിലേക്കാവശ്യമായ പൂക്കൾ ശേഖരിച്ചു നൽകാനും മാലകൾ കോർത്തു സോപാനത്തിൽ സമർപ്പിക്കാനും ശ്രദ്ധവെച്ചു. സദാസമയവും ശിവനാമം ജപിച്ചുകൊണ്ടുള്ള ജീവിതം ! ഒരുനാൾ പൂജാപുഷ്പങ്ങൾ ശേഖരിച്ച് ക്ഷേത്രത്തിലേക്കു വരുന്ന വഴി രാജകൊട്ടാരത്തിലെ ഗജരാജൻ മദമിളകിയോടി ശിവകാമിയാണ്ടാരെ ആക്രമിച്ചു. കയ്യിലെ പൂക്കൾ മണ്ണിലേക്കു തെറിച്ചു വീണെങ്കിലും ആണ്ടാർ ജീവൻ രക്ഷിച്ചുകൊണ്ട് ക്ഷേത്രത്തിലേക്കോടിക്കയറി. ഭഗവാന്റെ വിഗ്ര

ഹത്തെ അലങ്കരിക്കേണ്ട പുഷ്പങ്ങൾ ആനയുടെ പാദങ്ങൾക്കടിയിൽപ്പെട്ടു ചതഞ്ഞരഞ്ഞതിൽ മനം നൊന്ത അദ്ദേഹം കരയാൻ തുടങ്ങി. ആ സമയം എറിപത്തനായനാർ അമ്പലത്തിലുണ്ടായിരുന്നു. വിവരമറിഞ്ഞ അദ്ദേഹം കോപാകുലനായി. അദ്ദേഹം മഴുവാങ്ങിക്കൊണ്ട് പുറത്തേക്കോടി. ആനയെ മഴുകൊണ്ടടിച്ചു വീഴ്ത്തി. ആന തൽക്ഷണം മരിച്ചു. ആനയെ ശ്രദ്ധിക്കാതെ സകല അതിക്രമങ്ങൾക്കും വഴിവെച്ച ആനക്കാരെയും വകവരുത്തി. രാജാവിനു വിവരം കിട്ടി.

'നാമിപ്പോൾത്തന്നെ ആ ഘാതകനെ വധിക്കുന്നതാണ്,' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം സൈന്യസമേതം ക്ഷേത്രത്തിലേക്കു തിരിച്ചു. എന്നാൽ നായനാരെക്കണ്ടതും രാജാവിന്റെ മനസുമാറി. ആനക്കും ആനക്കാർക്കും വേണ്ടി അദ്ദേഹം ക്ഷമായാചനം ചെയ്തു. കുറ്റമെല്ലാം താനേറ്റെടുക്കുകയാണെന്നും ശിക്ഷയായി തന്റെ ശിരസു ഛേദിച്ചു കളയണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹം സ്വന്തം വാളെടുത്ത് നായനാർക്കു നൽകി.
'ഛേദിക്കേണ്ടത് അങ്ങയുടെ ശിരസല്ല; എന്റേതാണ്,' എന്നു പറഞ്ഞുകൊണ്ട് നായനാർ വാൾ സ്വന്തം കഴുത്തിനുനേർക്കു വീശി. തൽസമയം ഒരു അശരീരിയുണ്ടായി. 'രണ്ടുപേരുടെയും ഭക്തിയെ ഒന്നു പരീക്ഷിക്കുകയായിരുന്നു നമ്മുടെ ലക്ഷ്യം! മതി രണ്ടുപേരും പരീക്ഷയിൽ വിജയിച്ചിരിക്കുന്നു!' ഇതായിരുന്നു അശരീരി വാക്യം! ഇതു ഭഗവാൻ അരുളിചെയ്തതാണെന്നു എല്ലാവർക്കും ബോദ്ധ്യമായി. ആനയും ആനക്കാരും ശിവകാമിയാണ്ടാരും പഴയതുപോലെ തന്നെ കാണപ്പെടുകയും ചെയ്തു. ഇപ്രകാരം ശിവനെയും ശിവഭക്തരെയും സേവിച്ചുകൊണ്ടു സുദീർഘമായ ഒരു ജീവിതം നയിച്ച ശേഷം എറിപത്തനായനാർ സ്വർഗം പൂകിയതായി സുന്ദർമൂർത്തി നായനാർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 12) ഏയർകോൻ കലിക്കാമനായനാർ

ചോളനാട്ടിലെ തൃപ്പമംഗലം എന്ന ഗ്രാമത്തിൽ വേളാളർ കുലത്തിലാണ് കലിക്കാമർ ജനിച്ചത്. തൃപ്പങ്കൂർ എന്ന ക്ഷേത്രത്തിലെ പ്രതിഷ്ഠയായ തൃപ്പങ്കൂരപ്പനായിരുന്നു അദ്ദേഹത്തിന്റെ ഉപാസനാമൂർത്തി. ചില തെറ്റിദ്ധാരണകൾ മൂലം കലിക്കാമർക്ക് സുന്ദരമൂർത്തി നായനാരോട് നീരസമുണ്ടായി. ഒരു യുവതിക്കു വേണ്ടി ഈശ്വരനെ ദൂതനാക്കി എന്ന കാരണത്താലാണ് സുന്ദരമൂർത്തിയെ കലിക്കാമർ വിമർശിച്ചത്. വിവരമറിഞ്ഞ സുന്ദരമൂർത്തിനായനാർ ദു:ഖിതനായി. ഭക്തന്റെ ദു:ഖം മനസ്സിലാക്കിയ ഭഗവാൻ ഇതിനൊരു പരിഹാരം കാണാനുറച്ചു. അവിടുത്തെ ഇടപെടൽ മൂലം കലിക്കാമർക്ക് ചൂടുവ്യാധി (വാതം) പിടിപെട്ടു. വ്യാധിയിൽ വിവശനായ കലിക്കാമർ ശിവനെ സ്തുതിച്ചു. ഒരു ദിവസം അദ്ദേഹത്തിനു സ്വപ്നദർശനമുണ്ടായി. വ്യാധി മാറ്റാൻ സുന്ദരമൂർത്തിക്കു മാത്രമേ കഴിയൂ എന്ന് അരുളിചെയ്തുകൊണ്ട് ഭഗവാൻ അപ്രത്യക്ഷനായി സുന്ദരമൂർത്തിയുടെ സഹായം തേടുന്നതിലും ഭേദം വ്യാധി സഹിക്കുന്നതാണ് എന്നു കലിക്കാമർ നിശ്ചയിച്ചു. ഇതിനിടെ ഭഗവാൻ സുന്ദരമൂർത്തിക്കും സ്വപ്നദർശനം നൽകി; 'കലിക്കാമരുടെ വ്യാധി മാറ്റുക,' എന്നു കൽപിച്ചു. സുന്ദരമൂർത്തി അതു പ്രകാരം കലിക്കാമരുടെ ഭവനത്തിലേക്കു പുറപ്പെട്ടു. വിവരം കിട്ടിയ കലിക്കാമർ വാളെടുത്ത് വയറ്റിലേക്കു കുത്തി. ഇതുകണ്ട് അദ്ദേഹത്തിന്റെ പത്നി ജീവിതമവസാനിപ്പിക്കാൻ തുനിഞ്ഞു. അതിനിടെ സുന്ദരമൂർത്തി എത്തി. നടന്ന സംഭവങ്ങളെക്കുറിച്ചു കേട്ടതും അദ്ദേഹം ദു:ഖിതനായി. കലിക്കാമരെ സുഖപ്പെടുത്താൻ കഴിയാത്തതിൽ മനംനൊന്ത സുന്ദരമൂർത്തി വാളെടുത്ത് സ്വന്തം കഴുത്തിനു നേർക്കു വീശി. ഉടൻ തന്നെ ശിവപെരുമാൾ പ്രത്യക്ഷപ്പെടുകയും കലിക്കാമരെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. തെറ്റിദ്ധാരണ നീങ്ങിയ കലിക്കാമർ സുന്ദരമൂർത്തിയുടെ പാദത്തിൽ വീണു നമസ്കരിച്ചു. സുന്ദരമൂർത്തി കലിക്കാമരെ ആലിംഗനം ചെയ്തു. ഇരുവരും തൃച്ചങ്കൂർ ശിവക്ഷേത്രത്തിൽ ദർശനം നടത്തുകയും തിരുപ്പതികം ആലപിക്കുകയും ചെയ്തു. കുറച്ചുനാൾ സുന്ദരമൂർത്തിയോടൊപ്പം അവിടെ തങ്ങിയതിനുശേഷം കലിക്കാമർ നാട്ടിലേക്കു മടങ്ങി. തുടർന്നുള്ള കാലം ശിവോപാസനക്കു സമർപ്പിച്ച എയർകോൻ കലിക്കാമനായനാർ ദീർഘമായ ഒരു ജീവിതം നയിച്ചതിനുശേഷം ശിവപാദം പൂകി എന്ന് സുന്ദരമൂർത്തി നായനാരുടെ ഗ്രന്ഥം വെളിപ്പെടുത്തുന്നു.

## 13) ഗണനാഥ നായനാർ

നായനാർ പരമ്പരയിലെ മുപ്പത്തേഴാമനായ ഗണനാഥർ അഥവാ ഗണനാഥനായനാർ ശീർക്കാഴിയിലെ ഒരു ബ്രാഹ്മണ കുടുംബത്തിലാണു ജനിച്ചത്. ശീർക്കാഴി മഹാക്ഷേത്രത്തിലെ പ്രധാന ദേവനായ തിരുത്തോണിയപ്പർ ഗണനാഥരുടെ ഉപാസനാമൂർത്തിയായിരുന്നു. ക്ഷേത്രത്തിൽ വസിച്ച് ഭഗവാനു വേണ്ടുന്നതായ സേവ ചെയ്യുന്നതിൽ അദ്ദേഹം സായൂജ്യം കണ്ടെത്തി.

ശീർക്കാഴിയെക്കുറിച്ചുള്ള ഒരൈതിഹ്യം ഇവിടെക്കുറിക്കുന്നു. പ്രളയകാലത്ത് ലോകം മുഴുവൻ ജലത്തിലാണ്ടുപോയി. ഭഗവാൻ പരമേശ്വരന്റെ കടാക്ഷത്താൽ തമിഴ്നാട്ടിലെ ശീർക്കാഴി എന്ന സ്ഥലം സ്വയം ഒരു തോണിയായി മാറുകയും പ്രളയത്തെ അതിജീവിക്കുകയും ചെയ്തു. അന്നുമുതൽ ഈ പ്രദേശം തിരുത്തോണിപുരം എന്നറിയപ്പെട്ടു. ശീർക്കാഴി മഹാക്ഷേത്രത്തിലെ അധിദേവനായ ശിവൻ (ശട്ടൈനാഥർ) തിരുത്തോണിയപ്പർ എന്നു വാഴ്ത്തപ്പെട്ടു. ശീർക്കാഴി ക്ഷേത്രത്തിനപ്പുറത്തേക്ക് ഒരു ലോകത്തെക്കുറിച്ച് ഗണനാഥർ ചിന്തിച്ചതേയില്ല. ക്ഷേത്രസോപാനവും മണ്ഡപവും കഴുകി വൃത്തിയാക്കുക, ദേവാരാധനക്കാവശ്യമുള്ള പുഷ്പങ്ങൾ, ജലം തുടങ്ങിയവ ശേഖരിച്ചു കൊണ്ടു വരിക, വിഗ്രഹത്തിൽ ചാർത്താനുള്ള പൂമാലകൾ കൊരുക്കുക, അർച്ചനക്കാവശ്യമുള്ള ചന്ദനമരയ്ക്കുക തുടങ്ങിയ ജോലികൾ അദ്ദേഹം ഈശ്വരസേവയായി കരുതി. ഭഗവാൻ പരമേശ്വരന്റെ ഭൂതഗണങ്ങളെപ്പോലെ സദാ ഈശ്വരകൽപനക്കായി കാതോർത്തുകൊണ്ടുള്ള ഒരു ജീവിതം! ഭക്തജനങ്ങൾ ഗണനാഥരെ ഗുരുനാഥനായി വരിച്ചു. അദ്ദേഹത്തിന്റെ സുഭാഷിതങ്ങൾ അവരിൽ ശിവഭക്തിയുണർത്തി. ഗുരുനാഥനെ അനുകരിച്ച് അവരും ക്ഷേത്രസേവയിൽ വ്യാപൃതരായി. സമകാലികനും 63 നായനാർമാരിൽ പ്രമുഖനുമായിരുന്ന തിരുജ്ഞാന സംബന്ധർ ഗണനാഥരെ സംബന്ധിച്ചിടത്തോളം ഗുരുവും മാർഗദർശിയുമായിരുന്നു. ഈശ്വരനെ സേവിക്കുന്ന അതേ മനസ്സോടെ അദ്ദേഹം തിരുജ്ഞാനസംബന്ധരേയും അവിടുത്തെ ശിഷ്യരേയും സേവിച്ചു.

ശിവോപാസനയിലും ശിവഭ.ക്തി പ്രചാരണത്തിലും വ്യാപൃതനായി ജീവിതം നയിച്ചുപോന്ന ഗണനാഥർ മഹാദേവന്റെ പ്രീതിക്കു പാത്രമായി. പാർവ്വതീപരമേശ്വരന്മാരുടെ ദർശനപുണ്യം നേടിയ സായൂജ്യത്തോടെ അദ്ദേഹം പരമപദം പൂകിയതായി സുന്ദരർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പരമാത്മാവിൽ ഐക്യംപ്രാപിച്ച് കൈലാസത്തിലെത്തിയ ഗണനാഥർ ശിവഭൂതഗണങ്ങളുടെ നാഥനായിത്തീർന്നു എന്നാണ് ഐതിഹ്യം. ഇന്നും പൈങ്കുനിമാസത്തിലെ തിരുവാതിരനാൾ തമിഴ്നാട്ടിലെ ശിവാലയങ്ങൾ ഗണനാഥർദിനമായി ആഘോഷിച്ചു വരുന്നു• (തുടരും)

**വക്രത്വമാണ്ടും, സുഗുണം വെടിഞ്ഞും**
**തക്കത്തിൽ നാനാവിവർണ്ണമാർന്നും**
**പാർക്കിൽ തുലോമികലികാലമർത്ത്യ**
**ൻമാർക്കൊത്തു കാണായ് മഴവില്ലു വാനിൽ**
**(ഉമാകേരളം )**

# 2016 ഡിസംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**എം. എൻ. കെ. മേനോൻ**
L/1996
പാർവ്വതി, മാറായിൽ
ടി.ഡി. റോഡ്
കൊച്ചി 682011



**അഡ്വ. ചന്ദ്രചൂഡൻ. കെ**
L/2523
39 /729, വൃന്ദാവൻ
ഇയ്യാട്ടിൽ ലെയിൻ
ചിറ്റൂർ റോഡ്, കൊച്ചി 682011



**ഡോ. തങ്കം. എ. മേനോൻ**
L/1354
തങ്ക ഭവൻ
രവിപുരം റോഡ്
കൊച്ചി 682016

ക്ഷേത്രങ്ങളിലൂടെ

# മൂന്നമ്പല ദർശനം



ഇന്ദിരാഭായി

ദക്ഷിണ ഗംഗയെന്നറിയപ്പെടുന്ന പെരിയാറിന്റെ തീരത്തെ ആലുവ മണപ്പുറം ശ്രീ മഹാദേവന്റെയും മോക്ഷാർത്ഥികളായ പിതൃക്കളുടെയും സംഗമഭൂമിയാണ്. ഉത്തരേന്ത്യയുടെ തിലകക്കുറിയായ കുംഭ മേളപോലെ പ്രശസ്തമാണ് കുംഭ മാസത്തിലെ ആലുവ ശിവരാത്രി. മഹാദേവ ക്ഷേത്രപ്രതിഷ്ഠ നടന്നത് സംഘകാലഘട്ടങ്ങളിലാണെന്നാണ് ചരിത്ര രേഖകളിൽ കാണുന്നത്. തമിഴ്നാടുമായുള്ള വ്യാപാരബന്ധത്തിന്റെ പ്രധാന ഇടനാഴിയായിരുന്നു കൊച്ചി മധുര വഴി. പെരിയാറിന്റെ യാത്രസൗകര്യവും കായലിന്റെ സാമീപ്യവും ആലുവയെ പ്രധാന വാണിജ്യ കേന്ദ്രമാക്കി. സംഘകാലത്തെ വ്യാപാരവും മണപ്പുറത്തിന്റെ വിശ്വാസവും മൂലം വലിയ ജനകീയ സംഗമഭൂമിയായി ആലുവ മണപ്പുറം മാറി. പുണ്യപെരിയാറിന്റെ കുളിരിൽ നിറഞ്ഞു നില്ക്കുന്ന ഈ നഗരം കേരളത്തിലെ വ്യവസായങ്ങളുടെ നിലവറയായി അറിയപ്പെടുന്നു. നഗരത്തിന്റെ അധിപനായ മഹാദേവന്റെ തിരുസന്നിധിയിലാണ് മഹാശിവരാത്രി പൂർണ്ണാനദിയെന്ന് പേരുള്ള പെരിയാറിന്റെ മദ്ധ്യത്തിലെ മണപ്പുറത്താണ് സ്വയംഭൂ എന്നറിയപ്പെടുന്ന ഈ ശിവക്ഷേത്രം. ഈ ശിവക്ഷേത്രത്തിനു ചുറ്റും ഇന്നും മണൽ നിറഞ്ഞു നില്ക്കുന്നു. ദക്ഷിണേന്ത്യൻ കുംഭമേള എന്നാണ് ആലുവ ശിവരാത്രിയെ വിശേഷിപ്പിക്കുന്നത്. വിവിധ ഭാഷകൾ സംസാരിക്കുന്നവരുൾപ്പെട്ട ദക്ഷിണേന്ത്യക്കാർ ആലുവ ശിവരാത്രിയുടെ മഹത്വം മനസ്സിലാക്കി ഇവിടെയെത്താറുണ്ട്. ആലുവയിലെ മണൽപ്പുറത്ത് വിശ്വാസം മാത്രമല്ല സാഹിത്യം ഭാഷ, ഉത്പന്നം, സംസ്കാരം എന്നിവയെല്ലാം പങ്കുവയ്ക്കപ്പെടുന്നു. നാട്ടുരാജ്യങ്ങളും നാടുവാഴികളും ഭരിച്ചിരുന്നപ്പോഴും നാടിനെ ഏകോപിപ്പിച്ചിരുന്ന ശക്തിവിശേഷമായിരുന്നു ആലുവ ശിവരാത്രി. ഈ വക കാരണങ്ങളാലാകാം ശിവരാത്രി സംഗമത്തെ കുംഭമേളയോടുപമിക്കുന്നത്. കാളകൂടവിഷം പാനം ചെയ്ത് ആ വിഷം കണ്ഠത്തിലുറച്ച് നീലകണ്ഠനായ ഭഗവാന് ശിവരാത്രി ദിനത്തിൽ കൂവളത്തിലകൊണ്ടർച്ചന നടത്തിയാൽ ജന്മാന്തരങ്ങളുടെ പാപമുക്തിയും സായൂജ്യവും ലഭിക്കുമെന്നാണ് വിശ്വാസം. 365 ദിവസവും മരണാനന്തരചടങ്ങുകളും ബലിതർപ്പണവും നടക്കുന്ന സ്ഥലമാണ് ആലുവ മണപ്പുറം. ജഗത്ഗുരു ശങ്കരാചാര്യർ മാതാവിനോടൊപ്പം ആലുവ മണപ്പുറത്ത് പൂജകൾ ചെയ്തിരുന്നതായും ആഴ്വാഞ്ചേരി തമ്പ്രാക്കളടക്കമുള്ളവർ മണപ്പുറത്തെത്തിയിട്ടുള്ളതായും ചരിത്ര രേഖകളുണ്ട്. ദിവ്യജ്ഞാനമുള്ള യോഗീശ്വരനായ വില്വമംഗലത്തുസ്വാമിയാർ ഒരിക്കൽ ശിവരാത്രി ദിവസം ആലുവയിലെത്തിയപ്പോൾ ശിവരാത്രി മുഹൂർത്തം തുടങ്ങി കഴിഞ്ഞിരുന്നതിനാൽ മഹാദേവൻ ജഡ വിരിച്ച് യോഗനിദ്രയിലാണ്ടരൂപം ദർശിച്ച വില്വമംഗലം സ്വാമിയാർ ഭക്തിപരവശനായി കാല് ചവിട്ടാനാകാതെ പൂഴിയിലുരുണ്ട് ശയനപ്രദക്ഷിണം നടത്തി ക്ഷേത്ര നടയിലെത്തി ഭജനമിരുന്നു. വില്വമംഗലത്തിന്റെ ഈ ദർശനമാണ് മണപ്പുറം മഹാദേവന്റെ ജഡയാണ് എന്ന സങ്കല്പത്തെ രൂഢമൂലമാക്കിയത്. ദേവപ്രശ്നവിധിയിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. ക്ഷേത്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മണപ്പുറത്തു നടത്താത്തതും ഈ സങ്കല്പത്തിലാണ്. വില്വമംഗലത്തു സ്വാമിയാർ ദർശിച്ച മഹാദേവന്റെ രൂപം മണപ്പുറം മുഴുവൻ ശിവരാത്രി നാളിൽ നിറഞ്ഞിരിക്കുന്നതിനാൽ മണപ്പുറം മുഴുവൻ പ്രദക്ഷിണം ചെയ്യുന്ന ചടങ്ങ് മഹാപരിക്രമ എന്ന പേരിൽ ഇന്നും നടന്നു വരുന്നു. മണപ്പുറത്ത് അഞ്ചു വിളക്കു തൊഴുന്നത് വളരെ വിശേഷമാണെന്നു വിശ്വസിക്കുന്നു. മകരവിളക്ക്, ശിവരാത്രി വിളക്ക്, കൊടിപ്പുറത്തു വിളക്ക്, ഉത്രം വിളക്ക്, വിഷുവളക്ക് എന്നിവയാണത്. കർക്കിടകവാവുബലി തുലാം വാവുബലി എന്നിവയും മണപ്പുറത്ത് പ്രധാനമാണ്. എല്ലാ മാസവും തിരുവാതിരനാളിൽ മണപ്പുറത്ത് തിരിവാതിര ഊട്ട് നടത്തപ്പെടുന്നു. പെരിയാർ കര കവിഞ്ഞൊഴുകി പ്രകൃത്യാൽ നടക്കുന്നതാണ്. ആലുവ മഹാദേവന്റെ ആറാട്ട് . ചില വർഷങ്ങളിൽ രണ്ടു പ്രാവശ്യം ആറാട്ടു നടക്കാറുണ്ട്. കടുങ്ങല്ലൂർ നരസിംഹസ്വാമിക്ഷേത്രം, തിരുവാലൂർ മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിലെ ആറാട്ട് ആലുവ മണപ്പുറത്താണ് നടക്കുന്നത്. ആലുവ മഹാദേവനുമായി ബന്ധപ്പെട്ടു കിടക്കുന്ന ചരിത്രങ്ങളും ഐതിഹ്യ

ങ്ങളും ഈ ക്ഷേത്രങ്ങൾക്കുമുണ്ട്.

സീതയെ അപഹരിച്ചുകൊണ്ടു പോകുന്ന രാവണനെ സർവ്വശക്തിയും പ്രയോഗിച്ചു തടഞ്ഞ ജഡായുവിനെ രാക്ഷസ രാജാവായ രാവണൻ നിഷ്കരുണം അരിഞ്ഞു വീഴ്ത്തി. ജഡായു ചിറകറ്റു വീണത് ആലുവ പ്രദേശത്തായിരുന്നു എന്നാണ് വിശ്വാസം. ശ്രീരാമസ്വാമി ലക്ഷ്മണനുമൊത്ത് സീതയെ അന്വേഷിച്ച് ഇവിടെയെത്തിയപ്പോൾ മൃതപ്രായനായ ജഡായുവാണ് ശ്രീരാമനോട് സീതയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നത്. രാവണൻ ചന്ദ്രഹാസം കൊണ്ട് തന്റെ ചിറകുകൾ അരിഞ്ഞു വീഴ്ത്തിയതും ശ്രീരാമസ്വാമിയെ കണ്ടു വിവരങ്ങൾ പറയുന്നതു വരെ ജീവൻ നിലനില്ക്കുമെന്ന് സീതാദേവി അനുഗ്രഹം നൽകിയതും ദക്ഷിണദിക്കിലേക്കാണ് സീതയെ കൊണ്ടു പോയതെന്നും ജഡായു ശ്രീരാമദേവനെ അറിയിച്ചു. മരണാ സന്നനായ ജഡായു ഭഗവത് സ്പർശനമേറ്റുകൊണ്ട് ജീവൻമുക്തനാകണമെന്നുള്ള ആഗ്രഹം ശ്രീരാമസ്വാമിയെ അറിയിക്കുകയും ഭഗവാൻ തൃക്കരങ്ങളാൽ ജഡായുവിനെ തലോടികൊണ്ട് ജഡായുവിനു മോക്ഷം നൽകുകയും ചെയ്തു. ദശരഥ മഹാരാജാവിന് ഭഗവാനെ പുത്രനായി ലഭിച്ചിട്ടുപോലും ഭഗവാന്റെ തൃക്കരങ്ങളാൽ സംസ്കാരകർമ്മങ്ങൾ നേടാനുള്ള ഭാഗ്യം ലഭിച്ചില്ല. ആ ഭാഗ്യം പക്ഷീന്ദ്രനായ ജഡായുവിനു ലഭിച്ചു. ഭഗവൽ സവിധത്തിൽ വച്ചു മോക്ഷം പ്രാപിച്ച ജഡായുവിന്റെ ശേഷക്രിയാദികൾ തർപ്പണം നടത്തിയത് പെരിയാറിന്റെ കരയിലെ മണപ്പുറത്തായിരുന്നു. അന്നു മുതലാണ് ആലുവ മണപ്പുറത്ത് പിതൃക്രിയകൾക്ക് പ്രാധാന്യ മുണ്ടായതെന്ന് വിശ്വസിക്കുന്നു. പിതൃസ്മരണയിൽ ഈ മഹാസന്നിധിയിലെത്തുന്നവൻ മനസ്സും ശരീരവും ശുദ്ധമാക്കി തങ്ങളുടെ പിതൃക്കൾക്ക് ബലി അർപ്പിച്ചു മടങ്ങുമ്പോൾ മനസ്സിൽ ഭക്തിയും ശാന്തിയും നിറയുന്നു. വെട്ടേറ്റു വീണ ജഡായുവിന്റെ ശിരോഭാഗം വീണസ്ഥലം ആലുവയും നടുഭാഗം വീണസ്ഥലം നടങ്ങല്ലൂരും (ഇന്നത്തെ കടുങ്ങല്ലൂർ) വാൽഭാഗം വീണ സ്ഥലം തിരുവാലൂരും ആയിരുന്നു എന്നാണ് വിശ്വസിക്കുന്നത്.

ധർമ്മ രക്ഷാർത്ഥം അവതരിക്കുന്ന ഭഗവാൻ മഹാവിഷ്ണുവിന്റെ ഏറ്റവും ഭീകരരൂപമായ നരസിംഹമൂർത്തിയാണ് കടുങ്ങല്ലൂരപ്പൻ. അധർമ്മത്തെ ഇല്ലായ്മ ചെയ്യുകയും ധർമ്മത്തെ രക്ഷിക്കുകയും ചെയ്യുന്ന കാരുണ്യമൂർത്തിയാണ് ഭഗവാൻ നരസിംഹമൂർത്തി. ദശാവതാര കഥകളിൽ ഭഗവാന്റെ അവതാര രഹസ്യങ്ങളാണല്ലോ തെളിയുന്നത്. കടുങ്ങല്ലൂർ നരസിംഹ മൂർത്തിക്ഷേത്രത്തിൽ ദശാവതാരച്ചാർത്ത് പ്രധാന വഴിപാടാണ്. ജഡായുവിന്റെ നടുഭാഗം വീണ സ്ഥലമായി കരുതുന്ന നടുങ്ങല്ലൂർ എന്ന ഇന്നത്തെ കടുങ്ങല്ലൂർ ആലുവ വരാപ്പുഴ റൂട്ടിലാണ്. ഇവിടെയാണ് കടുങ്ങല്ലൂർ നരസിംഹമൂർത്തി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഭഗവാൻ മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഏറ്റവും രൗദ്രഭാവത്തിലുള്ള നരസിംഹ മൂർത്തിയാണ് കടുങ്ങല്ലൂരപ്പൻ. അഞ്ചടിയോളം ഉയരമുണ്ട് ഇവിടുത്തെ നരസിംഹ മൂർത്തി വിഗ്രഹത്തിന്. വലിയ വട്ടശ്രീകോവിലിൽ കടുങ്ങല്ലൂരപ്പൻ കിഴക്കോട്ടു ദർശനമായി പരിലസിക്കുന്നു. പാനകവും പാൽപായസവുമാണ് ഇവിടെ പ്രധാന നിവേദ്യങ്ങൾ. ദശാവതാരച്ചാർത്ത് ഭഗവാന് പ്രത്യേക വഴിപാടായി നടത്താറുണ്ട്. മേടമാസത്തിൽ വിഷുവിനു കൊടിയേറി ഏഴു ദിവസമാണ് ഇവിടുത്തെ ഉത്സവം. കടുങ്ങല്ലൂരപ്പന്റെ ഉത്സവ ആറാട്ട് ആലുവപ്പുഴയിലാണ് . അന്ന് ആലുവയിൽ പ്രത്യേക ചടങ്ങുകളും നടക്കാറുണ്ട്. മഹാവിഷ്ണുവും പാർത്ഥസാരഥിയുമാണ് കടുങ്ങല്ലൂർ നരസിംഹമൂർത്തി ക്ഷേത്രത്തിലെ പ്രധാന ഉപദേവതകൾ.

കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച ഐതിഹ്യമാലയിലെ സൂര്യകാലടി ഭട്ടതിരിയുടെ ശാപമോക്ഷ കഥയുമായി ബന്ധപ്പെട്ട ക്ഷേത്രമാണ് തിരുവാലൂർ മഹാദേവക്ഷേത്രം. മൃത്യുശാപത്തിൽ നിന്നുപോലും മോക്ഷം കൊടുക്കുവാൻ ഉഗ്രശക്തിയുള്ള മഹാദേവനെന്ന് ഐതിഹ്യമാലയിൽ പ്രതിപാദിച്ചിട്ടുള്ള തിരുവാലൂർ മഹാദേവക്ഷേത്രം കേരളത്തിലെ പ്രസിദ്ധമായ 108 ശിവാലയങ്ങളിൽ ഒന്നാണ്. ആപൽബാന്ധവനും ആയൂർരക്ഷകനുമായ തിരുവാലൂരപ്പന്റെ വിഗ്രഹം കണ്ടു തൊഴുതാൽ എത്ര അവശരായ രോഗികളായാലും അന്നേ ദിവസം മരിക്കാറില്ല എന്നത് അനുഭവ സിദ്ധിയാണ്. യക്ഷിയുടെ കോപത്താൽ സൂര്യകാലടി ഭട്ടതിരിക്ക് മൂത്രതടസ്സം മൂലം മരിക്കാനിടയാകട്ടെയെന്ന മൃത്യുശാപം ഏറ്റു വാങ്ങേണ്ടി വന്നു. നിശ്ചിത ദിവസത്തിനകം തിരിവാലൂരപ്പന്റെ വിഗ്രഹം കണ്ടു തൊഴുതാൽ അകാലമൃത്യു ഒഴിവാകുമെന്നായിരുന്നു അതേ യക്ഷി കൊടുത്ത ശാപമോക്ഷം. എത്ര വലിയ പണ്ഡിതനായാലും പ്രസിദ്ധനായാലും ധനവാനായാലും ദൈവഹിതം അനുഭവിക്കാതെ തരമില്ലല്ലോ. യക്ഷി കൊടുത്ത ശാപമോക്ഷത്തോടൊപ്പം സമയ പരിധിയും നിശ്ചയിച്ചിരുന്നു. ഭട്ടതിരി സമയപരിധിയുടെ അവസാനദിവസം സന്ധ്യാസമയം തിരുവാലൂരപ്പനെ ദർശിക്കുവാനായി തിരുവാലൂരിലെത്തി. എന്നാൽ മൂത്രശങ്ക കാരണം അദ്ദേഹത്തിന് ദീപാരാധന കഴിഞ്ഞു നട അടയ്ക്കുന്നതിനു മുമ്പ് തിരുവാലൂരപ്പനെ തൊഴാൻ സാധിക്കാതെ വരുകയും ക്ഷേത്രത്തിന്റെ പടിഞ്ഞാ

റെ ഗോപുര വാതിലിനു പുറത്തു വച്ച് അദ്ദേഹം ശ്വാസം മുട്ടി മരിക്കുകയും ചെയ്തു. മരണവെപ്രാള ത്തിൽ അദ്ദേഹത്തിന്റെ കാലിന്റെ ഉപ്പൂറ്റി തിരുകിയ കരിങ്കൽ ഭാഗങ്ങൾ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുരവാതില്ക്കൽ ഇപ്പോഴും കാണാവുന്നതാ ണ്. അഗ്നിപ്രതിഷ്ഠയുള്ള തിരുവാലൂരപ്പന് ധാ ര നടത്താറില്ല. ഭഗവാന്റെ കോപം തപിപ്പിക്കാൻ ക്ഷേത്രത്തിനഭിമുഖമായി ക്ഷേത്രത്തിന്റെ അതേ അളവിലുള്ള ക്ഷേത്രക്കുളവും ഇവിടെ സ്ഥിതി ചെയ്യുന്നു. ഉപദേവൻമാരാരുമില്ലാതെ ശിവചൈ തന്യം മാത്രം നിറഞ്ഞു നില്ക്കുന്ന ക്ഷേത്രമാണ് തിരുവാലൂർ മഹാദേവക്ഷേത്രം. തിരുവാലൂരപ്പന്റെ തിരുനടയിൽ ശിവനാമമല്ലാതെ മറ്റൊന്നും ജപിക്കാൻ പാടില്ല എന്നതിൽ നിന്നും ഇവിടുത്തെ പ്രത്യേകത ഊഹിക്കാവുന്നതാണ്. തിരുവാലൂർ മഹാദേവന്റെ പള്ളിവേട്ടയ്ക്ക് അമ്പും വില്ലും നൽകുന്നതിനുള്ള അവകാശം തിരുവാലൂർ സ്ഥാനത്തുപറമ്പിൽ തറവാ ട്ടുകാർക്കും പേട്ട ചൊല്ലുന്നതിന് കോട്ടുവള്ളിയിലെ പള്ളിക്കുറുപ്പു തറവാട്ടുകാർക്കും പള്ളിവേട്ട കഴി ഞ്ഞ് പള്ളിനിദ്രയിൽ നിന്നും ഉണരുമ്പോൾ മഹാ ഭാരതപാരായണത്തിന് തിരുവാലൂർ ഭട്ടതിരിമാർക്കു മാണ് അവകാശമുള്ളത്. തിരുവാലൂരപ്പന്റെ ഉത്സവ ആറാട്ട് ആലുവ മണപ്പുറത്താണ് നടക്കുന്നത്. ശ്രീ രാമദേവൻ പെരിയാറിന്റെ തീരത്ത് ജഡായുവിന്റെ ബലിതർപ്പണാദികൾ ചെയ്തു എന്ന വിഖ്യാതമായ ഐതിഹ്യപ്രകാരം ജഡായുവിന്റെ വായ്ഭാഗം വീ ണസ്ഥലത്തെ ആലുവ മഹാദേവനെയും തുടർന്ന് നടുഭാഗം വീണ സ്ഥലത്ത് നടുങ്ങല്ലൂരപ്പനേയും (കടുങ്ങല്ലൂരപ്പനേയും) വാൽഭാഗം വീണ സ്ഥല ത്ത് തിരുവാലൂരപ്പനേയും തിരിച്ച് വീണ്ടും ആലുവ മഹാദേവനെയുംക്രമമായി ദർശനം നടത്തുന്നതാണ് മൂന്നമ്പലദർശനം. മൂന്നമ്പല ദർശനം മോക്ഷപ്രാപ് തിക്കുത്തമമാണെന്നും മകരമാസത്തിൽ ദർശനം നടത്തുന്നത് അത്യുത്തമമെന്നും വിശ്വസിക്കുന്നു. മോക്ഷദായകമായ മൂന്നമ്പലദർശനം നടത്തി തി രികെയെത്തുന്ന ഭക്തജനങ്ങൾക്ക് അവരുടെ മന സ്സിലെ ഭക്തിഭാവങ്ങളെ അനുഭവിച്ചറിയുകയല്ലാതെ വാക്കാൽ പറയാൻ സാധിക്കില്ല. ഈശ്വരന്റെയും പ്രകൃതിയുടെയും വരദാനമായ ആലുവ ശിവരാത്രി മണപ്പുറം എന്നു കേൾക്കുമ്പോഴേ മനസ്സിൽ ഭക്തി ഭാവം നിറയുന്നുണ്ടാവും.

ആലുവ പുഴയുടെ നാമം തെളിഞ്ഞത് ജഡാ യുവിന്റെ വായ്ഭാഗം വീണതിനാലോ വില്വമംഗലം സ്വാമി നട്ടപുകഴ്പെറ്റ ആലിനാലോ മധുരമീനാക്ഷി ക്ഷേത്രത്തിലെ മഹാദേവന്റെ 'ആലുവ' എന്ന ചെല്ല പ്പേരിനാലോ ഏതുമാകട്ടെ ലോകമറിയുന്ന ആലുവ ശിവരാത്രിയും മണപ്പുറവും പെരിയാറിലെ കുഞ്ഞോ ളങ്ങളും മനസ്സും ശരീരവും ശുദ്ധമാക്കി പിതൃക്കൾ ക്കുവേണ്ടി ബലി അർപ്പിക്കാൻ വരുന്നവരെ കാത്ത് പവിത്രതയോടും ചൈതന്യത്തോടും കൂടി ലോകാ വസാനം വരെ നിലനില്ക്കട്ടെ. മനുഷ്യജീവിതരൂപം എന്ന കുപ്പായം ഉപേക്ഷിച്ചു പരലോകത്തെത്തുന്ന വർ പിൻതലമുറക്കാർ നൽകുന്ന ഭക്ഷണം സ്വീക രിക്കുവാൻ വരേണ്ടത് ഈ സംഗമഭൂമിയിലേക്കു തന്നെയാണ്. ആ ഒറ്റ കാരണം കൊണ്ടു തന്നെ ഈ പുണ്യഭൂമിയെ ആരും മറക്കുകയില്ല.മറക്കാൻ സാദ്ധ്യവുമല്ല. ആലുവ ശിവരാത്രി മണപ്പുറത്തെ മഹാദേവന്റെയും കടുങ്ങല്ലൂരപ്പന്റെയും തിരുവാ ലൂരപ്പന്റെയും തിരുനടകളിൽ അനുഗ്രഹാശിസ്സുക ളെന്ന മഹാഭാഗ്യത്തിനായി ഉള്ളം നിറഞ്ഞ പ്രാർ ത്ഥനയോടെ...●

**മന്ദം മന്ദം മധുരനിനദൈർവ്വേണുമാപൂരയന്തം**
**വൃന്ദം വൃന്ദാവനഭുവി ഗവാം ചാരയന്തം ചരന്തം**
**ഛന്ദോഭാഗേ ശതമഖമഖധ്വംസിനാം ദാനവാനാം**
**ഹന്താരം തം കഥയ രസനേ ഗോപ കന്യാഭുജംഗം**

**മന്ദം മന്ദം മധുരസ്വരത്തിൽ ഓടക്കുഴലൂതുന്ന വൃന്ദാവനത്തിൽ പശുക്കൂട്ടങ്ങളെ മേയിച്ചു കൊണ്ടു സഞ്ചരിക്കുന്ന, ഇന്ദ്രന്റെ യാഗങ്ങൾ മുടക്കുന്ന അസുരൻമാരുടെ ഹന്താവെന്നു വേദങ്ങൾ പ്രകീർത്തിക്കുന്നു.**
**ഗോപകന്യാജാരനെ എന്റെ നാവേ നീ സ്തുതിക്കുക.**

***-ലീലാശുകൻ, ശ്രീകൃഷ്ണാമൃതം***

# ഞാൻ കണ്ട യൂറോപ്പ്



**ഡോ. വി.എച്ച്. അബ്ദുൽ സലാം**
*Principal, M.E.S., College of Engineering, Kuttippuram*

## U.K. യിൽ

ലോകപ്രസിദ്ധമായ ടൂർ ഓപ്പറേറ്റർ തോമസ് കുക്കിന്റെ Grand Bargain Tour of Europe ഗ്രൂപ്പ് ടൂർ പാക്കേജിൽ 2016 സെപ്റ്റംബർ 4 ന് നെടുമ്പാശ്ശേരി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഞങ്ങൾ നാലു പേർ ഡോ. കെ.പി. മുഹമ്മദ്, (ഡയറക്ടർ, എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്), വി.പി. ഷിയാദ്, ഫസീല ഷിയാദ് (ഇരുവരും എറണാകുളത്തുള്ള എന്റെ ബന്ധുക്കൾ), ഡോ. വി.എച്ച്. അബ്ദുൽ സലാം, (പ്രിൻസിപ്പാൾ, എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്) വെളുപ്പിന് 3.45 പുറപ്പെടുന്ന ഖത്തർ എയർവേയ്സിൽ യൂറോപ്യൻ പര്യടനത്തിന് യാത്ര തിരിച്ചു. ഖത്തർസമയം 5.45 ന് ദോഹയിലെത്തി. കൊച്ചി - ദോഹ Flight Duration 4 1/2 മണിക്കൂർ ആണെങ്കിലും ദോഹ സമയം കൊച്ചി സമയത്തിൽനിന്ന് 2 1/2 മണിക്കൂർ പിറകോട്ടായതുകൊണ്ടാണ് 5.45 ന് എത്തിയത്. ദോഹയിലെ ഹമദ് ഇന്റർനാഷണൽ എയർപോർട്ട് ഒരു വലിയ എയർപോർട്ട് ആണ്. ദോഹയിൽ നിന്നും ലണ്ടനിലേക്കുള്ള ഫ്ളൈറ്റ് ഖത്തർ സമയം 7.55 ന് ആയിരുന്നു. ബാംഗ്ലൂരിൽ നിന്നുള്ള തോമസ് കുക്കിന്റെ 37 യാത്രക്കാർ ഉൾപ്പെടെ 41 പേർ ദോഹയിൽ നിന്നും ഖത്തർ എയർവേയ്സിൽ തന്നെ ലണ്ടനിലേക്ക് തിരിച്ചു. ഖത്തർ എയർവെയ്സിലെ ഭക്ഷണവും സർവ്വീസും വളരെ നല്ലതു തന്നെയാണ്.

യു.കെ. സമയം 6 മണിക്ക് (ഇന്ത്യൻ സമയം രാത്രി 10.30) ഞങ്ങൾ Heathrow International Airport ൽ Land ചെയ്തു. ഇംഗ്ലണ്ടിലെ സമയം ഇന്ത്യൻ സമയത്തേക്കാൾ 4 1/2 മണിക്കൂർ പിറകോട്ട് ആണ്. Heathrow Airport ൽ നിന്നും Migration Checking കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ തോമസ് കുക്കിന്റെ ടൂർ മാനേജർ മി. പർവീന്ദ്രർ സിംഗ് പ്ലക്കാർഡുമായി ഞങ്ങളെ സ്വീകരിക്കാൻ Special Coach (ബസ്സ്) ഉം ആയി കാത്തുനില്പുണ്ടായിരുന്നു. ലണ്ടനിലെ Heathrow International Airport ലോകത്തിലെ വലിയ എയർപോർട്ടുകളിൽ ഒന്നാണ്. ഞങ്ങൾക്ക് Greater London ലെ Hounslow യിലുള്ള HESTON HYDE ഹോട്ടലിലാണ് താമസ സൗകര്യം ഒരുക്കിയിരുന്നത്. അന്ന് സുഖമായിട്ട് കിടന്നുറങ്ങി.

പിറ്റേ ദിവസം (05.09.2016) താമസിച്ചിരുന്ന ഹോട്ടലിൽ (HESTON HYDE) നിന്നും ബ്രേക്ക്ഫാസ്റ്റ് കഴിഞ്ഞ് 8 മണിക്ക് Special Coach ൽ കയറി ലണ്ടൻ സിറ്റിയും മറ്റനുബന്ധസ്ഥലങ്ങളും കാണാൻ പുറപ്പെട്ടു. ടൂർ മാനേജർ ആയ മി. പർവീന്ദ്രർ സിംഗ്, കോച്ച് മാനേജർ (ഡ്രൈവർ), തോമസ് കുക്കിന്റെ അടുത്ത വർഷത്തെ യൂറോപ്യൻ ടൂറിന്റെ Brochure ഉണ്ടാക്കാനായി ഫോട്ടോ എടുക്കാൻ നിയോഗിക്കപ്പെട്ട മി. അഭിഷേക് പാണ്ഡേ ഉൾപ്പെടെ ഞങ്ങൾ 44 പേരാണ്, 15 ദിവസത്തെ 10 രാജ്യങ്ങൾ ഉൾപ്പെടുന്ന യൂറോപ്പ് പര്യടനത്തിന് ബസ്സിൽ യാത്ര ചെയ്തത്.

ഓരോ ദിവസവും എവിടെയെല്ലാം എന്തെല്ലാം കാണാൻ പോകുന്നുവെന്ന വിവരം ബസ്സിൽ വെച്ചു തന്നെ ടൂർ മാനേജർ പറഞ്ഞു തരും . ബസ്സിന്റെ ഡ്രൈവറെ കോച്ച്മാനേജർ എന്നാണ് ഞങ്ങൾക്ക് പരിചയപ്പെടുത്തിയത്. യു.കെ. യിലെ ഞങ്ങളുടെ ബസ്സിന്റെ കോച്ച് മാനേജർ ന്യൂമാൻ എന്നു പേരായ പാകിസ്ഥാൻകാരൻ ആയിരുന്നു.

ഞങ്ങളുടെ ടൂർ പാക്കേജിൽ (Grand Bargain Tour of Europe) യു.കെ. യിൽ രണ്ടു ദിവസത്തെ പര്യടനത്തിൽ ലിമിറ്റ് ചെയ്തിരുന്നതു കൊണ്ട്, യു.കെ.യുടെ തലസ്ഥാനവും വിസ്തൃതിയിൽ ലോകത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നതുമായ ലണ്ടൻ നഗരമാണ് ഞങ്ങൾ സന്ദർശിച്ചത്. ലണ്ടൻ നഗരത്തിൽ ധാരാളം കാഴ്ചകൾ കാണാനുണ്ട്. സിറ്റി ടൂറിന് എല്ലാ കാഴ്ചകളും വിശദീകരിച്ചു തന്നത് ഗൈഡ് ജോണാണ്. ലോകപ്രസിദ്ധമായ Madame Tussauds wax museum, Lords Cricket ground (Mecca of Cricket), London Eye എന്നിവ ഞങ്ങളുടെ ഓർമ്മയിൽ നിലനില്ക്കും. നഗരത്തിന്റെ സെന്റർ പോയിന്റായ ട്രഫൽഗൽ സ്ക്വയറിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ധാരാളം സന്ദർശകർ എത്തിയിരുന്നതിനാൽ അവിടെ നല്ല തിരക്കായിരുന്നു. ട്രഫൽ

ഗൽസ്ക്വയറിലെ ഫൗണ്ടൻ, Statues National History Museum എന്നിവയ്ക്ക് സമീപം നിന്ന് ഞങ്ങൾ എല്ലാവരും ഫോട്ടോകൾ എടുത്തു.

ലണ്ടന്റെ മറ്റു Land Mark ആയ ബക്കിങ്ങ്ഹാം പാലസ്, ബിഗ് ബെൻ, Hyde Park,Westminster Abbey, Houses of Parliament, Piccadilly Circus, Tower Bridge, River Thames എന്നിവയും ഞങ്ങളുടെ ഓർമ്മയിൽ തങ്ങി നിൽക്കുന്നവയാണ്. River Thames ന് 450 അടി മുകളിൽ, London Eye നമ്മെ കൊണ്ടു പോകുമ്പോൾ അതിന്റെ അനുഭൂതി വേറിട്ടതു തന്നെയാണ്.

2002 ൽ ഞാനും ഭാര്യയും ഇംഗ്ലണ്ടിൽ പോയി, മകളോടൊത്ത് ഞാൻ 35 ദിവസവും ഭാര്യ 3 മാസവും താമസിച്ചിരുന്നതുകൊണ്ട്, യു.കെ.യിൽ എന്റെ രണ്ടാം വരവ് ആയിരുന്നു.

## യൂറോപ്യൻ യൂണിയൻ

1992 ലെ മാസ്ട്രിച്ച് ഉടമ്പടിയിലൂടെയാണ് യൂറോപ്പിലെ 28 രാജ്യങ്ങൾ ചേർന്ന യൂറോപ്യൻ യൂണിയൻ എന്ന കൂട്ടായ്മ നിലവിൽ വന്നത്. ബ്രിട്ടൺ ജനഹിത പരിശോധനയിലൂടെ (ബ്രെക്സിറ്റ്) പിൻമാറിയതോടെ എണ്ണം 27 ആയി കുറഞ്ഞു.

ഭൂവിസ്തൃതിയിൽ ഏഴാമതും ജനസംഖ്യയിൽ മൂന്നാമതുമാണ് യൂറോപ്യൻ യൂണിയൻ.

ബെൽജിയം തലസ്ഥാനമായ ബ്രസ്സൽസിലാണ് യൂണിയന്റെ ആസ്ഥാനം. യൂറോപ്പിലെ 24 രാജ്യങ്ങൾ ഇപ്പോഴും യൂറോപ്യൻ യൂണിയനിൽ അംഗങ്ങളല്ല. യൂറോപ്യൻ യൂണിയന്റെ കറൻസിയാണ് യൂറോ. 32 കോടി യൂറോപ്യൻ ജനങ്ങളുടെ ഒരേയൊരു കറൻസിയാണിത്.

## ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ

ബ്രേക്ക്ഫാസ്റ്റിനു ശേഷം 7 മണിക്ക് ലണ്ടനിൽ നിന്നും ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിലേക്ക് ഞങ്ങളുടെ ബസ്സിൽ യാത്ര തിരിച്ചു. 160 കി.മീ. യാത്ര ചെയ്ത് യു.കെ.യുടെ Border ആയ FOLKE STONE ൽ എത്തി. ഫ്രാൻസിന്റെ അതിർത്തിയായ CALAIS ൽ ഫ്രാൻസിന്റെ പോലീസ്, എമിഗ്രേഷൻ ചെക്കിങ്ങ് കഴിഞ്ഞ് പാസ്സ്പോർട്ടിൽ stamp ചെയ്തു. ഞങ്ങൾ വന്ന ബസ്സിൽ തന്നെ ഇംഗ്ലീഷ് ചാനൽ കടക്കാൻ അധികംദൂരെയല്ലാത്ത റെയിൽ വേസ്റ്റേഷനിൽ എത്തി. യാത്രക്കാർ ബസ്സിലിരുന്നുകൊണ്ട് തന്നെ ബസ്സ് ട്രെയിനിൽ കയറ്റി. 50 കി.മീ. ടണലിൽ കൂടി ട്രെയിനിൽ 28 മിനിറ്റ് യാത്ര ചെയ്ത് ഇംഗ്ലീഷ് ചാനൽ കടന്നു. അവിടെ നിന്നും ഞങ്ങൾ യാത്ര ചെയ്തിരുന്ന ബസ്സ് ഇംഗ്ലണ്ടിലേക്ക് തന്നെ തിരിച്ചു പോയി. ഞങ്ങൾ അവിടെ നിന്നും വേറെ രു സ്പെഷ്യൽകോച്ചിൽ പാരീസിലേക്ക് തിരിച്ചു. ആ ബസ്സിന്റെ ഡ്രൈവർ Mr. DARIUSZ (Coach Manager) എന്ന ഒരു പോളണ്ടുകാരനായിരുന്നു. അവിടെ നിന്നും 250 കി.മീ. യാത്ര ചെയ്ത് പാരീസിൽ എത്താൻ 2 1/2 മണിക്കൂർ എടുത്തു. ഇടയക്കു വെച്ചുള്ള LASHOMME ലുള്ള Gas Station ലെ Restaurant ൽ വെച്ച് ഞങ്ങൾ Lunch കഴിച്ചിരുന്നു. പാരീസിൽ 4.30 ന് (ഇന്ത്യൻ സമയംരാത്രി 8 മണി) ആണ് എത്തിയത്

പരീസിലെ പ്രസിദ്ധമായ ARC DE TRIOMPHE (Arch of Triumph) നു മുമ്പിൽഞങ്ങളുടെ ബസ്സ് നിറുത്തി. അവിടത്തെ കാഴ്ചകൾ ക്യാമറയിൽ പകർത്തി. ആ കവാടത്തിലെ നെപ്പോളിയൻ ബോണപ്പാർട്ടിന്റെ പ്രതിമ പ്രസിദ്ധമാണ്. പാരീസിലെ 12 Ring Roads ആരംഭിക്കുന്നത് Arch of Triumph ൽ നിന്നാണ്. Movements എല്ലാം Right Directionn ആയതുകൊണ്ട് സിഗ്നലിന്റെ ആവശ്യമേ വരുന്നില്ല. പാരീസ് നഗരം ഞങ്ങളെ വിശദമായി കാണിച്ചു തരാനായി ഒരു English speaking local guide (ഫ്രഞ്ച് മദാമ്മ) കോച്ചിൽ കയറി. Best loved Parisian sights - Alexander Bridge, Fashion Houses, Art Museum, Elegant avenues, beautiful monuments, Opera House, Invalides champs Elysees മുതലായ കാഴ്ചകൾ മദാമ്മ ഞങ്ങളെ കാണിച്ചു തന്നു. Sight Seeing ശേഷം ഞങ്ങൾ ഒന്നേകാൽ മണിക്കൂർ നീളുന്ന, സീൻ (Seine) നദിയിലൂടെ ഉള്ള ക്രൂസിന് ബോട്ടിൽ കയറി.ബോട്ടിന്റെ ഡക്കിലിരുന്ന് സീൻനദിയുടെ ഇരുകര കളിലുമുള്ള കാഴ്ചകളും, യൂറോപ്യൻ സംസ്കാരം കാട്ടിത്തരുന്ന MultiStoreyed അല്ലാത്ത Buildings ഉം കണ്ട് ആസ്വദിച്ചു കൊണ്ടിരുന്നു. ഇരു' കരകളിലുമുള്ള ഓരോ കെട്ടിടത്തിനും ചരിത്രമുണ്ട്. മിക്കവാറും എല്ലാ Buildings ഉം Monuments ഉം 18–ാം നൂറ്റാണ്ടിലോ, 19–ാം നൂറ്റാണ്ടിലോ നിർമ്മിച്ചതാണ്. ക്രൂസിനുശേഷം, അന്ന്, പാരീസിലെ Hotel NOVOTEL ൽ താമസിച്ചു.

പിറ്റേദിവസം ബ്രേക്ക്ഫാസ്റ്റിനുശേഷം പാരീസിലെ പ്രസിദ്ധമായ Versailles Palace കാണാൻ ഞങ്ങൾ പോയി. Hall of Mirror, Royal apartments, Chateau of Versailles, the most prestigious movements of the world's artistic heritage, Opera Hall, a Chapel മുതലായവ ചുറ്റി നടന്നു കണ്ടു. ഇവിടെയും ഫ്രഞ്ച് മദാമ്മ, ഗൈഡ് ആയിട്ട് ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. പിന്നെ ഞങ്ങളെ കൊണ്ടു പോയത് പാരീസിലെ പ്രധാനപ്പെട്ട LOUVRE മ്യൂസിയത്തി

ലേക്കാണ്. അവിടെയാണ് Leonarde de Vinci യുടെ ലോകപ്രസിദ്ധമായ മോണലിസ പെയിന്റിങ്ങ് സൂക്ഷിച്ചിട്ടുള്ളത്. മോണലിസ പെയിന്റിങ്ങ് കൂടാതെ മൈക്കൽ ആഞ്ചലോയുടെ മനോഹരമായ അനേകം Paintings ഉം Louvre Museum ത്തിൽ കാണാനുണ്ട്. The museum houses western works of art dating from the Middle Ages to 1848, in addition to collections of ancient oriental, Egyptian, Greek and Roman civilization, as well as graphic and Islamic arts. In total there are 35000 works exhibited there. With its 800 year old history, the Louvre has been influenced by numerous architectural trends, from the medieval fortress of the 12th Century to the glass pyramid by Pei (1989). The latest addition housing the Islamic arts section was designed by architects Mario Bellina and Rudy Ricciotti.

The undulating glass canopy covers the Visconti courtyard flooding the 2800 Sq. metre new wing with light.

പിന്നെ ഞങ്ങൾ പോയത് ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നായ പാരീസിലെ ഈഫൽ ടവർ കാണാനാണ്. 324 മീറ്റർ പൊക്കമുള്ള ഈഫൽ ടവർ പാരീസിന്റെ മാത്രമല്ല, ഫ്രാൻസ് എന്ന രാജ്യത്തിന്റെ മുഴുവൻ പ്രൗഡി യുടേയും പ്രതീകമാണ്. ഞങ്ങൾ ഈഫൽ ടവറിന്റെ മൂന്നാമത്തെ ലവൽ വരെ ലിഫ്റ്റിൽ പോയി. അവിടെ നിന്നാൽ പാരീസ് നഗരം മുഴുവനും കാണാൻ കഴിയും. ഈഫൽ ടവറിലെ രാത്രിയിലെ ലൈറ്റിംഗിന്റെ 'ഭംഗി വർണ്ണിക്കാൻ എനിക്ക് വാക്കുകളില്ല.

Inaugurated in 1889 for the Universal Exposition, it continues to attract visitors from all over the world. The monument has also transformed itself over the decades. It now boasts a fully refurnished 1st floor with vertiginous glass platform, opened in 2014. Since only recently, it has been possible to enter the iron frame work of the structure, in order to discover first hand its impressive architecture and engineering. At the base of the Eiffel Tower lies the Champde-Mars, a vast park ideal for relaxing, picknicking or admiring the sparkling of 20000 light bulbes on the Tower, for the first five minutes of every hour from nightfall.

ഈഫൽ ടവർ കണ്ടാസ്വദിച്ചതിനുശേഷം പാരീസിലെ ഒരു Restaurant ൽ നിന്ന് Dinner കഴിച്ചതിനുശേഷം ഞങ്ങൾ പോയത് to enjoy the world famous music and dance extravaganza - The Lido Show. ഞങ്ങളുടെ 15 ദിവസത്തെ യൂറോപ്യൻ ടൂറിലെ ഒരു അവിസ്മരണീയ അനുഭവമായിരുന്നു ഈ exciting Lido Show പാരീസിലെ രണ്ടാം ദിവസവും ഞങ്ങൾ താമസിച്ചത് Hotel Novotel ൽ ആയിരുന്നു. ഞങ്ങൾ താമസിച്ച എല്ലാ ഹോട്ടലുകളിലും Wi Fi സൗകര്യം ഉണ്ടായിരുന്നു.

ഞാൻ കണ്ടിട്ടുള്ളതിൽ വെച്ച് എനിക്കു ഏറ്റവും ഇഷ്ടപ്പെട്ട, മനോഹരമായ, സൗന്ദര്യം തുളുമ്പി നിൽക്കുന്ന ഒരു' വലിയ നഗരമായിട്ടാണ് പാരീസ് എനിക്കു തോന്നിയിട്ടുള്ളത്.

## ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിൽ

ഇന്ന് സെപ്റ്റംബർ 8, 2016 ഞങ്ങളുടെ യൂറോപ്യൻ ടൂറിന്റെ അഞ്ചാമത്തെ ദിവസം.

ഞങ്ങൾ താമസിച്ചിരുന്ന പാരീസിലെ Novotel ഹോട്ടലിൽ നിന്നും പ്രഭാതഭക്ഷണം കഴിച്ചതിനുശേഷം ബൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിലേക്ക് കോച്ചിൽ യാത്ര പുറപ്പെട്ടു. നാലു മണിക്കൂർ യാത്ര ചെയ്ത് 11 മണിയോടു കൂടി യൂറോപ്യൻ യൂണിയന്റെ തലസ്ഥാനം കൂടി ആയ ബ്രസ്സൽസിൽ എത്തി. അവിടെ, ലോകപ്രസിദ്ധമായ Grand place ആണ് ആദ്യം സന്ദർശിച്ചത്. യൂറോപ്പിൽ ഏറ്റവുമേറെ സന്ദർശകരെ ആകർഷിക്കുന്ന ഈ ഗ്രാന്റ് പ്ലെയ്സിൽ പല രാജ്യങ്ങളിൽ നിന്നു വരുന്ന സന്ദർശകരുടെ ഒരു ദൃശ്യ വിരുന്ന് ഞങ്ങൾക്കവിടെ കാണാൻ കഴിഞ്ഞു. അവിടെ നിന്നും നടന്ന് ഞങ്ങൾ ഐതിഹ്യം പേറുന്ന Mannekin Pis Statue കാണാൻ പോയി. ബ്രസ്സൽസിലെ ഒരു ധനികന്റെ 10 വയസ്സുള്ള മകനെ വർഷങ്ങൾക്കപ്പുറം കാണാതായി. മാനസികമായി തളർന്ന ആ പിതാവ് വളരെ ദു:ഖിച്ചു. ഏറെ തിരച്ചിലുകൾക്കു ശേഷം ഗ്രാന്റ് പ്ലെയ്സിൽ നിന്നും വളരെ ദൂരെയല്ലാത്ത ഒരു സ്ഥലത്തു നിന്നും കാണാതായ മകനെ ആ പിതാവിന് തിരിച്ചു കിട്ടി. ആനന്ദത്തിലായ ആ ധനികൻ മകന്റെ ചെറിയ ഒരു Statue അവിടെ സ്ഥാപിക്കുകയും ആ Statue ൽ നിന്ന് എപ്പോഴും വെള്ളം നിർഗമിക്കുന്നതിനു വേണ്ടി മൂത്രം ഒഴിക്കുന്നതുപോലെയുള്ള Technological സജ്ജീകരണങ്ങൾ ഏർപ്പാട് ആക്കുകയും ചെയ്തു. ചെറിയ മകന്റെ ഓർമ്മക്കായി സ്ഥാപിച്ച ചെറിയ Statue വിന്റെ ജനനേന്ദ്രിയത്തിൽ നിന്നും വരുന്ന ജലധാര ഇന്നും തുടരുന്നു. (തുടരും) •

# ശകടാസുരവധം



യു. എസ്. രവീന്ദ്രൻ

കഴിഞ്ഞ കുറച്ചു മാസങ്ങളിൽ പത്രത്തിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടാൻ വേണ്ടി ബോക്സിനുള്ളിൽ കണ്ട ചില വാർത്തകളാണ് താഴെ ചേർത്തിട്ടുള്ളത്.

* കേരളത്തിൽ ദേശീയപാതയിലെ കൊലനിലങ്ങളിൽ മൂന്നു വർഷത്തിനുള്ളിൽ മരിച്ചത് 806 പേർ(മാതൃഭൂമി ജനുവരി 13 , 2016)

*മഹായുദ്ധങ്ങളിൽ മരിക്കുന്നവരേക്കാൾ മനുഷ്യർ പ്രതിവർഷം നമ്മുടെ റോഡുകളിൽ മരിക്കുന്നു. അതിലേറെപ്പേർ ജീവിതത്തിൽ പിന്നെയൊന്നും ചെയ്യാൻ സാധിക്കാത്ത വിധത്തിൽ വികലാംഗരാകുന്നു. കുടുംബങ്ങൾ നിരാലംബരും നിർധനരുമാകുന്നു. എല്ലാം നിമിഷം നേരം കൊണ്ട് സംഭവിക്കുന്നവ. 2015ൽ കേരളത്തിൽ 32671 അപകടങ്ങൾ ഉണ്ടായി. ഇതിൽ 3394 പേർ മരിച്ചു. 1960ൽ 1528 അപകടങ്ങൾ മാത്രം സംഭവിച്ച കേരളത്തിലാണ് അത് ഒരോവർഷവും അമ്പതിനായിരമായി വളർന്നത്. (മാതൃഭൂമി ജനുവരി 11 ,2016)

* വളയം പിടിക്കുന്നവരെ, കൊല്ലാനുള്ളതല്ല ലൈസൻസ്, ഏതു വാഹനവും ഓടിക്കുന്നവർ ഓർക്കേണ്ട പ്രധാനകാര്യമുണ്ട് സുരക്ഷിതമായി വാഹനം ഓടിക്കാനാണ് ലൈസൻസ് നൽകിയിട്ടുള്ളത്. (മാതൃഭൂമി ജനുവരി 13 ,2016).

* ബീഹാറിൽ തന്റെ കാറിനെ മറികടക്കാൻ ശ്രമിച്ച ബൈക്ക്യാത്രക്കാരനെ കുത്തി പരിക്കേൽപ്പിച്ച എം എൽ എ യുടെ മകൾ അറസ്റ്റിൽ. (മാതൃഭൂമി സെപ്തംബർ 2016).

ഇനി ഈ വിഷയവുമായി തന്നെ ബന്ധപ്പെട്ട് കഴിഞ്ഞകാലങ്ങളിലെ ചില പത്രവാർത്തകൾ ഓർമ്മിക്കുക

* മുവാറ്റുപ്പുഴയിലെ ഒരു എഞ്ചിനിയറും ഭാര്യയും രണ്ടുകുട്ടികളും തൃപ്പൂണിത്തറക്കടുത്തുള്ള ഒരു പഴയ ക്വാറിയിലെ വെള്ളത്തിൽ മുങ്ങി മരിച്ചു. അവർ സഞ്ചരിച്ചിരുന്ന ടാറ്റാ സഫാരികാർ ക്വാറിയിലേക്ക് മറിയുകയാണുണ്ടായത്. ചെറായി ബീച്ചിൽ നിന്നും രാത്രി മുവാറ്റുപുഴയിലേക്ക് മടങ്ങുകയായിരുന്ന ഇവർ റോഡിന്റെ എതിർ ദിശയിലുള്ള ക്വാറിയിൽ മുങ്ങി മരിക്കാനുണ്ടായ സാഹചര്യം ദുരുഹമാണ്.

* തൃശൂരിൽ ശോഭാസിറ്റിയിലെ ഒരു വ്യവസായി തന്റെ വിദേശനിർമ്മിത ഹമ്മർ കാറുകൊണ്ട് സെക്യൂരിറ്റി ജീവനക്കാരനെ ഇടിച്ചുകൊന്നു. ഗേറ്റ് തുറക്കാൻ വൈകിയതിലുള്ള രോഷമാണത്രേ ഈ ക്രൂരപ്രവർത്തിക്ക് കാരണമായത്. ഇതേ വ്യവസായിക്കെതിരെ കുറച്ച മാസങ്ങൾക്ക് മുൻപ് തന്റെ ആഡംബരക്കാറായ ഫെറാറി അഞ്ചുവയസ്സുള്ള മകൻ ഡ്രൈവ് ചെയ്യുന്ന ചിത്രം സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തതിന് പോലിസ് കേസ്സെടുത്തിരുന്നു.

* തിരുവന്തപുരത്ത് പൂട്ടിക്കിടന്നിരുന്ന ഒരു വീട്ടിന്റെ കാർ പോർച്ചിൽ നിന്നും അന്യസംസ്ഥാനക്കാരനായ ഒരു ബണ്ടിചോർ മോഷ്ടിച്ച വിദേശനിർമ്മിത കാർ ബാംഗ്ലൂരിൽനിന്നും കണ്ടു കിട്ടിയതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

* കേരളത്തിലെ ഒരു പ്രമുഖ രാഷ്ട്രീയ നേതാവിന്റെ പി.എയുടെ മകൻ സഞ്ചരിച്ചിരുന്ന ആഡംബരകാറിന് സൈഡ്കൊടുക്കാത്തതിന് രോഷം പൂണ്ട് തൊട്ടുമുമ്പിൽ കാറിൽ സകുടുംബം സഞ്ചരിച്ചിരുന്ന ഗൃഹനാഥനെ നടുറോഡിൽ വച്ച് പി.എയുടെ മകൻ മർദ്ദിച്ചവശനാക്കി.

* കേരളത്തിലെ ഒരു വ്യവസായ പ്രമുഖന്റെ മകൻ ഓടിച്ചിരുന്ന കാർ അങ്കമാലിയിൽ വച്ച് രാത്രി രണ്ടു മണിക്ക് അപകടത്തിൽപ്പെട്ടതിനെ തുടർന്ന് വ്യവസായപ്രമുഖന്റെ മകൻ സംഭവസഥലത്തു വച്ചു തന്നെ മരിച്ചു.

* തിരുവന്തപുരത്ത് ടോട്ടൽഫോർയു എന്ന സ്ഥാപനം നടത്തിയിരുന്ന യുവാവിനെ വഞ്ചനാകുറ്റത്തിന് അറസ്റ്റ് ചെയ്തു. അദ്ദേഹത്തിന്റെ ഓഫിസ് പരിസരത്തുനിന്നും നാലു വിദേശനിർമ്മിത ആഡംബരക്കാറുകൾ പോലീസ് പിടിച്ചെടുത്തു.

* കേരളത്തിലെ ഒരു പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ ഉടമ, അദ്ദേഹം സഞ്ചരിച്ചിരുന്ന ആഡംബര കാർ ആലപ്പുഴ ചങ്ങനശ്ശേരി റോഡിൽ വെച്ച് ബൈക്കിൽ തട്ടിയതിനെ സംബന്ധിച്ചുണ്ടായ വാക്കുതർക്കത്തെ തുടർന്നുണ്ടായ സംഘട്ടനത്തിൽ കൊല്ലപ്പെട്ടു.

*അതിവേഗത്തിൽ വാഹനമോടിച്ച് അപകടത്തിൽ ഒരു ബാലിക മരിച്ച സംഭവത്തിൽ പ്രസിദ്ധ

സിനിമാനടി ഹേമമാലിനിക്കെതിരെ കേസ്സെടുത്തു.

* മദ്യപിച്ച് വാഹനമോടിച്ച് രണ്ടുപേരുടെ മരണത്തിനിടയായ സംഭവത്തിൽ സിനിമാ നടൻ സൽമാൻഖാനെതിരെ കേസ്സെടുത്തു.

മേൽപറഞ്ഞ വാർത്തകൾ പത്രങ്ങളിലൂടെയും ദൃശ്യമാദ്ധ്യമങ്ങിലൂടെയും നമ്മൾ അറിഞ്ഞവയാണ്. ഈ സംഭവങ്ങളിൽ എല്ലാം ഒരു പൊതുഘടകമുണ്ട്. വാഹനം എന്ന ശകടം. ഇത് കാറിന്റെ രൂപത്തിലും ബൈക്കിന്റെ രൂപത്തിലും ബസ്സിന്റെ രൂപത്തിലും മറ്റും പ്രത്യക്ഷപ്പെട്ട് പല പല വധങ്ങൾ നടത്തികൊണ്ടിരിക്കയാണ്.

ചെറിയ കുട്ടികളെ തൊട്ട് മുതിർന്നവർ വരെയുള്ളവരെ മോഹിപ്പിക്കുന്നതാണ് ഇക്കാലത്തെ ശകടങ്ങൾ. ഓരോ ആഴ്ചയിലും പുതിയ പുതിയ മോഡലുകൾ പുറത്തിറങ്ങുന്നു. ഓരോ മോഡലിന്റേയും സവിശേഷതകൾ ഇഷ്ടമുള്ള സിനിമാതാരങ്ങളോ സ്പോർട്ടസ് താരങ്ങളോ വിവരിക്കുന്നു. സ്വന്തമായി ഒരു ശകടം ഇല്ലാത്തവന് ഡീലർമാർ ആകർഷകമായ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥകൾ വച്ച് നീട്ടുന്നു. സ്വന്തമായി ശകടം ഉള്ളവന് പഴയതുമാറ്റി പുതിയത് എടുക്കാൻ അത്യാകർഷങ്ങളായ വ്യവസ്ഥകളും സൗകര്യങ്ങളും ഇതിന്റെ ഒക്കെ ഫലമായി കേരളത്തിലെ ശകടങ്ങളുടെ എണ്ണം ഇപ്പോൾ കഴിഞ്ഞ അഞ്ചുകൊല്ലം മുൻപുണ്ടായിരുന്നതിന്റെ പത്തിരട്ടിയായി വർദ്ധിച്ചിരിക്കുന്നു റോഡുകൾ പഴയപടി തന്നെ. കാൽ നടക്കാരന് രക്ഷയില്ലാതായിരിക്കുന്നു.

ശരാശരി ഒരു വ്യക്തിക്ക് അറുപതോ എഴുപതോ കിലോഗ്രാം തൂക്കം കാണും. ആ വ്യക്തിയെ വഹിച്ചുകൊണ്ടുപോകുന്നത് ആയിരം കിലോഗ്രാം തൂക്കമുള്ള കാറായിരിക്കും നടന്നു പോകുമ്പോൾ രണ്ടോ മൂന്നോ അടി സ്ഥലം മാത്രം ആവശ്യമുള്ളപ്പോൾ കാറിൽ യാത്രചെയ്യാൻ വേണ്ടി പതിനെട്ട് മുതൽ മുപ്പതു വരെ ചതുരശ്രഅടി സ്ഥലം ഒരു വ്യക്തി ഉപയോഗിക്കുന്നു. കാറിൽ നിന്നും പുറത്തുവിടുന്ന പുക മറ്റുള്ളവർക്ക് ശ്വസിക്കാനുള്ള വായുവിനെ മലിനികരിക്കുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ ഒരു വ്യക്തി കാറിൽ സഞ്ചരിക്കുമ്പോൾ 1000കിലോഗ്രാം തുക്കവും മുപ്പതു ചതുരശ്രഅടി വിസ്തീർണ്ണവും സ്വന്തം ആവശ്യത്തിന് മാത്രമായി ഉപയോഗിച്ച് അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡ്, കാർബൺമോണോക്സൈഡ് തുടങ്ങിയ വാതകങ്ങൾ വമിപ്പിച്ച് മലിനീകരിച്ചുകൊണ്ട് പോകുന്ന പ്രക്രിയയാണ് നടക്കുന്നത്. അതായത് സ്വന്തം സുഖസൗകര്യങ്ങൾ നടത്തുന്നത് മറ്റുള്ളവർക്ക് അസൗകര്യങ്ങൾ ഉണ്ടാക്കിക്കൊണ്ടാണ്. ഇതു ആസുരീകമായ ഒരു ഭാവമാണ്. ചെകിടടിപ്പിക്കുന്ന ഒച്ചയോടുകൂടി ഹോണടിച്ച് മിന്നൽ വേഗത്തിൽ തിരക്കിനിടയിലൂടെ വണ്ടിയോടിച്ച് പോകുന്നത് യുവാക്കൾക്ക് ഒരു ഹരമായി മാറിയിട്ടുണ്ട്. സ്വന്തം വാഹനത്തിന് സൈഡ് കിട്ടാതെ വരുമ്പോൾ അക്ഷരമായി എല്ലാം വിവേകവും നശിച്ച് നടുറോഡിൽ പരസ്പരം വഴക്കിടുന്നത് ഇന്ന് സ്ഥിരം കാഴ്ചയായിട്ടുണ്ട്. നമ്മുടെ രാജ്യത്തിനാവശ്യമുള്ള ഇന്ധനത്തിന്റെ അറുപതുശതമാനവും പുറം രാജ്യങ്ങളിൽ നിന്ന് കൊണ്ടു വരുന്നതാണ്. സ്വന്തം സ്റ്റാറ്റസ് ഉയർത്തികാട്ടാൻ വേണ്ടി അനാവശ്യമായി ഒറ്റക്ക് വലിയ ശകടങ്ങളിൽ സഞ്ചരിക്കുന്നവർ ഓർമ്മിക്കുക ഒരു നല്ല പൗരൻ എന്ന നിലയിൽ സ്വന്തം സ്റ്റാറ്റസ് ഉയരുന്നത് മറ്റുള്ളവരുടേതുകൂടിയായ റോഡ് സ്വന്തം ആവശ്യത്തിന് വേണ്ടി മാത്രം ഉപയോഗിക്കാതിരിക്കുമ്പോഴും അന്തരീക്ഷം മലിനീകരിക്കാതിരിക്കുമ്പോഴുമാണ്. ഒരു യാത്ര തുടങ്ങുന്നതിന് മുൻപ് ഒന്ന് ആലോചിച്ചു നോക്കുക. ഈ യാത്രക്ക് എനിക്ക് പ്രത്യേക വാഹനം ആവശ്യമുണ്ടോ? പൊതുവാഹനം ഉപയോഗിച്ച് കൂടെയെന്ന്?

ഇങ്ങനെ ചിന്തിക്കുമ്പോളാണ് ശ്രീമത് ഭാഗവതത്തിലെ ശകടാസുരവധത്തിന്റെ പ്രസക്തി ഇന്നത്തെ ദൈനംദിന ജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്ന് മനസ്സിലാക്കുക ശകടാസുരവധത്തോട് ബന്ധപ്പെട്ട ഭാഗമാണ് താഴെയുള്ള ഖണ്ഡിക( ദശമസ്കന്ദം ഏഴാമദ്ധ്യായം). ഉണ്ണികണ്ണന് മൂന്നു മാസം തികയുന്ന ജന്മ നക്ഷത്രത്തിൽ ഒരു ഉത്സവം കൊണ്ടാടുവാൻ നിശ്ചയിച്ചിരിക്കുന്നു. മലർന്ന് കിടക്കുന്ന കുട്ടികൾ കമഴ്ന്ന് ഇഴയാൻ ആരംഭിക്കുമ്പോൾ ഒരു മഹോത്സവം കൊണ്ടാടുന്ന പതിവുണ്ട്. കുട്ടിയെ കുളിപ്പിച്ച് ഗോരോചനം മുതലായ കുറിക്കൂട്ട്കൊണ്ട് പൊട്ട് തൊടുവിച്ച്. ബ്രാഹ്മണർക്ക് മൃഷ്ടാന്നം, വിശേഷവസ്ത്രം, മനോഹരങ്ങളായ പൂമാലകൾ എല്ലാം നൽകി സൽക്കരിച്ചു. അവർ കുട്ടിക്ക് വേണ്ട രക്ഷാബന്ധനം മുതലായവ ചെയ്തു അപ്പോഴേക്കും ഉണ്ണിക്കണ്ണൻ യശോദാമ്മയുടെ മടിയിൽ ഇരുന്നു ഉറങ്ങി കണ്ണടച്ചു . ഉണരാതെ കഴിക്കണം എന്നുള്ള വിചാരത്തോടെ കുട്ടിയെ മെല്ല ഉമ്മറത്ത് കിടത്തി. ഓരോവിധ വ്യാപാരങ്ങളിൽ ഗൃഹാന്തർഭാഗത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന യശോദ ഉണ്ണികണ്ണൻ കരയുന്നത് കേട്ടില്ല. കരഞ്ഞിട്ടും അമ്മ വന്നു കാണാത്തതിനാൽ മുലപ്പാലിനുവേണ്ടി എറ്റവും അഗ്രഹിച്ചുകൊണ്ടെന്ന പോലെ കരയുന്ന കുട്ടി ബാലലീലാസ്വഭാവമനുസരിച്ച് രണ്ടു കാലുകളും മേൽപ്പോട്ടെറിഞ്ഞു കരഞ്ഞു. ശിശുവിന്റെ വളരെ ചെറുതും ഇളന്തളിർ പോലെ മാർദ്ദവുമുള്ളതായ

ഒരു കാലടികൊണ്ടുള്ള താഡനത്താൽ ശിശുവിന് നേരേ വന്നിരുന്ന വണ്ടിമറിഞ്ഞുവീണു. ആ വീഴ്ചകൊണ്ട് വണ്ടിയുടെ ചക്രങ്ങളും അച്ചുതണ്ടും ദൂരെ തെറിച്ചുപോയി. ഗോപസ്ത്രീകളും യശോദ മുതലായവരും നന്ദനാദികളായ ഗോപൻമാരും ഇതു കണ്ടിട്ട് തന്നെത്താനെ വണ്ടി എങ്ങിനെയാണ് മറിഞ്ഞു വീണു പൊളിഞ്ഞതെന്ന് പറഞ്ഞു വളരെ നേരം ചിന്തിച്ചു ഇന്ന വിധമാണ് ഈ വണ്ടി ഉടഞ്ഞുവീണതെന്ന് നിഞ്ചയിക്കാൻ കഴിയാതെ വാദിച്ചു കൊണ്ടിരുന്നു ഗോപൻമാരോടും ഗോപികകളോടും ഉണ്ണിക്കണ്ണന്റെ അടുത്തിരുന്ന കുട്ടികൾ പറഞ്ഞു. ' ഈ കുട്ടി കരഞ്ഞുകൊണ്ടുകിടന്ന് കാലുയർത്തിയപ്പോൾ ആ പാദം തട്ടിയതുകൊണ്ടാണ് ഈ വിധം വണ്ടിപൊളിഞ്ഞത്, ഞങ്ങൾ കണ്ടു കൊണ്ടിരിക്കയാണ് ഇതിൽ സംശയമില്ല' ആദ്യമൊക്കെ ഭാഗവത സപ്താഹത്തിന് ഈ കഥ അചാര്യൻ വിവരിക്കുമ്പോൾ സാമാന്യ ബുദ്ധിക്ക് നിരക്കാത്ത ഒരു കഥയാണെന്ന് തോന്നിയിരുന്നു എന്നാൽ ഇപ്പോൾ ശകടാസുരവധത്തിന്റെ താലപര്യം വളരെ ഉദാത്തമാണെന്ന് മനസ്സിലായി. കുട്ടിക്കാലം തൊട്ടേ ശകടത്തിനോടുള്ള അഭിനിവേശം മനസ്സിൽ വെച്ചു തന്നെ വധിച്ചുകളയണമെന്ന സന്ദേശമാണ് ഭാഗവതത്തിൽ ശകടാസുര വധത്തിൽ നൽകുന്നത്. പുതിയ തലമുറയിലെ എല്ലാ കുട്ടികളും വാഹന കമ്പക്കാരാണ്. ഏതു കമ്പനിയുടെ ഏതു മോഡൽ കാറും അവർക്ക് പെട്ടെന്ന് തിരിച്ചറിയാം. വാഹനങ്ങളോടുള്ള അമിതമായ ആസക്തി മുതിർന്നവരിലും കുറവല്ല. ബൈക്കുമോഷണത്തിലും കാറു മോഷണത്തിലും കുറ്റക്കാരായി പിടിക്കപ്പെടുന്നത് കൂടുതലും യുവാക്കളെയാണ്. മനോഹരങ്ങളായ ആഡംബരക്കാറുകൾ അതിവേഗത്തിൽ മറ്റുള്ളവരുടെ മുൻപിലൂടെ ഓടിച്ചു പോകുമ്പോൾ ലോകം തന്നെ കീഴടക്കിയ പോലെ അമിതമായ ആത്മവിശ്വാസവും അവേശവും അഭിമാനവും തോന്നുമെങ്കിലും അടിസ്ഥാന പരമായി എല്ലാ ശകടങ്ങളും ആസുരീകങ്ങളാണ്. അവസാനം കൊണ്ട്ചെന്നെത്തിക്കുന്നത് നാശത്തിലാണ്. മുൻപ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ രണ്ടാമത്തെ മകൻ സഞ്ജയ്ഗാന്ധി ഹെലികോപ്റ്ററിൽ ആകൃഷ്ടനായി ഹെലികോപ്റ്റർ പറത്തുന്നതിനിടയിൽ അപകടത്തിൽ പെട്ട് മരിച്ചു. മുൻ ഇറാക്കി പ്രസിഡന്റ് സദ്ദാം ഹുസൈന്റെ മകൻ ഉദയ് വലിയ വാഹന കമ്പക്കാരനായിരുന്നു. അമേരിക്കൻ സൈന്യത്തിന് കീഴടങ്ങുമ്പോൾ അവരുടെ കൊട്ടാരത്തിൽ പന്ത്രണ്ടോളം വിദേശ നിർമ്മിത കാറുകളുണ്ടായിരുന്നു. ഫിലിപ്പൈൻസ് മുൻപ്രസിഡന്റെ മാർക്കോസിന് ഹവായിലേക്ക് പാലായനം ചെയ്യേണ്ടി വന്നതിന്റെ ഒരു കാരണം. അദ്ദേഹത്തിന്റെയും ഭാര്യ ഇൽമേഡയുടേയും വാഹനകമ്പമായിരുന്നു. ജനരോഷത്തെ തുടർന്ന് നാടുവിട്ടപ്പോൾ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ എട്ട് വിദേശനിർമ്മിത ആഡംബരകാറുകൾ ഉണ്ടായിരുന്നു.

ഇല്ലാത്ത സ്റ്റാറ്റസ് കാണിക്കാൻ ലോണെടുത്ത് കാറുവാങ്ങിയിട്ട് ഇൻസ്റ്റാൾമെന്റടക്കാൻ ബുദ്ധിമുട്ടുന്നവരെ ധാരാളം കാണാം. ഒരു വ്യക്തിയെ നശിപ്പിക്കാൻ ഏറ്റവും എളുപ്പവും ആകർഷകവുമായ സൂത്രമാണ്. ഒരു ബൈക്കോ കാറോ വാങ്ങി സമ്മാനിക്കൽ. ജിഹാദിപ്രവർത്തനങ്ങൾക്ക് യുവാക്കളെ ആകർഷിക്കുന്നതിന്റെ ഒരു രീതി കൂടിയാണത്. ഒളിമ്പിക്സ് മെഡൽ ജേതാക്കൾക്ക് സച്ചിൻടെൻഡുൽക്കർ സ്നേഹപൂർവ്വം സമ്മാനിച്ച രണ്ടു BMW കാറുകൾ അവർ ബുദ്ധിപൂർവ്വം സച്ചിനെ തന്നെ തിരിച്ചേൽപ്പിച്ചത്. ആ അസുരൻമാരെ തീറ്റിപ്പോറ്റൽ അവർക്ക് ബാദ്ധ്യത അയിരിക്കുമെന്നുള്ള തിരിച്ചറിവു കൊണ്ടാണ് ഡൽഹിയിലെ പ്രഭാതങ്ങൾ ഇപ്പോൾ ഇരുണ്ടതാണ്. വാഹനപ്പെരുപ്പം മൂലം അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്ന പുകയാണത്രേ ഈ ഇരുട്ടിന് കാരണം. ഡൽഹി മെട്രോയിൽ ഒരു ദിവസം 35 ലക്ഷം പേർ സഞ്ചരിക്കുന്നുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. ഇവരിൽ 10 ശതമാനം പേർ സ്വന്തം വാഹനം ഉപയോഗിക്കുന്നവരായിരുന്നു. അതായത് മൂന്നര ലക്ഷം വാഹനങ്ങൾ നിരത്തിൽ നിന്നും ഒഴിവാക്കിയിട്ടുകൂടി അന്തരീക്ഷ മലിനീകരണം ഡൽഹി ജീവിതത്തെ ദുസ്സഹമാക്കിയിട്ടുണ്ട്.

ഒരു വ്യക്തി എന്ന നിലക്ക് ഓരോരുത്തർക്കും അന്തരീക്ഷ മലിനീകരണം കുറക്കാൻ ചെയ്യാവുന്നത് കഴിയുന്നതും യാത്രയ്ക്ക്പൊതുവാഹനം ഉപയോഗിക്കുകയെന്നതാണ്. ഒരേ ഓഫിസിൽ ജോലി ചെയ്യുന്നവർക്ക് മാറി മാറി അവരുടെ വാഹനങ്ങൾ ഷെയർ ചെയ്യാം അനേകം ദശലക്ഷവർഷങ്ങളായി ഭൂമിക്കടിയിൽ ഉറഞ്ഞ കൂടിയിരുന്ന ഇന്ധനങ്ങൾ കഴിഞ്ഞ നൂറ്നൂറ്റിഅമ്പതു വർഷങ്ങളായി നമ്മൾ ഉപയോഗിച്ചു തീർത്തുകൊണ്ടിരിക്കുകയാണ്. Green house effect,Global Warning,Ozone depletion,rise in sea level തുടങ്ങിയ വിഷയങ്ങൾ ഇന്ന് നിരന്തരമായി ചർച്ചചെയ്യപ്പെടുന്നു. അടുത്ത തലമുറക്കു വേണ്ടി കുറച്ച് ഇന്ധനം ബാക്കിവെച്ചിട്ട് നമുക്ക് പോകാം. അടുത്ത തലമുറയ്ക്ക് ശ്വസിക്കാൻ കുറച്ച് നല്ല വായു ബാക്കിവെച്ചിട്ട് നമുക്കു പോകാം അടുത്ത തവണ ഭാഗവതസപ്താഹത്തിന് ശകടാസുരവധം ആചാര്യൻ വിവരിക്കുമ്പോൾ ഈ കാര്യങ്ങൾ കൂടി ഓർമ്മിക്കുക. സ്വന്തം മനസ്സിൽ നിന്നും ശകടാസുരനെ വധിച്ചുകളയുക.

# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി

ഇത് യോഗദർശനം എന്ന ലേഖന പരമ്പരയുടെ നാലാം ഭാഗമാണ്. ഒന്നാം ഭാഗത്ത് പതജഞലി മുനിയെപ്പറ്റിയും രണ്ടിൽ യോഗദർശനത്തെപ്പറ്റി പൊതുവായും 3 ൽ ദർശനത്തിലെ ഒന്നാം സൂത്രത്തിന്റെ താല്പര്യവും പറഞ്ഞു.

തുടർന്ന് വായിക്കുക. രണ്ടാമത്തെ സൂത്രം കാണുക യോഗ ഃ ചിത്തവൃത്തി നിരോധ ഃ

ചിത്തവൃത്തികളുടെ നിരോധമാണ് യോഗം. യോഗം സമാധി തന്നെയെന്ന് മുമ്പ് പറഞ്ഞു. 'യുജ് സമാധൗ' എന്ന അർത്ഥത്തിൽ വ്യാസൻ ഈ ഒരർത്ഥമേ പറയുന്നുള്ളു.

ചിത്തമെന്നാൽ മനസ്സും ബുദ്ധിയും അഹങ്കാരവും ഒക്കെ ചേർന്ന അന്തഃകരണമെന്ന് അർത്ഥമടുക്കണം. വൃത്തി എന്നാൽ വ്യാപാരം എന്നർത്ഥം. ചിത്തം, കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി എന്നീ ഇന്ദ്രിയങ്ങളുമായി ബന്ധപ്പെടുന്നതിനെയാണ് വ്യാപാരം എന്നു പറയുന്നത്. സാധാരണക്കാരുടെ മനസ്സ് ഇന്ദ്രീയങ്ങളുടെ പിന്നാലെയാണ് പോവുക. കാലത്ത് പട്ടിയെയും കൂട്ടി നടക്കാനിറങ്ങുന്നവരെ കണ്ടിരിക്കും. യഥാർത്ഥത്തിൽ പട്ടിയുടെ ചങ്ങല പിടിച്ചിരിക്കുന്നവനാണ് യജമാനൻ. പട്ടി അയാളുടെ കീഴിലുള്ള ജന്തുവാണ്. എന്നാൽ പലപ്പോഴും പട്ടി മുന്നിൽ നടക്കുന്നതും നയിക്കുന്നതും യജമാനൻ പട്ടിയുടെ പിന്നാലെ പോകുന്നതും കാണാം. ഇതുപോലെ വാസ്തവത്തിൽ ഇന്ദ്രിയങ്ങൾ ചിത്തത്തിന്റെ ഉപകരണം മാത്രമാണ്. ചിത്തം അവയെ നിയന്ത്രിക്കുകയാണ് വേണ്ടത്. പക്ഷെ മറിച്ചാണ് സംഭവിക്കുന്നത്. മനസ്സ് ഇന്ദ്രിയങ്ങളുടെ പിറകെ പോവും. മനസ്സിന്റെ ഇത്തരം വൃത്തികളെ, വ്യാപാരങ്ങളെ, ചിന്തകളെ പുറത്തുള്ള വസ്തുക്കളിൽ നിന്ന് പിൻവലിച്ച് അന്തർമുഖമാക്കി ചിത്തത്തിന്റെ കാരണരൂപമായ ചൈതന്യത്തിൽ ഉറപ്പിക്കുന്നതാണ് യോഗം. അതായത് ചിത്തവൃത്തികളുടെ നിരോധമാണ് യോഗം എന്നർത്ഥം.

ഭാരതീയ മനഃശാസ്ത്രത്തിന്റെ ഔന്നത്വം യോഗസാസ്ത്രത്തിൽ ദർശിക്കാൻ കഴിയും.

ലോകസൃഷ്ടിക്കു നിദാനമായിരിക്കുന്നത് ത്രിഗുണങ്ങളാണ്. തമസ്സ്, രജസ്സ്, സത്വം എന്നിങ്ങനെ മൂന്നു ഗുണങ്ങൾ.

ഉറക്കം, മടി, ഭയം, അലസത, ദീനത, ഭ്രമം മുതലായവ തമോ വൃത്തികളുടെ ലക്ഷണമാണ്. ദുഃഖം, ചഞ്ചലത, ചിന്ത, കർമ്മം എന്നിവ രജോഗുണത്തിൽ പെടും. സുഖം, പ്രസന്നത, ക്ഷമ, ശ്രദ്ധ, ധൈര്യം, ഉത്സാഹം , വീര്യം, ദാനം, ദയ, ചൈതന്യം മുതലായവ സത്വവൃത്തികളാണ്.

കാമം, ക്രോധം, ലോഭം, മോഹം മുതലായവ തമസ്സിന്റെ ധർമ്മങ്ങളാണ്. രാഗദ്വേഷങ്ങൾ രജസ്സിന്റെയും, അനാസക്തിയും നിഷ്കാമ കർമ്മവും സത്വത്തിന്റെയും ധർമ്മങ്ങളാണ്. സ്വാഭാവികമായും ആദ്യവിഭാഗത്തിൽ പെടുന്നവർ നീച മനുഷ്യരും, രണ്ടാമത്തതിൽ പെടുന്നവർ സാധാരണ മനുഷ്യരും സാത്വികർ ഉന്നതശ്രേണിയിൽ പെടുന്നവരും ആണ്.

ഇവയിൽ ഒന്ന് പരിണമിച്ച് അതായത് മാറി മറ്റൊന്നായി തീരാം. അതിനെയാണ് പരിണാമം എന്നു പറയുന്നത്. ചിത്തം സത്വപ്രധാനമായ ഒരു പരിണാമമാണ്. അതിനാൽ ഇതിന് ചിത്തസത്വം എന്നും പേരുണ്ട്. ഈ കാണുന്ന ലോകം തമസ്സിന്റെയും രജസ്സിന്റെയും പരിണാമമാണ്. അവയുടെ സമ്പർക്കത്തിൽ വരുമ്പോൾ അത് ബാഹ്യമോ ആഭ്യന്തരമോ ആവട്ടെ ചിത്തസത്വത്തിൽ എപ്പോഴും ഗുണ പരിണാമം ഉണ്ടാവും. അതാണ് ചിത്ത വൃത്തികൾ.

ചിത്തം സമുദ്രമാണെന്നു വിചാരിക്കുക. അത് സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ആകൃതി അതു സ്വീകരിക്കും. കുന്നിന്റെയും കുഴിയുടെയും ആകൃതി ഉണ്ടാകാം. അതുപോലെ ചിത്തം നമ്മുടെ ഉള്ളിലെ കാമം, ക്രോധം, രാഗം, ദ്വേഷം, ലോഭം, മോഹം ഇവയുടെ രൂപത്തിൽ മാറും. ഇവ തന്നെ വൃത്തികൾ (Modifications). സമുദ്രത്തിൽ തന്നെ കാറ്റടിക്കുമ്പോൾ തിരമാലകൾ ഉയർന്നു വരും. അതുപോലെ ചിത്തം പുറത്തുള്ള ഇന്ദ്രിയങ്ങളെക്കൊണ്ട് ഭോഗവസ്തുക്കളുമായി ബന്ധപ്പെടുമ്പോൾ അവയുടെ രൂപം പ്രാപിക്കും. അവയും ചിത്തവൃത്തികൾ തന്നെ. ഇവ അനേകമാണ്. നിമിഷം തോറും മാറുന്നവയുമാണ്.

എന്നാൽ ഭൂമിയുമായും വായുവുമായും സമ്പർക്കമുണ്ടായില്ലെങ്കിലോ? ആ ആകൃതികളൊക്കെ

അപ്രത്യക്ഷമാവും. അതിന്റെ സ്വന്തം രൂപത്തിൽ ഉറച്ചു നിൽക്കും. ഇതുതന്നെ ചിത്തവൃത്തി നിരോധം. അതു തന്നെ യോഗം.

തമസ്സിന് അനങ്ങാത്ത സ്വഭാവമാണ്, മടിയാണ്. രജസ് ഇളക്കമാണ്, കർമ്മമാണ്. സത്വം ജ്ഞാനമാണ്, പ്രകാശമാണ്. ജ്ഞാനസ്വാഭാവമുള്ള ചിത്തസത്വത്തിൽ രജസ്സും തമസ്സും ചേരുമ്പോൾ, എനിക്ക് പണം വേണം, അതു ചെയ്യണം, ഇതു ചെയ്യണം, ദ്രോഹിക്കണം എന്നൊക്കെ തോന്നും. ഇതിൽ നിന്ന് തമസ്സ് നശിച്ചാലോ? ധർമ്മത്തിൽ, ജ്ഞാനത്തിൽ, വൈരാഗ്യത്തിൽ ശ്രദ്ധ വരും. അതിൽ നിന്ന് രജസ്സും വിട്ടു പോയാലോ? അതായത് തമസ്സും രജസ്സും അല്പമാത്രവുമില്ലാതായാൽ അതിനെയാണ് സ്വരൂപനിഷ്ഠമെന്നു പറയുന്നത്. അപ്പോൾ അത് ചിത്തസത്വവും ജീവ ചൈതന്യവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയും. അതായത് തിരിച്ചറിവുണ്ടാകും, വിവേകം ഉദിക്കും. വിവേകം നിറയുമ്പോൾ ചിത്തം സമാധിയുടെ തലത്തിലേക്കുയരും. ഇതിനെ സാങ്കേതികമായി 'ധർമ മേഘ സമാധി' എന്നൊക്കെ വിളിക്കും. ധർമ്മം വർഷിക്കുന്ന അവസ്ഥയാണിത്. ചിത്തവും അതിനെ പ്രവർത്തിപ്പിക്കുന്ന ചിതിശക്തിയും രണ്ടാണ്. ചിതിശക്തി അഥവാ ജീവാത്മാവ് മാറാത്തതും ചിത്തം മാറിക്കൊണ്ടിരിക്കുന്നതുമാണെന്നറിയും ചിത്തം സത്വഗുണംകൊണ്ട നിറഞ്ഞതാണെങ്കൽ പോലും പുരുഷനിൽ നിന്ന്, ആത്മാവിൽ നിന്ന് വ്യത്യസ്തനാണെന്നറിയുന്നതാണ് വിവേകഖ്യാതി അഥവാ വിവേകബുദ്ധി. സമ്പ്രജ്ഞാത സമാധി എന്നൊക്കെ ഇതിനെ വിളിക്കും.

ഈ വിവേക ഖ്യാതിയിൽ നിന്നും ക്രമേണ വൈരാഗ്യം സംഭവിക്കും. അതായത് അതും നിരോധിതമാകും. അപ്പോൾ നിർബീജ സമാധി അതായത് അസമ്പ്രജ്ഞാത സമാധി കിട്ടും.


ചിത്തത്തിന് അഞ്ച് അവസ്ഥകളുണ്ട്. അതായത് നമ്മുടെ മനസ്സുകളൊക്കെ അഞ്ചിലേതെങ്കിലും അവസ്ഥയിലായിരിക്കും ഇരിക്കുന്നത്. ത്രിഗുണങ്ങളുടെ ഏറ്റക്കുറച്ചിലനുസരിച്ചാണ് ഈ അവസ്ഥകൾ. അവ ഏതൊക്കെ? എങ്ങിനെ അതിൽ പുരോഗതി നേടാം? നമുക്ക് തുടർന്നു കാണാം●

**ആന പിടിച്ചലിളകാത്തൊരു തടി**
**ശ്വാവിനുകൊണ്ടു ഗമിക്കായ് വരുമോ?**
*********
**ചതിപെട്ടാൽ പുനരെന്തരുതാത്തൂ**
**ഗതികെട്ടാൽ പുലിപുല്ലും തിന്നും**

**-കുഞ്ചൻ നമ്പ്യാർ**

## 3-ാം ചരമവാർഷികം


**19. 01 .2017**



**പി. എ. നാരായണപിള്ള**
**പേരേപ്പറമ്പിൽ**
**വട്ടേക്കുന്നം, ഇടപ്പള്ളി നോർത്ത് പി.ഒ**
**കൊച്ചി 682024**

## 23-ാം ചരമവാർഷികം

**21. 01 .2017**



**മേലങ്ങത്ത് ഗോവിന്ദൻകുട്ടി മേനോൻ**
**മേലങ്ങത്ത്**
**ആലപ്പാട്ട് റോഡ്, രവിപുരം, കൊച്ചി 682016**

***സന്തപ്ത കുടുംബാംഗങ്ങൾ***

(തുടർച്ച)

# മഹർഷി വസിഷ്ഠനും മഹർഷി വിശ്വാമിത്രനും



**ഡോ.രാജേശ്വരി കുഞ്ഞമ്മ.**

വസിഷ്ഠന്റെ ശാപം വിശ്വാമിത്രനെ പിൻതുടർന്നുകൊണ്ടേയിരുന്നു.ഇവിടെ നിന്നും പശ്ചിമഭാഗത്തു പോയി വീണ്ടും തപസ്സ് ആരംഭിച്ചു. വിശ്വാമിത്രൻ ഫലമൂലാദികൾ മാത്രം ഭക്ഷിച്ച് തപസ്സ് ചെയ്തു. ഇതേ കാലത്തുതന്നെ അയോദ്ധ്യാപതിയായ അംബരീക്ഷൻ യജ്ഞമാരംഭിച്ചു. അദ്ദേഹത്തിന്റെ യജ്ഞപശുവിനെ ഇന്ദ്രൻ അപഹരിച്ചു. യജ്ഞാശ്വത്തെ കിട്ടിയില്ലെങ്കിൽ പകരം മനുഷ്യനെ ബലിപശുവായി കൊണ്ടുവരാൻ പുരോഹിതൻ പറഞ്ഞു. ഈ അന്വേഷണത്തിൽ അദ്ദേഹം ഋഗുതുങ്ങ്ഗത്തിൽ ഇരിക്കുന്ന ഋചീകമുനിയെ കണ്ടു. അവിടെനിന്നും മദ്ധ്യപുത്രനായ ശുനശ്ശേപനെ കൊണ്ട് രാജാവ് യാത്രയായി. പുഷ്കരതീരത്ത് വിശ്രമിക്കുകയും അവിടെ തപസ്സുചെയ്യുന്ന വിശ്വാമിത്രനെ ശുനശ്ശേപൻ കാണുകയും ചെയ്തു. വാത്മീകി, ശുനശ്ശേപൻ വിശ്വാമിത്രസഹോദരി സത്യവതിയുടെ പുത്രനാണെന്നു പറയുന്നു. വേറൊരു കഥയും ഇതിനോടനുബന്ധിച്ചു കേൾക്കാറുണ്ട്. വിശ്വാമിത്രൻ കൗശികരാജ്യം ഭരിച്ചിരുന്നപ്പോൾ വിശ്വരഥൻ എന്നായിരുന്നു നാമധേയം. തങ്ങളുടെ ശത്രുവായിരുന്ന സമ്പാർ രാജാവിന്റെ മകളായ ഉഗ്രയെ വിശ്വരഥൻ വിവാഹം കഴിക്കുകയും സമ്പാർ രാജാവിനെ യുദ്ധത്തിൽ തോല്പിക്കുകയും ചെയ്തു. അസുരവംശയായ ഉഗ്രയെ സ്വീകരിക്കാൻ കൗശികരാജ്യക്കാരായ ആര്യന്മാർക്ക് സമ്മതമായില്ല. ഉഗ്ര വധിക്കപ്പെടുകയും മകൻ രക്ഷപ്പെടുകയും ചെയ്തുവെന്നും ഇത് വിശ്വേധര രാജാവിന് അറിയാൻ പാടില്ലായിരുന്നു എന്നും ആ ശുനശ്ശേപനാണ് അംബരീഷന്റെ യജ്ഞത്തിന് മൃഗമാകാൻ തുടങ്ങിയതെന്നും ഒരു കഥയുണ്ട്. എന്തായാലും ശുനശ്ശേപൻ വിശ്വാമിത്രനെ ശരണം പ്രാപിക്കുകയും ചെയ്തു. വിശ്വാമിത്രൻ തന്റെ പുത്രന്മാരോട് രാജാവിന്റെ യജ്ഞപശുക്കളായി ഭവിച്ചു അഗ്നിയെ തൃപ്തിപ്പെടുത്തണമെന്നു പറഞ്ഞു. പക്ഷെ പുത്രന്മാർ അനുസരിച്ചില്ല. അവസാനം വസിഷ്ഠപുത്രന്മാരെപ്പോലെ ചണ്ഡാളന്മാരായി ശ്വാവിന്റെ മാംസം ഭുജിക്കുന്നവരായി തീരാൻ ശപിച്ചു. അതിനു ശേഷം മന്ത്രങ്ങൾ ശുനശ്ശേപനെ പഠിപ്പിച്ചു. അംബരീഷന്റെ യജ്ഞം നടന്നു. ശുനശ്ശേപന് ദീർഘായുസ്സു ലഭിക്കുകയും ചെയ്തു.

കഠിനതപസ്സിൽ സന്തുഷ്ടനായ ബ്രഹ്മാവ് ഋഷിയായി ഭവിക്കാൻ വിശ്വാമിത്രനെ അനുഗ്രഹിച്ചു. അതൃപ്തനായ വിശ്വാമിത്രൻ വീണ്ടും തപസ്സാരംഭിച്ചു. ഇതിനിടയിൽ അപ്സര ശ്രേഷ്ഠയായ മേനകയിൽ അനുരക്തനായ വിശ്വാമിത്രൻ പത്തു വർഷത്തോളം മേനകയുമൊത്തു കഴിഞ്ഞു. അതിൽ പിറന്ന മകളാണ് ശകുന്തള. ഇത്രയും നാൾ താൻ കാമമോഹങ്ങൾക്ക് അടിമ പ്പെട്ടു 10 വർഷം കഴിഞ്ഞല്ലോ എന്ന ചിന്തയാൽ മേനകയെ ഉപേക്ഷിച്ച് ഉത്തരപർവ്വത ദിശയിലേക്കു പോയി വീണ്ടും കഠിന തപസ്സനുഷ്ഠിച്ചു. ഈ തപസ്സിന്റെ അഭൗമമായ ശക്തി മൂലം ദേവന്മാർ ഭയചകിതരായി.

അവസാനം ബ്രഹ്മാവ് ഋഷിമുഖ്യ സ്ഥാനം വിശ്വാമിത്രനു നൽകി. പക്ഷെ ബ്രഹ്മർഷി സ്ഥാനമാണ് വിശ്വാമിത്രന്റെ ആവശ്യം.

പക്ഷെ വിശ്വാമിത്രൻ ഇതുവരെ ജിതേന്ദ്രയനായി തീർന്നിട്ടില്ല എന്നും വീണ്ടും തപസ്സു ചെയ്യാനും ബ്രഹ്മാവ് ആവശ്യപ്പെട്ടു. മുനി ഊർദ്ധ്വബാഹുവായി നിരാലംബനായി പഞ്ചാഗ്നി മദ്ധ്യേ തപസ്സാരംഭിച്ചു. ഈ തപശ്ശക്തിയുടെ ചൂട് ദേവന്മാർക്ക് അസഹ്യമായി. അവർ തപസിനു വിഘ്നം വരുത്താൻ രംഭ എന്ന അപ്സരസിനെ അവിടേക്കയച്ചു. ഇതെല്ലാം ഇന്ദ്രന്റെ പണിയാണെന്നു മനസിലാക്കിയ മഹർഷി കല്ലായി തീരാൻ രംഭയെ ശപിച്ചു. ബ്രാഹ്മണപുത്രനായ വസിഷ്ഠൻ നിന്നെ മോചിപ്പിക്കും എന്നു കൂടി പറഞ്ഞു. അങ്ങനെ വീണ്ടും ജിതേന്ദ്രിയനാവാൻ വിശ്വാമിത്രനു കഴിഞ്ഞില്ല. ബ്രഹ്മർഷിത്വം കിട്ടുന്നതുവരെ തപസ്സ് തുടരാൻ നിശ്ചയിച്ച് ഹിമവൽ പ്രദേശം വെടിഞ്ഞ് കിഴക്കേ ദിക്കിലേക്കു പോയി.

കോപവും വൈരാഗ്യവും നിയന്ത്രിക്കാനുള്ള കഴിവ് പ്രാപ്തനാകാൻ വിശ്വാമിത്രനു കഴിയുന്നില്ല. വസിഷ്ഠനോടുള്ള പകയും പുകഞ്ഞുകൊണ്ടേയിരുന്നു. ഇതിനോടനുബന്ധിച്ച് വേറൊരു കഥ പറയാം. ഇക്ഷ്വാകു വംശജനായ കൽമഷപാദ എന്ന രാജാവ് കാട്ടിൽ കൂടി പോകുകയായിരുന്നു. ഒരു ഒറ്റയടി

പാതയിലേക്കു കടന്നു. ആ സമയം ഒരു സന്യാസി ആ വഴി വന്നു. വഴി മാറാത്ത ദേഷ്യത്തിൽ രാജാവ് ചാട്ടവാറുകൊണ്ട് സന്യാസിയെ പ്രഹരിച്ചു. ഒരു രാക്ഷസനായി തീരട്ടെ എന്ന് സന്യാസി രാജാവിനെ ശപിച്ചു. ഈ സമയം വിശ്വാമിത്ര മഹർഷി ആ വഴി വരികയായിരുന്നു. അദ്ദേഹത്തിനു രണ്ടുപേരേയും മനസിലായി. സംന്യാസി വസിഷ്ഠപുത്രന്മാരിൽ മൂത്തവനായ ശക്തിയാണെന്നും തനിക്കു പ്രതികാരം ചെയ്യാനുള്ള അവസരമാണെന്നും മനസിലാക്കി. അവിടെ മറഞ്ഞു നിന്നു. . ആ സമയം വിശ്വാമിത്രൻ കിങ്കരൻ എന്ന രാക്ഷസരൂപത്തെ രാജാവിൽ പ്രവേശിപ്പിച്ചു. രാജാവ് തിരികെ കൊട്ടാരത്തിലേക്കു പോയി. വഴിയിൽ വെച്ച് അദ്ദേഹം വിശപ്പുകൊണ്ടു വലയുന്ന ഒരു ബ്രാഹ്മണനെ കണ്ടു. ബ്രാഹ്മണൻ ആഹാരം യാചിച്ചു. രാജാവ്, ചോറിൽ മാംസം ചേർത്തു കൊടുക്കാൻ ദാസിയോടു പറഞ്ഞു. ബ്രാഹ്മണന് അദ്ദേഹത്തിന്റെ തപശ്ശക്തികൊണ്ട് ഈ ആഹാരം അശുദ്ധമാണെന്നു മനസിലായി. അദ്ദേഹം വീണ്ടും കൽമഷപാദനെ മനുഷ്യമാംസം തിന്നുന്ന രാക്ഷസനായി തീരട്ടെ എന്നു ശപിച്ചു. വീണ്ടും കാട്ടിലെത്തിയ കൽമഷപാദൻ വസിഷ്ഠന്റെ മറ്റു 99 മക്കളേയും ശിക്ഷിച്ചു. മഹർഷി വസിഷ്ഠന് കാര്യം മനസിലായി. പക്ഷെ യോഗീവര്യനായ വസിഷ്ഠന് പ്രതികാരം ചെയ്യാൻ കഴിയില്ല. അദ്ദേഹം സ്വയം ഇല്ലാതാകാൻ ശ്രമിച്ചു. പക്ഷെ നിയതി ആ ഉദ്യമങ്ങളിൽ നിന്നെല്ലാം മാറ്റി വസിഷ്ഠമഹർഷിയെ രക്ഷിച്ചു. പിന്നീട് കാട്ടിൽ വെച്ച് കൽമഷപാദനെ കാണുകയും അദ്ദേഹത്തിൽ അവശേഷിക്കുന്ന കിങ്കരനെ മാറ്റി ശാപവിമുക്തനാക്കുകയും ചെയ്തു. കൽമഷപാദൻ തെറ്റുകളേറ്റു പറഞ്ഞു കൃതാർത്ഥനായി.

ഈ ശക്തിയുടെ മകനാണ് പരാശരൻ. വസിഷ്ഠമഹർഷിയാണ് പരാശരനെ വിദ്യാഭ്യാസം ചെയ്യിച്ചതും വളർത്തിയതും. മുത്തച്ഛൻ പിതാവാണെന്നു കരുതിയാണ് പരാശരൻ വളർന്നത്. പക്ഷെ അമ്മ അദൃശനിയിൽ നിന്നും തന്റെ പിതാവ് ശക്തിയാണെന്നും രാക്ഷസൻ കൊന്നതാണെന്നും മറ്റും അറിഞ്ഞ് ഈ രാജാവിനെ കൊല്ലാൻ ശ്രമിച്ചുവെന്നും, വസിഷ്ഠൻ ധർമ്മമാർഗ്ഗത്തിലൂടെ ചരിക്കാൻ പ്രേരിപ്പിച്ചു എന്നുമാണ് കഥ. ഈ പരാശരനാണ് വേദവ്യാസന്റെ പിതാവ്.

## വിശ്വാമിത്രനും ഹരിശ്ചന്ദ്ര മഹാരാജാവും.

ഐതരേയ ബ്രാഹ്മണേയിലും മഹാഭാരതത്തിലും മാർക്കണ്ഡേയപുരാണത്തിലും ദേവീഭാഗവത പുരാണത്തിലും വർണ്ണിക്കുന്ന സത്യസന്ധനായ ഒരു രാജാവായിരുന്നു ഹരിശ്ചന്ദ്രൻ. മാർക്കണ്ഡേ




യപുരാണത്തിൽ ത്രേതായുഗത്തിൽ ജീവിച്ച ഹരിശ്ചന്ദ്രമഹാ രാജാവിന്റെ ഭാര്യ താരാമണി, മകൻ രോഹിത്. രാജാവ് കാട്ടിൽ നായാട്ടിനു പോയപ്പോൾ ഒരു സ്ത്രീയുടെ കരച്ചിൽ കേട്ടു. ഈ കരച്ചിൽ വിശ്വാമിത്രന്റെ തപസ്സു മുടക്കാൻ വിഘ്നേശ്വരൻ ഉണ്ടാക്കിയതാണെന്നും രാജാവിനെ കണ്ടപ്പോൾ വിഘ്നേശ്വരൻ രാജാവിന്റെ ശരീരത്തു പ്രവേശിച്ചുവെന്നും വിശ്വാമിത്രനെ കളിയാക്കിയെന്നും കഥ. വിശ്വാമിത്രനു ദേഷ്യം വന്നു. അങ്ങനെ തപശ്ശക്തി കുറഞ്ഞു. യാഥാർത്ഥ്യം മനസിലാക്കിയ ഹരിശ്ചന്ദ്രൻ ക്ഷമാപണം നടത്തിയെങ്കിലും ക്ഷമിക്കണമെങ്കിൽ ദക്ഷിണ ആവശ്യപ്പെട്ടുവെന്നും പറയുന്നു. ഹരിശ്ചന്ദ്രന്റെ അധഃപതനത്തിന്റെ വഴി തെളിച്ചു. ശവപ്പറമ്പിൽ ജോലി നോക്കിയ രാജാവിന് മകന്റെ ശവശരീരം അടക്കാൻ പോലും കഴിഞ്ഞില്ലായെന്നും അപ്പോഴും അദ്ദേഹം സത്യത്തെ മുറുകെ പിടിച്ചുവെന്നും കഥയുണ്ട്. അവസാനം സത്യം ജയിച്ചു. ദേവതകൾ പ്രത്യക്ഷപ്പെട്ടു എല്ലാം തിരികെ നൽകിയെന്നും ഉള്ള കഥ പ്രസിദ്ധമാണല്ലോ. സത്യസന്ധനാണ് ഹരിശ്ചന്ദ്രൻ എന്നു വസിഷ്ഠമഹർഷി പറഞ്ഞതാണിതിനെല്ലാം കാരണമെന്നും പറയപ്പെടുന്നു.വിശ്വാമിത്രനുമായി ബന്ധപ്പെട്ട ഒരു വ്യക്തിയാണ് പരശുരാമൻ. വിശ്വാമിത്രന്റെ അഛനായ ഗാധിയുടെ രാജ്യത്ത് രുചിക എന്ന ഋഷിവര്യൻ എത്തിച്ചേർന്നു. ഗാധിയുടെ മകളായ സത്യവതിയിൽ ആകൃഷ്ടനായ രുചിക രാജാവിനോട് കന്യാദാനം ആവശ്യപ്പെട്ടു. രാജാവ് ഒഴിയാൻ മറ്റു മാർഗ്ഗങ്ങൾ ഇല്ലാതിരുന്നതിനാൽ ഒരു ചെവി കറുപ്പുള്ള ആയിരം വെള്ള കുതിരകളെ ആവശ്യപ്പെട്ടു. മുനി വരുണനെ പ്രസാദിപ്പിച്ച് ആയിരം കുതിരകളെ രാജാവിനു കൊടുത്തു. ഒന്നും പറയാനില്ലാതിരുന്ന രാജാവ് കന്യാ

ദാനം നടത്തി. സത്യവതി ആശ്രമത്തിൽ താമസിച്ചു. ഒരു യഥാർത്ഥ ബ്രാഹ്മണന്റെ ഗുണഗണങ്ങളോടു കൂടിയ ഒരു പുത്രൻ ജനിക്കണമെന്ന് ആഗ്രഹിച്ച് രുചികൻ ദേവതകളോട് അഭ്യർത്ഥിച്ച് പ്രത്യേക പൂജ നടത്തി. പ്രസാദം സത്യവതിക്കു കൊടുത്തു. അതുപോലെതന്നെ സത്യവതിയുടെ അമ്മക്ക് ഒരു ക്ഷത്രിയ പുത്രനെ ലഭിക്കുവാൻ പ്രാർത്ഥിച്ച് പ്രസാദം സത്യവതിയുടെ മാതാവിനും കൊടുത്തു. മരുമകനിൽ കുറച്ച വിശ്വാസം കുറഞ്ഞ അമ്മ പ്രസാദം വെച്ചുമാറ്റി. ഗർഭലക്ഷണങ്ങൾ കണ്ടപ്പോൾ രുചികന് കാര്യം മനസിലായി. പക്ഷെ ഒന്നും ചെയ്യാനാകില്ല. അങ്ങനെ ക്ഷത്രിയനായ ഗാധിക്ക് ക്ഷത്രിയഗുണത്തിൽ ബ്രാഹ്മണ്യം നേടിയവനായ വിശ്വാമിത്രനും സത്യവതിക്ക് ബ്രാഹ്മണപുത്രനാണെങ്കിലും ക്ഷത്രിയസ്വഭാവമുള്ള ജമദഗ്നിയും ജനിച്ചു. ഈ ജമദാഗ്നിയാണ് പരശുരാമന്റെ പിതാവ്. മഴുവുള്ള രാമൻ പരശുരാമൻ. വിഷ്ണുവിന്റെ ആറാമത്തെ അവതാരമാണ് പരശുരാമൻ. ലോകം കണ്ടതിൽ വച്ച് അഗ്രഗണ്യനായ യുദ്ധവീരൻ. അദ്ദേഹം ഭീഷ്മരെ മാത്രമേ കുറച്ചെങ്കിലും തുല്യതയിൽ കരുതിയിരുന്നുള്ളു.

സീതാസ്വയംവരം കഴിഞ്ഞ് വിശ്വാമിത്രൻ ഉത്തരപർവ്വതത്തിലേക്കു പോയതിനുശേഷം അയോദ്ധ്യയിലേക്കു പോയ ദശരഥപുത്രന്മാരുടേയും വസിഷ്ഠന്റെയും മുൻപിൽ വാത്മീകിയുടെ ഭാഷയിൽ ഭീമാകാരനും ജടാമണ്ഡലധാരിയും ആയ ഭാർഗ്ഗവജമാഡ്യൻ ത്രിപുരസംഹർത്താവായ ശിവനെപ്പോലെ നിന്നുവെന്നാണ്. ക്ഷത്രിയ കുലം മുടിച്ച പരശുരാമന്റെ കോപാഗ്നിയെക്കുറിച്ച് എല്ലാവരും ചിന്തിച്ചു. ധനുർവേദം നടത്തിയ ശ്രീരാമനെ തന്റെ പിതാവിന്റെ വില്ലിൽ ഞാണേറ്റാനായി ക്ഷണിച്ചു. ഈ രണ്ടു വില്ലുകളും വിശ്വകർമ്മാവ് സൃഷ്ടിച്ചതാണ്. ഒരെണ്ണം ത്രിപുര വധത്തിന്. അതാണ് ശ്രീരാമൻ കുലച്ചത്. രുദ്രധനുസിനോടു കിടപിടിക്കുന്ന വൈഷ്ണവധനുസാണ് പരശുരാമന്റെ പക്കലുള്ളത്. ഇതിന്റെ കഥ ഇങ്ങനെയാണ്.വിഷ്ണുവും ശിവനും തമ്മിൽ ദേവന്മാർ വിരോധമുണ്ടാക്കുകയും ഘോരയുദ്ധം ഉണ്ടാകുകയും ചെയ്തു. ശൈവധനുസ് ഞാണററു. അവസാനം സൂക്ഷിക്കാനായി രുദ്രധനുസ് വിദേഹരാജാവായ ദേവരാതനെ ഏൽപിച്ചു. വിഷ്ണുധനുസ് ഋചികന്റെ പക്കലും കൊടുത്തു. ഋചീകമഹർഷിയുടെ പുത്രനായ ജമദാഗ്നിയെ ഏൽപ്പിച്ചു. ജമദാഗ്നി ആയുധങ്ങളുപേക്ഷിച്ച് തപസിൽ മുഴുകിയിരുന്ന സമയം അവിവേകിയായ കാർത്തവീരാർജ്ജുനൻ അദ്ദേഹത്തെ കൊലചെയ്തു. ഇങ്ങനെ ക്ഷത്രിയരോടുള്ള വിരോധത്താൽ ക്ഷത്രിയരെ മുഴുവൻ കൊന്നെടുക്കുവാൻ പരശുരാമൻ തുനിഞ്ഞുവെന്നാണ് കഥ. ഈ കഥ മുഴുവനും കേട്ട ശ്രീരാമൻവില്ലെടുത്ത് ശരം തൊടുത്തിട്ടു പറഞ്ഞു, അങ്ങ് ബ്രാഹ്മണനാണ്. വിശ്വാമിത്രമഹർഷിയുടെ ബന്ധുവാണ്. എനിക്കും പൂജ്യനാണ്. അതുകൊണ്ട് അങ്ങയെ കൊല്ലാൻ എനിക്കു കഴിയില്ല.

പരശുരാമൻ രാമനോട് വിടവാങ്ങി പർവ്വതശ്രേഷ്ഠനായ മഹേന്ദ്രത്തിലേക്കു പോയി എന്നാണ്. പിന്നീട് രാമൻ വസിഷ്ഠപ്രമുഖരായ ഋഷിമാരെ അഭിവാദനം ചെയ്ത് യാത്ര തുടർന്നു.വിശ്വാമിത്രനും വസിഷ്ഠനും തമ്മിലുള്ള വൈര്യം ബ്രഹ്മർഷിപദം എന്ന ചിന്തയേക്കുറിച്ചാണെന്ന് വിശ്വാമിത്രൻ ധരിച്ചു.വർഷങ്ങളോളം ഉഛ്വാസം പോലും നിയന്ത്രിച്ച് വിജേന്ദ്രിയനാവാൻ വിശ്വാമിത്രൻ കഠിന പ്രയത്നം ചെയ്തു. അദ്ദേഹം കിഴക്കേ ദിക്കിൽ പോയി മൗനവൃതമനുഷ്ഠിച്ച് കഠിന തപസ്സാരംഭിച്ചു. അങ്ങനെ ആഹാരം വെടിഞ്ഞ മുനി വ്രതം കഴിഞ്ഞപ്പോൾ അന്നം കഴിക്കാൻ തുടങ്ങി. മുനിയെ പരീക്ഷിക്കാൻ ദേവന്മാർ വേഷം മാറി വന്ന് അന്നം യാചിച്ചു. അന്നം മുഴുവൻ കൊടുത്തു, ഒന്നും മിണ്ടയില്ല. വർഷങ്ങളോളം ശ്വാസം നിയന്ത്രിച്ചതു കാരണം അദ്ദേഹത്തിന്റെ മൂർദ്ധാവിൽനിന്നും ധൂമം പൊങ്ങി. ലോകം മുഴുവൻ ചൂടിൽ പെട്ടു. അവസാനം ബ്രഹ്മദേവൻ വന്നു ബ്രഹ്മർഷേ എന്നു വിളിച്ചു. ബ്രാഹ്മണ്യത്തെപ്രാപിച്ചിരിക്കുന്നുവെന്നു പറഞ്ഞു. ഇതു കൂടാതെ മുനി ആവശ്യപ്പെട്ട ബ്രഹ്മജ്ഞാന സാധനയും യജ്ഞസാധനയും വേണമെന്നും വസിഷ്ഠമഹർഷി അങ്ങനെ പറയണമെന്നും ആവശ്യപ്പെട്ടു. വസിഷ്ഠനെ ദേവന്മാർ അഭയം പ്രാപിച്ചു. വസിഷ്ഠൻ അങ്ങനെതന്നെയാവട്ടെ എന്നു പറഞ്ഞു. വസിഷ്ഠനെ കാണാനായി വിശ്വാമിത്രൻ പോയി. മുനിവര്യന്മാർ തനിക്കൊപ്പമുള്ളവരെ കണ്ടാൽ അഭിവാദ്യമർപ്പിക്കുകയും താഴെതലത്തിലുള്ളവരെ അനുഗ്രഹിക്കുകയുമാണ് പതിവ്. വസിഷ്ഠൻ വിശ്വാമിത്രനെ ആദ്യം അനുഗ്രഹിച്ചു. പക്ഷെ വിശ്വാമിത്രന് ഒരു വിഷമവും തോന്നിയില്ല. ഗർവ്വ് മാറിയെന്നു മനസിലാക്കിയ വസിഷ്ഠൻ വിശ്വാമിത്രനെ അഭിവാദ്യം ചെയ്തു. അങ്ങനെ അവരുടെ വിരോധവും ശമിച്ചു. വിശ്വാമിത്രൻ ഒരിക്കൽ വസിഷ്ഠനെ സന്ദർശിക്കാൻ ആശ്രമത്തിലെത്തി. ആ സമയം വസിഷ്ഠനും ഭാര്യ അരുന്ധതിയും തമ്മിൽ വിശ്വാമിത്രനെക്കുറിച്ച് സംസാരിക്കുന്നത് അദ്ദേഹം കേട്ടു. വിശ്വാമിത്രൻ ധൈര്യവാനായ മഹദ്വ്യക്തിയാണെന്നുള്ള വസിഷ്ഠന്റെ അഭിപ്രായം വിശ്വാമിത്രൻ ഒളിഞ്ഞുനിന്നു കേട്ടു. വസിഷ്ഠനോടുള്ള വിരോധത്തിൽ ലജ്ജ ദോന്നിയ വിശ്വാമിത്രൻ തല ഭിത്തിയിൽ തല്ലി. ഇതു കണ്ട



വസിഷ്ഠൻ തടഞ്ഞു. വിശ്വാമിത്രൻ ലജ്ജിതനായി താഴെ വീണു. വസിഷ്ഠന്റെ കാൽക്കൽ വീണ വിശ്വാമിത്രനെ വസിഷ്ഠൻ പിടിച്ചെഴുന്നേൽപ്പിച്ചു. വസിഷ്ഠൻ വിശ്വാമിത്രനെ സ്പർശിച്ചപ്പോൾ തന്നെ ശരീരം മുഴുവൻ എന്തോ ദിവ്യ ശക്തി പ്രവഹിക്കുന്നതായി തോന്നിയ വിശ്വാമിത്രൻ സമാധിയിലേക്കു നീങ്ങി. അങ്ങനെ സമാധിയിൽ മുഴുകിയ സമയം അദ്ദേഹം ഏതോ അവാച്യമായ ആനന്ദലബ്ധിയിലൂടെ പ്രപഞ്ചശബ്ദം കേൾക്കുവാനിടയായി. അങ്ങനെയാണ് ഗായത്രീമന്ത്രം ഉണ്ടായതെന്നു പറയപ്പെടുന്നു. ഗായത്രീമന്ത്രം ജപിച്ചാൽ മനുഷ്യന്റെ ജീവിത തടസങ്ങളിൽ നിന്നും മുക്തി ലഭിക്കും. ജ്ഞാനവും ആത്മീയ വളർച്ചയും ഉണ്ടാകുമെന്നും പറയപ്പെടുന്നു. ഈ മന്ത്രത്തിന്റെ അപാരമായ ദിവ്യശക്തിയാൽ ഒരു ആപത്തും വരികയില്ല. ആ വ്യക്തി എവിടെയായിലും ബുദ്ധി വർദ്ധിക്കും. സംസാരശക്തിയും ചിന്താശക്തിയും പതിന്മടങ്ങു വർദ്ധിക്കുമെന്നും വിശ്വസിക്കുന്നുഏതാണ്ട് 2500 ... 3500 വർഷങ്ങൾക്കു മുൻപാണിതിന്റെ രചനയെന്നും വേദത്തിൽ പറയുന്നു.മന്ത്രം ജപിക്കുന്നയാളെ മാത്രമല്ല, അതു കേൾക്കുന്നയാളെയുംമുക്തിദായമാക്കുമെന്നാണ്. വ്യക്തികളുടെ മനസിനെ മാത്രമല്ല ആത്മാവിനേയും ബ്രഹ്മത്തേയും സംയോജിപ്പിച്ചു ആത്യന്തികമായ അനന്തമായ ആ ജ്ഞാനത്തെ പ്രദാനം ചെയ്യുകയും ചെയ്യുമെന്നാണ് വിശ്വാസം. ഗായത്രിമന്ത്രത്തിന്റെ ഉപജ്ഞാതാവ് വിശ്വാമിത്രനാണെന്നും 24 മഹർഷിമാർക്കു മാത്രമേ ഈ മന്ത്രത്തിന്റെ അർത്ഥവ്യാപ്തിയെ ശരിക്കും മനസിലാക്കിയിട്ടുള്ളുവെന്നും അതിൽ ഒന്നാമൻ വിശ്വാമിത്രനും രണ്ടാമൻ യാജ്ഞ്യവൽക്കനുമാണെന്നും പറയപ്പെടുന്നു.

വിശ്വാമിത്ര മഹർഷിയും വസിഷ്ഠമഹർഷയും തമ്മിലുണ്ടായ വൈരത്തിന്റെ ഒരുപാടു കഥകൾ കേൾക്കുന്നുണ്ട്. വസിഷ് ന്റെ ഭാര്യ അരുന്ധതീദേവിയും വിശ്വാമിത്രനും തമ്മിലുണ്ടായ ഒരു തർക്കം അക്കാലത്ത് ഉണ്ടായിരുന്ന സ്ത്രീകളുടെ ബുദ്ധിശക്തിക്കും ആത്മീയ ശക്തിക്കും ഉദാഹരണമായി എടുത്തു പറയാവുന്നതാണ്. ഒരു ശ്രാദ്ധദിനത്തിൽ വസിഷ്ഠൻ വിശ്വാമിത്രനെ വിരുന്നിനു ക്ഷണിച്ചു. പിതൃക്കളെ ഓർമ്മിക്കുന്ന ദിവസത്തിൽ ബ്രാഹ്മണരേയും മുനിവര്യന്മാരേയും ക്ഷണിക്കുക പതിവാണല്ലോ. വിശ്വാമിത്രൻ വരാമെന്നു പറഞ്ഞു, പക്ഷെ 1008 കറികൾ വേണം. വസിഷ്ഠൻ വീട്ടിൽ പറയാമെന്നു സമ്മതിച്ചു. വഴക്കുണ്ടാക്കാൻ കാരണം കാത്തിരുന്ന വിശ്വാമിത്രന്റെ ഇലയിൽ 10 കറികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിശ്വാമിത്രൻ ചോദിക്കുന്നതിനു മുൻപുതന്നെ അരുന്ധതി ഒരു ശ്ലോകം ചൊല്ലി. അതു വിശ്വാമിത്രനെ സ്തബ്ധനാക്കി. അതിന്റെ അർത്ഥം ഇങ്ങനെയാണ്. ശ്രാദ്ധദിനത്തിൽ കയ്പക്ക (പാവക്ക) 100 കറിക്കു സമമാണ്. പിറന്തായ് (cissus quadrangilas)300 കറിക്കും ചക്ക 600 കറിക്കും തുല്യം. ഈ മൂന്നു കറികളും 8 മറ്റു കറികളും കൂടി വിളമ്പിയപ്പോൾ മൊത്തം 1008 കറിയായി. ഈ വിശദീകരണത്തിൽ വിശ്വാമിത്രൻ സന്തുഷ്ടനായി. ഇങ്ങനെ തമിഴ് കൃതികളിലും അരുന്ധതീദേവിയേക്കുറിച്ചും വസിഷ്ഠൻ വിശ്വാമിത്രൻ എന്നിവരേക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്. രാമായണ ബാലകാണ്ഡത്തിൽ വാത്മീകി വിശ്വാമിത്രമഹർഷി രാമലക്ഷ്മണന്മാരെ കൂട്ടിക്കൊണ്ടു പോകാനായി വരുന്നതായി വിവരിക്കുന്നു. വിശ്വാമിത്രമഹർഷി ഒരു വലിയ യോദ്ധാവായിരുന്നുവെന്നും അസുര നിഗ്രഹത്തിനായി അവതരിച്ച ശ്രീരാമനേയും ലക്ഷ്മണനേയും യുദ്ധവീരന്മാരാക്കാൻ നടത്തിയ വിവരങ്ങളും വിശദമായി പ്രതിപാദിക്കുന്നു.ക്ഷീണമോ വിശപ്പോ രാമല ക്ഷ്മണന്മാരെ അലട്ടാതിരിക്കാൻ 'ബല' 'അതിബല' എന്ന മന്ത്രം രാമലക്ഷ്മണന്മാർക്ക് അവരുടെ ഗുണങ്ങളെ പല മടങ്ങ് വർദ്ധിപ്പിക്കുമെന്നു കൂടി അറിയിച്ചു. താടകയെ വധിക്കുമ്പോൾ സ്ത്രീവധമാകുമോ എന്നു സംശയമുദിച്ചപ്പോൾ ധർമ്മപരിപാലനത്തിനായി രാജധർമ്മമാണെന്ന് അവരെ മനസിലാക്കിക്കൊടുത്തു. പിന്നീട് ദണ്ഡചക്രം, ധർമ്മചക്രം, കാലചക്രം, വിഷ്ണുചക്രം, ഐന്ദ്രചക്രം, വജ്രാസ്ത്രം, ശൈവശൂലം, ബ്രഹ്മശി

രോസ്ത്രം, ഐഷികം, ദേവചക്രം, ബ്രഹ്മാസ്ത്രം എന്നിവയും നൽകി. മോദകി, ശിഖരി എന്നീ ഗദകളും ധർമ്മപാശം, കാലപാശം, വരുണപാശം എന്നീ ദിവ്യായുധങ്ങളും ശുഷ്കം, ആദ്രം എന്നീ രണ്ടു അശനികളും പൈനാകം, നാരായണം, ശ്രേഷ്ഠമായ ആഗ്നേയാസ്ത്രവും, പ്രഥമ എന്ന അസ്ത്രവും ക്രൗഞ്ചാസ്ത്രവും കൊടുത്തു. കൂടാതെ കലാപം, കിങ്കിണി എന്നീ അസുരാസ്ത്രങ്ങളും നന്ദനം എന്ന മഹാസ്ത്രവും അസിരണം എന്ന ഉടവാളും മാദനം എന്ന തടുക്കാനാവാത്ത അസ്ത്രം,സത്യാസ്ത്രം, മായാമായം, സോമാസ്ത്രം, ത്വാഷ്ട്രം ഇങ്ങനെ മഹർഷിക്കധീനമായിരുന്നതെല്ലാം രാമന് കൊടുത്തു. രാമരാവണയുദ്ധത്തിന്റെ വിജയം തന്നെ ഇവിടെ നിന്നും തുടങ്ങുന്നു. വിഷ്ണുപുരാണത്തിലും ഭാരതത്തിലും വിശ്വാമിത്രവിവരണങ്ങൾ ലഭിക്കുന്നു. വസിഷ്ഠമുഹർഷിയെക്കുറിച്ചു പറയുമ്പോൾ വിശ്വാമിത്രനും വിശ്വാമിത്രനെക്കുറിച്ചു വിവരിക്കുമ്പോൾ വസിഷ്ഠമഹർഷിയും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു. ഈ കഥകൾ ഒരു കഥ എന്ന രീതിയിൽനിന്നും വ്യത്യസ്തമായി ഇന്നത്തെ തലമുറക്ക് മാത്സര്യം നമ്മെ എങ്ങനെയൊക്കെ നശിപ്പിക്കുന്നുവെന്നും, എന്തുതന്നെയായാലും ഉദ്ദേശിച്ച കാര്യങ്ങൾ നടത്തിയെടുക്കുമെന്നുള്ള നിലപാട് എങ്ങനെ വിനയാകുമെന്നും ഉള്ള രണ്ടു തത്വങ്ങൾ പ്രദാനം ചെയ്തു. സഹിഷ്ണുതയും കാമക്രോധലോഭങ്ങളിൽ നിന്നുമുള്ള മുക്തി എന്തെല്ലാം നമുക്കു തരുന്നുവെന്ന് വസിഷ്ഠമുനിയിൽ നിന്നും നമുക്ക് ഗ്രഹിക്കാം. ഏററവും നല്ല ശക്തി ശരീരബലം മാത്രമല്ല, നാം നേടിയെടുക്കുന്ന ആത്മീയശക്തിയാണ് ജീവിതത്തെ മുന്നോട്ടു നയിക്കാൻ പ്രേരിപ്പിക്കുന്നതും ഇതാണ്. ഭാരതീയ തത്വചിന്തയുടെ അടിസ്ഥാനം●

(അവസാനിച്ചു)

---

കവിത

# സൗപർണ്ണികാ തീരങ്ങളിൽ

**സുധാ അജിത്ത്**

അക്ഷയ വേദിയാം മൂകാംബികയിലരുളും
അക്ഷര സ്രോതസ്സിൽ നിത്യമാം ഉറവിടമേ!
ഈ പഞ്ചമരാഗ കീർത്തനാലാപനം
എങ്ങും പ്രഭചൊരിയും നവരാത്രി വേളതന്നിൽ
ഓങ്കാരപ്പൊരുളായ് പ്രണവ മന്ത്രമായ്
ഓരിതൾത്തുമ്പിലും ജീവനരാഗമായ് നീ!....
നിൻ സപ്തസ്വര വീണാനിനാദം, ലയമായ്
നാദപ്പൊരുളായ്, നിറയട്ടെ എന്നിലെന്നും!...
തുംബുരു നാരദവിദ്യാധരൻ നിത്യം
സുരതംബുരു മീട്ടി, മധുരം പാടിയുണർത്തുമീ
സൗപർണ്ണികാതിരങ്ങളിലാറാടി വന്നെത്തും
സാരസവർണ്ണ പീയുഷവാഹിനി നീ,
നിൻമൃദുപദവിന്യാസമഞ്ജീരശിഞ്ജിതനാദ
മല്ലേ ഈ കൈരളി തൻ സ്വരപദമേളനങ്ങൾ
പ്രണവപ്പൊരുളായ്, ആദിമമന്ത്രമായ്
പ്രപഞ്ചസൃഷ്ടിതൻ ഉറവിടമായ്
എങ്ങും നിറയും സത്യസൗന്ദര്യമായ് ആനന്ദമായ്
നിത്യനിരാമയം ഈ ജീവിതവാടിയിലെങ്ങും
വിരിയുന്ന സത്യസനാതന ചൈതന്യമേ
ഈ പൊൽത്താരിതളിലുണർന്നെങ്ങും നിറയു നീ!....
ഈ സൗപർണ്ണികതൻ വാസരപ്പൊൻവെയിൽ നാളങ്ങൾ
സപ്തമോഹിനീ നിൻ കണ്ഠാഭരണങ്ങളായ് !...
ഹിമശൃംഗവാഹിനിയാം സൗപർണ്ണികയിൽ
ഹൈമവതീ നീ നീരാടിയുണരുകയോ?
കുളിരല ചൂടും നിൻ സേദ്വബിന്ദുക്കളീ ഉൾപ്പുള
കമായ് പുൽനാമ്പിലുറയുന്നു ഹിമകണമോ ?...
ശാങ്കരഹൃദയ തന്ത്രിയെ തൊട്ടുണർത്തിയ
സാന്ദ്രമോഹിനീ നിൻ മന്ത്രനൂപര ധ്വനികൾ!...
മൂകമായ്ത്തീർന്നൊരീ തീർത്ഥസരോവര
ഭൂമിയിൽ അഞ്ജലീബദ്ധയായ് വന്ദിച്ചു
നില്പു ഞാൻ; വരമരുളുക, വരദായിനീ നീ
പ്രപഞ്ചജിവിത നാദലയമായെങ്ങും മുഴങ്ങും
പ്രഹേളികേ നിൻ മൃദുപാണിയലമരും ഈ
പൊൻവീണാസപ്തസ്വരനാദനിസ്വനങ്ങൾ
പ്രാപഞ്ചികാനന്ദദുന്ദുഭീനാദഭേരികളും!...
താമരയിലമരും താമരോത്ഭവപുത്രീ
താമസഹൃദയാന്ധകാരമകറ്റീടു നീ!
പ്രവാഹിനി , നീ പള്ളികൊണ്ടീടു മർത്യഹൃദയ
തടങ്ങളിലൊരു സത്വനിലയനമായ്!.....●

# സൗരപാതയിലെ സിംഹവും കാളയും ഞണ്ടും



**സി. രാമചന്ദ്രൻ**

സൂര്യൻ സഞ്ചരിക്കുന്നു എന്നു നമുക്കു തോന്നുന്ന പാതയും മധ്യരേഖയുമായി 23.5 ഡിഗ്രി ചരിവുണ്ട്. ഇതുമൂലം സൂര്യൻ ഒരു വർഷം ഖഗോളമധ്യരേഖയിൽ നിന്ന് 23.5 ഡിഗ്രി വടക്കോട്ടും അത്രതന്നെ തെക്കോട്ടും സഞ്ചരിക്കുന്നതായി ഭൂമിയിൽ നിന്ന് നോക്കുന്നവർക്ക് തോന്നും. ദിവസേന വരുന്ന സഞ്ചാരത്തിലെ മാറ്റം ഖഗോളത്തിൽ രേഖപ്പെടുത്തിയാൽ ഖഗോളമദ്ധ്യരേഖയ്ക്കു പുറമേ മറ്റൊരു വൃത്തം ലഭിക്കും. ഈ രേഖയാണ് ക്രാന്തികവൃത്തം (Ecliptic) ഖഗോളമധ്യരേഖയും ക്രാന്തികവൃത്തവും തമ്മിൽ 23.5 ഡിഗ്രി ചരിവുണ്ട്. സോഭാവികമായും ഈ വൃത്തങ്ങൾ രണ്ടു സ്ഥാനങ്ങളിൽ കൂട്ടിമുട്ടും. ഈ സ്ഥാനങ്ങളെയാണ് വിഷുവങ്ങൾ (Equinox) എന്നു പറയുന്നത്. ഈ സ്ഥാനങ്ങളിൽ സൂര്യൻ വരുമ്പോഴാണ് വിഷു ആഘോഷം. മേടത്തിലും തുലാത്തിലുമാണ് ഇതു സംഭവിച്ചിരുന്നത്. ഇന്ന് ഇതിനെ കാലാനുസൃതമായ സമയവ്യതിയാനങ്ങൾ ഉണ്ടെങ്കിലും ആഘോഷങ്ങൾ ഇപ്പോഴും പഴയതു പോലെ തന്നെ നടക്കുന്നു.

ക്രാന്തിവൃത്തത്തിനിരുവശവും 10 ഡിഗ്രി വീതി കണക്കാക്കി ആകാശത്ത് ഒരു ബൽറ്റ് സങ്കല്പിക്കാമെങ്കിൽ അതാണ് രാശി ചക്രം സോഡായ്ക് ബൽറ്റ്. ഇതിനെ 30 ഡിഗ്രി വീതമുള്ള പന്ത്രണ്ട് ഭാഗങ്ങളായി ഭാഗിച്ചിട്ടുണ്ട്. ഓരോ രാശിയിലും ഉൾപ്പെടുന്ന പ്രധാന നക്ഷത്രങ്ങളെ സാങ്കല്പികമായി കൂട്ടി യോജിപ്പിച്ച് ഓരോ ആകൃതിയും പൗരാണികർ സങ്കല്പിച്ചെടുത്തു. ആകാശത്തിന്റെ സ്ഥലഭാഗങ്ങളുടെ തിരിച്ചറിവിനെ വളരെ ബുദ്ധിപൂർവ്വം രൂപികരിച്ചെടുത്തിരിക്കുന്ന ഒരു മാർഗ്ഗമാണിത്. ചിങ്ങം (സിംഹം) ഒരു രൂപം ഇടവം (ഋഷഭം) കാളയുടെ രൂപം, കർക്കിടകം (ഞണ്ട്) എന്നിങ്ങിനെ പന്ത്രണ്ടു രൂപങ്ങളായി അതിനെ വക തിരിച്ചു. പാശ്ചാത്യരും പൗര്യസ്ത്യരും ഒരുപോലെ അംഗീകരിച്ചിരുന്ന ഒരു പായമെന്നല്ലാതെ ആകാശത്ത് ത്രാസോ, തേളോ, ആടോ ഒന്നുമില്ല.

മധ്യരേഖയ്ക്ക് ഇരുവശവുമായി സങ്കല്പിക്കപ്പെട്ടിട്ടുള്ള ഈ രാശിചക്രത്തിനകത്തുകൂടിയാണ് സൂര്യൻ ചലിക്കുന്നു എന്ന് നമുക്കു തോന്നുന്നതും ഭൂമിയും മറ്റെല്ലാ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും അടക്കം ചലിക്കുന്നതും. സൂര്യൻ ഒരു ഗ്രഹമാണെന്ന് പൂർവ്വികർ തെറ്റിദ്ധരിക്കാനുള്ള കാരണവും ഇതാണ്. ഭൂമി ഒരു ഗ്രഹമല്ല എന്നു വിചാരിക്കുവാനും ഇതു തന്നെയാണ് കാരണം. അതിൽ ആരും മനഃപൂർവ്വം ഒരു തെറ്റും വരുത്തിയിട്ടില്ല.

ഇന്ന് സൂര്യനോടൊപ്പം ഉദിച്ച ഒരു നക്ഷത്രം നാളെ നാലു മിനിറ്റ് (ഏകദേശം ഒരു ഡിഗ്രി മുമ്പേ ഉദിക്കുമെന്ന് പറഞ്ഞുവല്ലോ . ഒരു മാസം എന്നത് രാശി ചക്രത്തിൽ 30 ഡിഗ്രിയുമാണ്. സൂര്യൻ മേടം രാശിയിലൂടെ കടന്നു പോകുന്ന സമയമാണ് മേടമാസം. മേടത്തിൽ നിന്ന് ഇടവത്തിലേക്കുള്ള സംക്രമം കഴിഞ്ഞ് പിന്നെ ഒരു മാസം ഇടവത്തിൽ. അങ്ങനെ ഓരോ രാശിയിലൂടെ കടന്നു കടന്ന് പന്ത്രണ്ടും കഴിയുമ്പോഴാണ് ഒരു വർഷം തിരുന്നത്; മേടരാശിയിലേക്ക് വീണ്ടും പ്രവേശിക്കുന്നത്.

ചന്ദ്രന് ഈ പന്ത്രണ്ടു രാശികളിലൂടെ കടന്നു പോകുവാൻ 27 1 /3 ദിവസം മതി. 12 രാശികളിലായി 27 നക്ഷത്രങ്ങളെ (നക്ഷത്രസ്ഥാനങ്ങളെ) ആകാശത്ത് അടയാളപ്പെടുത്തിയിട്ടുണ്ട്. അത് അശ്വതിയിൽ തുടങ്ങി രേവതിയിൽ അവസാനിക്കുന്നു. ഒരു രാശിയിൽ രണ്ടേകാൽ (27/12) നക്ഷത്രം . ഇതിനെയാണ് നക്ഷത്രകൂറ് എന്ന് വാരഫലക്കാരൻ വിവക്ഷിക്കുന്നത്. ചന്ദ്രൻ അശ്വതി നക്ഷത്രത്തോടൊപ്പം (മൂന്നു നക്ഷത്രങ്ങൾ ചേർന്നതാണ് അശ്വതി). ഉദിക്കുന്ന ദിവസമാണ് അശ്വതി നാൾ. അന്ന് ജനിക്കുന്ന കുഞ്ഞിന്റെ ജന്മനാൾ അശ്വതി. പിറ്റേ ദിവസം ചന്ദ്രൻ ഭരണി നക്ഷത്രത്തോടൊപ്പമാണ് ഉദിക്കുക ഭരണി നാൾ . മേടം രാശിയിൽ അശ്വതിയും ഭരണിയും കാർത്തികയുടെ കാൽ ഭാഗവുമാണുള്ളത്. ഇടവത്തിൽ കാർത്തികയുടെ മുക്കാൽ ഭാഗവും രോഹിണിയുടെ മുഴുവൻ ഭാഗവും മകയിരത്തിന്റെ അരപങ്കുമാണുള്ളത്. അങ്ങനെ അതു തുടരും.

ഇരുപത്തയേഴായി ഭാഗിച്ച ക്രാന്തിവൃത്തത്തിന്റെ ഒരു ഖണ്ഡത്തിലൂടെ ചന്ദ്രൻ കടന്നു പോകുന്നത് ഒരു ദിവസം (27/ 27) കൊണ്ടാണെങ്കിൽ അത്രയും ഭാഗത്തൂടെ സൂര്യനു കടന്നുേ പോകുവാൻ ഏകദേ

ശം പതിമൂന്നര ദിവസം (365 /27) ആവശ്യമാണ്. ആ സമയത്തേയാണ് ഞാറ്റുവേല അഥവാ ഞായർ (സൂര്യൻ) വേള എന്നു പറയുന്നത്. സൂര്യൻ തിരുവാതിര നക്ഷത്രത്തോടൊപ്പമുള്ള പതിമൂന്നര ദിവസമാണ് തിരുവാതിര ഞാറ്റുവേല. ഇന്ന് കമ്പ്യൂട്ടറുകളുടെ സഹായത്തോടെ സൂക്ഷ്മമായി പരിശോധിച്ചാൽ ഈ കണക്കുകളിലെല്ലാം നേരിയ പിശുകുകൾ കണ്ടെത്താൻ നമുക്കു കഴിഞ്ഞേക്കാം. എന്നാൽ നഗ്നനേത്രങ്ങൾ കൊണ്ട് തുടർച്ചയായി നിരീക്ഷിച്ച് ഇതെല്ലാം കണ്ടെത്തിയ ലോകത്തെമ്പാടുമുള്ള പൂർവ്വസൂരികളെ നാം നമിച്ചേ മതിയാകൂ. എന്നാൽ അവരാരും അപ്രമാദികളായിരുന്നില്ല എന്നും അറിവുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

സൗരപാതയിലുള്ള 12 രാശികൾക്കു പുറമേ അതിനിരുവശവുമുള്ള നമുക്കു കാണാവുന്ന നക്ഷത്ര പ്രദേശങ്ങളെയും രാശികളായി തിരിച്ചിട്ടുണ്ട് ആകെ ഇന്ന് 88 രാശികളാണുള്ളത്. നക്ഷത്രങ്ങളെല്ലാം ആകാശത്തിന്റെ ഒരേ വിതാനത്തിൽ സ്ഥിതി ചെയ്യുന്നു എന്നത് നമ്മുടെ തോന്നലാണ്. അത് കാഴചയുടെ പരാധീനതയാണ്. അകലം കൂടും തോറും ദൂരം തിട്ടപ്പെടുത്താനുള്ള നമ്മുടെ കഴിവ് കുറയുന്നതു കൊണ്ടാണത്. നാം ഒരു രാശിയിൽ ഏതെങ്കിലും ഒരാകൃതി സങ്കല്പിച്ചു കാണുന്ന നക്ഷത്ര രാശിയിലെ നക്ഷത്രങ്ങൾ തമ്മിലും അത് സ്ഥിതിചെയ്യുന്ന തലങ്ങൾ തമ്മിലും നൂറു കണക്കിന് പ്രകാശവർഷം അകലം കണ്ടേക്കാം. സൗരയൂഥത്തിനു വെളിയിൽ മറ്റേതെങ്കിലും കോണിൽ നിന്നു നോക്കിയാൽ ഈ രൂപങ്ങളെല്ലാം വ്യത്യസ്ഥവുമായിരിക്കും. കാള മുതലയായും, ആട് ആനയായും മാറിയേക്കാം.

ഭൂമിയുടെ അച്ചുതണ്ട് വടക്കേ ധ്രുവത്തിൽ നിന്ന് വടക്കോട്ട് നീട്ടിയാൽ അത് ഖഗോള ധ്രുവത്തിലുള്ള ഒരു നക്ഷത്രത്തിൽ മുട്ടും. അതാണ് ധ്രുവനക്ഷത്രം (Pole Star). അത് അതേ സ്ഥാനത്ത് സ്ഥിരമായി നില്ക്കുന്നതായിട്ടാണ് തോന്നുക. വടക്കു ദിക്കറിയാൻ സഞ്ചാരികൾ ആശ്രയിച്ചിരുന്നത് ഇതിനെയാണ്. സൂക്ഷിച്ചും ശ്രദ്ധിച്ചും നിരീക്ഷിച്ചാൽ മറ്റു നക്ഷത്രങ്ങളെല്ലാം തിരിയുന്നത് ധ്രുവനക്ഷത്രത്തെ ആധാരമാക്കിയാണെന്നു തോന്നും. ഭൂമിയുടെ കറക്കത്തിന്റെ ആക്കം മധ്യരേഖയിൽ ഏറ്റവും കൂടുതലും ധ്രുവത്തിൽ ഒട്ടു തന്നെയും അനുഭവപ്പെടാത്തതിന്റെയും ഫലമാണത്. ഭൂമിയുടെ തെക്കേ അർദ്ധഗോളത്തിൽ നിന്നുനോക്കിയാൽ ധ്രുവനക്ഷത്രം കാണുക തന്നെയില്ല. തെക്കു ദിക്കറിയാൻ പൗരാണികരെ സഹായിച്ചിരുന്ന ഒരു നക്ഷത്ര മാതൃകയാണ്. ത്രിശങ്കു. ക്രിസ്ത്യാനികൾ അത് കുരിശിന്റെ ആകൃതിയിൽ സങ്കല്പിച്ചതിനാൽ തെക്കൻ കുരിശ് (Southern Star) എന്നാണതിനെ വിശേഷിപ്പിക്കുന്നത്.


ഗ്രഹങ്ങളെല്ലാം സൂര്യനെ വലം വയ്ക്കുന്നത് കൃത്യ വൃത്തത്തിലാണെന്നാണ് കോപ്പർ നിക്കസും ഗലീലിയോയും പോലും വിശ്വസിച്ചിരുന്നത്. വൃത്തം, സമചതുരം, സമഭുജത്രികോണം മുതലായവ ദൈവത്തിനു പ്രിയപ്പെട്ട ആകൃതികളാണത്രേ! എന്നാൽ ഗ്രഹങ്ങളുടെ സഞ്ചാരപഥം ദീർഘവൃത്ത ത്തിലാണെന്നും സൂര്യൻ അതിന്റെ (ദീർഘവൃത്തത്തിൽ) രണ്ടു കേന്ദ്രങ്ങളിൽ ഒന്നിനെ ആധാരമാക്കിയാണ് നിലകൊള്ളുന്നതെന്നും ജൊഹന്നാസ് കെപ്ലറാണ് കണ്ടു പിടിച്ചത്. ചില മാസങ്ങൾക്ക് മുപ്പതു ദിവസത്തിനുള്ളിൽ കൂടുതൽ സമയം വേണ്ടി വരുന്നത് അതുകൊണ്ടു കൂടിയാണ്●

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് 2017 ജനുവരി മാസം 8-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെയും, വയോമിത്രം മെഡിക്കൽ ക്യാമ്പ് ജനുവരി 9-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് മണിക്കും ഇകെഎൻഎം പോളിക്ലി നിക്കിൽ വച്ച് നടത്തുന്നതാണ്.**

**-ജനറൽ സെക്രട്ടറി**


## 34-ാം ചരമവാർഷികം

**29. 01 .2017**



**എഴുത്തുള്ളിൽ ശിവശങ്കരമേനോൻ**
**ഹരിശ്രീ 39/ 5400**
**രവിപുരം, കൊച്ചി 682016**

## എറണാകുളം ശിവക്ഷേത്രം ഉത്സവാഘോഷ പരിപാടികൾ
### (01.02.2017 (1192 മകരം 19) മുതൽ 08.02.2017 (1192 മകരം 26) വരെ




**ഒന്നാം ദിവസം 01.02.2017 ബുധനാഴ്ച (1192 മകരം 19)**

രാത്രി 7.00 ന് : **കൊടിയേറ്റം**

10.00 ന് : മേജർസെറ്റ് പഞ്ചവാദ്യത്തോടുകൂടി കൊടിപ്പുറത്ത് വിളക്ക്

**രണ്ടാം ദിവസം 2.02.2017 വ്യാഴാഴ്ച (1192 മകരം 20)**

രാവിലെയും വൈകുന്നേരവും : **കാഴ്ചശീവേലി** – ചെറുശ്ശേരി കുട്ടൻ മാരാർ

**മൂന്നാം ദിവസം 3.02.2017 വെള്ളിയാഴ്ച (1192 മകരം 21)**

രാവിലെയും വൈകുന്നേരവും : **കാഴ്ചശീവേലി** – പെരുവനം സതീശൻ മാരാർ

8.00 മുതൽ 10.00 വരെ : **തായമ്പക** – ഗുരുവായൂർ ഗോപൻ

രാത്രി 10.00 ന് : **മേജർസെറ്റ് കഥകളി** – പി.എസ്.വി. നാട്യസംഘം

**നാലാം ദിവസം (04 02 2017 (ശനിയാഴ്ച 1192 മകരം 22)**

രാവിലെയും വൈകുന്നേരവും : **കാഴ്ചശീവേലി** – പെരുവനം പ്രകാശൻ

8.00 മുതൽ : **തായമ്പക** – ശുകപുരം ദിലീപ്

7.00 മണി മുതൽ : **ഗാനമേള** – മധുബാലകൃഷ്ണൻ & പാർട്ടി

രാത്രി 10 മുതൽ : **മേജർസെറ്റ് കഥകളി** – പി. എസ്. വി നാട്യസംഘം

**അഞ്ചാം ദിവസം 05.02.2017 ഞായറാഴ്ച (1192 മകരം 23)**

രാവിലെയും വൈകുന്നേരവും : **കാഴ്ചശീവേലി** – പത്മശ്രീ. പെരുവനം കുട്ടൻ മാരാർ

വൈകിട്ട് 8.00 മുതൽ 10.00 വരെ : **ഡബിൾ തായമ്പക** – പോരൂർ ഉണ്ണികൃഷ്ണൻ, കല്പാത്തി ബാലകൃഷ്ണൻ

7.00 മുതൽ 9.30 വരെ : **ഭക്തിഗാനമേള** – ടി.എസ്. രാധാകൃഷ്ണൻ ത്യാഗബ്രഹ്മം

വൈകുന്നേരം 7.00 മുതൽ : **മെഗാഷോ** സിനിമാതാരം ഹരീശ്രീ അശോകനും സംഘവും

**ആറാം ദിവസം 06.02.2017 തിങ്കളാഴ്ച (1192 മകരം 24) – ചെറിയ വിളക്ക്**

രാവിലെ 7.30 ന് : **ശീവേലി** – തിരുമറയൂർ രാജേഷ് മാരാർ

8.00 മുതൽ 10.00 വരെ : **തായമ്പക** – കല്ലൂർ രാമൻകുട്ടിമാരാർ

രാത്രി 11.00 ന് : **ചെറിയവിളക്ക്** – തിരുമറയൂർ രാജേഷ്മാരാർ

**ഏഴാം ദിവസം 07.02.2017 ചൊവ്വാഴ്ച (1192 മകരം 25) – വലിയവിളക്ക്**

രാവിലെ 8.00 ന് : **ശീവേലി** – കിഴക്കൂട്ട് അനിയൻ മാരാർ

വൈകുന്നേരം 3.00 ന് : **പകൽപ്പൂരം –മേജർസെറ്റ് പഞ്ചവാദ്യം** – ചോറ്റാനിക്കര വിജയൻ മാരാർ **ക്ഷേത്ര കലാരൂപങ്ങളുടെ സംഗമം**

6.00 ന് : **പകൽപ്പൂരം അണിനിരക്കൽ, പാണ്ടിമേളം**–കിഴക്കൂട്ട് ശ്രീ. അനിയൻ മാരാർ **തങ്കക്കുടത്തിൽ കാണിക്കയിടൽ പ്രധാനം**

7.00 ന് : കൂട്ടവെടിവഴിപാട് തുടർന്ന് കരിമരുന്നു പ്രയോഗം

രാത്രി 9.00 മുതൽ : **മെഗാഫ്യൂഷൻ** – ബാലഭാസ്കർ, കരുണാമൂർത്തി

ക്ഷേത്ര മതിൽക്കകത്ത് രാത്രി 11.00 മുതൽ : **വലിയവിളക്ക്, പള്ളിവേട്ട**

**എട്ടാം ദിവസം 08.02.2017 ബുധനാഴ്ച (1192 മകരം 26) – ആറാട്ട്**

രാവിലെ 7.00 ന് : പള്ളിയുണർത്തൽ

9.00 മുതൽ : **ശിവേലി** – കക്കാട് രാജപ്പൻ മാരാർ

വൈകുന്നേരം 7.30 ന് : **കൊടിയിറക്കൽ**

9.30 ന് : **ആറാട്ടെഴുന്നള്ളിപ്പ്**

**മേജർസെറ്റ് പഞ്ചവാദ്യം** – അന്നമനട പരമേശ്വരമാരാർ, ചോറ്റാനിക്കര വിജയൻ മാരാർ,


വെളുപ്പിന് 2.00 മുതൽ : **ആറാട്ട് എതിരേൽപ്പ്**

വെളിക്കുടത്തിൽ കാണിക്കയിടൽ പ്രധാനം തുടർന്ന് വെടിക്കെട്ട്

ക്ഷേത്രത്തിലേയ്ക്ക് തിരിച്ചെഴുന്നെള്ളിപ്പ് കൊടിക്കൽ പറ, 25 കലശം

*ഉപനിഷത് കഥകൾ*

# സത്യകാമന്റെ കഥ



**എൻ. ഗോപിനാഥൻ നായർ**

ശ്രേഷ്ഠമായ ബ്രാഹ്മണപദവിക്ക് ആരാണ് യോഗ്യൻ? ബ്രഹ്മത്തെ അറിഞ്ഞവനും (ബ്രഹ്മജ്ഞാനിതു ബ്രാഹ്മണഃ) സാത്വിക ഗുണസമ്പന്നനുമായ ഒരുവനാണ്. അല്ലാതെ പിതാവിന്റെ കുലത്തിൽ ജനിച്ചതുകൊണ്ടു മാത്രം ബ്രാഹ്മണനാവുകയില്ല. പ്രകൃതി ഉപാസനയാണ് ഈശ്വരോപസാന. പ്രകൃതിയുടെ ഭാഗമായ മറ്റു ജീവജാലങ്ങളും ഗുരുതുല്യരായി ഭവിക്കുന്നു.

ഇതാണ്, ഈ കഥയിലെ സന്ദേശം.

'എന്റെ അംഗങ്ങൾ സമ്പുഷ്ടങ്ങളായി ഭവിക്കട്ടെ. വാക്ക്, പ്രാണൻ, നേത്രം, ശ്രോത്രം എന്നിവ സമ്പുഷ്ടമാകട്ടെ. എല്ലാ ഇന്ദ്രിയങ്ങളും ബലിഷ്ഠമാകട്ടെ. സർവവും ഉപനിഷത് പ്രതിപാദിതമായ ബ്രഹ്മമാണ്. ഞാൻ ബ്രഹ്മത്തെ നിരാകരിക്കാനിടയാകരുത്. ബ്രഹ്മം എന്നെ നിരാകരിക്കാതിരിക്കട്ടെ ബ്രഹ്മരൂപമായ ആത്മാവിൽ രമിക്കുന്ന എന്നിൽ ഉപനിഷത്തുക്കളിൽ പറയ പ്പെട്ടിരിക്കുന്ന ധർമ്മങ്ങൾ ഭവിക്കട്ടെ'.

സാമവേദത്തിലുള്ള ഛാന്ദോഗ്യോ പനിഷത്തിലെ ശാന്തി പാഠമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ ഉപനിഷത്തിന്റെ നാലാം അദ്ധ്യായത്തിലെ നാലാം ഖണ്ഡത്തിലാണ് ജാബാലയുടെ പുത്രനായ സത്യകാമന്റെ കഥ കാണപ്പെടുന്നത്.

അനാഥയും ദരിദ്രയുമായിരുന്ന ജാബാലക്ക് നിത്യവൃത്തിക്കായി ബാല്യത്തിലെ വീടുകളിൽ പരിചാരികയായി പണിയെടുക്കേണ്ടി വന്നു. യൗവ്വനപ്രായമെത്തിയപ്പോൾ അവിവാഹിതയായിരുന്ന അവൾ ഗർഭിണിയായി ഒരു ആൺ സന്താനത്തിന് ജന്മം കൊടുത്തു. സത്യകാമൻ എന്നു പേരായ ആ പുത്രൻ ബാല്യം പിന്നിട്ട് കൗമാര പ്രായത്തിലെത്തി. അന്നൊരിക്കൽ കുമാരൻ അമ്മയെ സമീപിച്ചു പറഞ്ഞു, അമ്മേ, ഞാൻ ബ്രഹ്മചര്യം അനുഷ്ഠിച്ച് ഗുരുകുലവാസം നടത്താൻ ആഗ്രഹിക്കുന്നു. എന്റെ ഗോത്രം ഏതാണെന്ന് പറഞ്ഞു തന്നാലും. ജാബാല പറഞ്ഞു, മകനേ നീ ഏതു ഗോത്ര ത്തിൽപ്പെട്ടതാണ് എന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ യൗവ്വന കാലത്ത് പലരേയും പരിചരിക്കേണ്ടി വന്നിട്ടുണ്ട്. ആ കാലത്താണ് നിന്നെ എനിക്ക് സന്താനമായി ലഭിച്ചത്. അതിനാൽ നിന്റെ പിതാവാരാണെന്നും ഏതു ഗോത്രത്തിൽപ്പെട്ട ആളാണെന്നും അറിയാൻ മാർഗ്ഗമില്ല. ആചാര്യനോട് പറയൂ നീ ജാബാലപുത്രനായ സത്യകാമനാണെന്നും നിന്റെ പേര് സത്യകാമജാബാലനെന്നും.

ഗുരുകുലത്തിൽ എത്തിച്ചേർന്ന സത്യകാമൻ ആചാര്യനെ സമീപിച്ചു വന്ദിച്ച ശേഷം തന്റെ ആഗ്രഹം അറിയിച്ചു. ഗുരുവിന്റെ ചോദ്യത്തിന് സത്യകാമൻ പറഞ്ഞു ഭഗവൻ എന്റെ ഗോത്രമേതാണെന്ന് അമ്മയ്ക്ക് അറിഞ്ഞുകൂടാ. യൗവ്വനത്തിൽ പല ധനികകുടുംബങ്ങളിലും പരിചാരികയായി ജോലി ചെയ്യുന്ന കാലത്താണ് എന്നെ സന്താനമായി ലഭിച്ചത്. എന്റെ പിതാവ് ആരെന്ന് അറിഞ്ഞു കൂടാ. പക്ഷേ അമ്മയുടെ പേര് ജാബാലയെന്നും എന്റെ പേര് സത്യകാമനെന്നുമാണ്. അതിനാൽ ഞാൻ സത്യകാമജാബാലനാണ്.

സത്യം തുറന്നു പറഞ്ഞതിൽ സന്തുഷ്ടനായ ആചാര്യൻ സത്യകാമനെ ബ്രാഹ്മണനായി അംഗീകരിച്ച് സ്വീകരിച്ച് അവന്റെ ഉപനയനം നടത്തി. അതിനുശേഷം അദ്ദേഹം ക്ഷീണിച്ചു മെലിഞ്ഞ 300 പശുക്കളെ ശിഷ്യനായ സത്യകാമനെ ഏൽപ്പിച്ചു കൊടുത്തിട്ട് പറഞ്ഞു, ഇവയെ കാട്ടിൽ കൊണ്ടുപോയി മേയാൻ വിടുക. ശിഷ്യൻ സസ്സന്തോഷം ഗുരുവിനോട് ഇപ്രകാരം പറഞ്ഞു. കാട്ടിൽ വസിച്ച് കാലികളെയെല്ലാം തീറ്റിപ്പോറ്റി അവയുടെ എണ്ണം ആയിരം കവിയുമ്പോൾ ഞാൻ അങ്ങയുടെ അടുക്കൽ തിരിച്ചെത്തിക്കാം.

കാട്ടിലേക്ക് പശുക്കളുമായി പോയ സത്യകാമന് ഏറെക്കാലം അവിടെ കഴിച്ചു കൂട്ടേണ്ടി വന്നു. കാലികളുടെ എണ്ണം ആയിരം കവിഞ്ഞപ്പോൾ ഗുരുകുലത്തിലേക്ക് മടങ്ങേണ്ട സമയമായി.അപ്പോഴാണ് കാലികൂട്ടത്തിൽ നിന്നും ഒരു ഋഷഭം (കാള) മുന്നോട്ട് വന്ന് സത്യകാമനോട് തങ്ങളെയെല്ലാം നാട്ടിൽ എത്തിക്കാൻ ആവശ്യപ്പെട്ടുത്. തുടർന്ന് സത്യകാമനോട് പറഞ്ഞു, ഞാൻ നിനക്ക് ബ്രഹ്മത്തിന്റെ ഒരു പാദത്തെപ്പറ്റി (കാൽഭാഗം) പറഞ്ഞു തരാം. കിഴക്ക് പടിഞ്ഞാറ്, വടക്ക്, തെക്ക്

എന്നീ നാലു ദിക്കുകൾ നാലു കലകളാണ്. പ്രകാശവാൻ എന്ന പേരോടുകൂടിയ ബ്രഹ്മത്തിന്റെ ഈ പാദത്തെ ഉപാസിക്കുന്നവൻ പ്രകാശവാനായി പ്രകാശിക്കുന്ന ലോകങ്ങളിലെത്തി ചേരുന്നു. ബ്രഹ്മത്തിന്റെ അടുത്തപാദം അഗ്നി നിനക്ക് ഉപദേശിക്കും. ഇത്രയും പറഞ്ഞശേഷം ഋഷഭം അവിടെ നിന്നു അപ്രത്യക്ഷനായി.

യാത്രയുടെ അടുത്തനാൾ സന്ധ്യാസമയത്ത് അഗ്നി സത്യകാമനെ സമിപിച്ചു പറഞ്ഞു പൃഥ്വി, അന്തരീക്ഷം, ദ്യോവ്, സമുദ്രം എന്നീ നാലു കലകൾ ചേർന്ന പാദത്തിന് അനന്തവാൻ എന്നാണ് പേര്. ഇതിനെ ഉപാസിക്കുന്നവൻ അനന്തവാനായി തീർന്ന് ക്ഷയമുണ്ടാകാത്ത ലോകങ്ങളെ പ്രാപിക്കും. അഗ്നി തുടർന്നു ബ്രഹ്മത്തിന്റെ മൂന്നാം പാദത്തെ പറ്റി ഒരു ഹംസം നിനക്ക്  ഉപദേശം തരുന്നതാണ്.

അടുത്ത ദിവസം യാത്ര തുടർന്ന് സന്ധ്യയായപ്പോൾ ഹംസം സത്യകാമനെ സമീപിച്ചു പറഞ്ഞു അഗ്നി, സൂര്യൻ, ചന്ദ്രൻ, വിദ്യുത് എന്നീ നാലു കലകളോടു കൂടിയ ബ്രഹ്മത്തിന്റെ ഈ പാദം ജ്യോതിഷ്മാൻ എന്നറിയപ്പെടുന്നു. ഇത് മനസ്സിലാക്കി ബ്രഹ്മത്തെ ഉപാസിക്കുന്നവൻ ജ്യോതിർമയമായ ലോകങ്ങളെ പ്രാപിക്കുന്നു. ബ്രഹ്മത്തിന്റെ നാലാമത്തേതും അവസാനത്തേതുമായ പാദത്തെക്കുറിച്ച് ഒരു കുളക്കോഴി നിനക്ക് ഉപദേശം തരുന്നതാണ്. ഇത്രയും പറഞ്ഞ് ഹംസം യാത്രയായി.

അടുത്ത നാളിലെ യാത്ര അവസാനിച്ചപ്പോൾ സന്ധ്യയായി. അപ്പോൾ കുളക്കോഴി സത്യകാമനെ സമീപിച്ചു പറഞ്ഞു, പ്രാണൻ, ചക്ഷുസ്സ്, ശ്രോത്രം, മനസ്സ് എന്നീ നാലു കലകൾ ചേർന്ന് ബ്രഹ്മത്തിന്റെ ഈ പാദത്തെ ആയതനവാൻ(മനസ്സോടു കൂടിയവൻ) എന്ന് വിശേഷിപ്പിക്കുന്നു. ഈ പാദത്തെ ആയതനവാനെന്നു കരുതി ആര് ഉപാസിക്കുന്നുവോ അവൻ വിസ്താരമേറിയ ലോകങ്ങളെ ഉപാസിച്ച് ആയതനവാനായി തീരുന്നു.

യാത്രയുടെ അവസാനം ഗുരുകുലം പ്രാപിച്ച സത്യകാമനെ സ്വീകരിച്ച് ആശ്ലേഷിച്ചു കൊണ്ട് ആചാര്യൻ ചോദിച്ചു, സൗമ്യ, നീ ഒരു ബ്രഹ്മജ്ഞാനിയെപ്പോലെ ശോഭിക്കുന്നല്ലോ, ചുറ്റും പ്രകാശം പരത്തുന്നല്ലോ, ആരാണ് നിനക്ക് ജ്ഞാനോപദേശം നൽകിയത്? സത്യകാമൻ പറഞ്ഞു ഭഗവൻ എനിക്ക് ജ്ഞാനോപദേശം ലഭിച്ചത് മനുഷ്യരിൽ നിന്നല്ല, എന്നാൽ എനിക്ക് ആചാര്യമുഖത്തു നിന്നു തന്നെ വിദ്യ അഭ്യസിക്കണം. അതിന് അങ്ങ് എന്നെ അനുവദിച്ചാലും.

ശിഷ്യന്റെ അപേക്ഷ സ്വീകരിച്ച ആചാര്യൻ സസ്സന്തോഷം സത്യകാമനെ ആശീർവദിച്ച് അനുഗ്രഹിച്ചു●

---

കവിത

# ജന്മാവകാശം

**പി.ഐ. ശങ്കരനാരായണൻ**

കൊല്ലുവാൻ ഞാനില്ല,
കൊല്ലിക്കുവാനില്ല,
ചാകുവാനും ഞാനൊരുക്കമില്ല
ജീവിക്കണം എനി-
ക്കെന്നതു പോലെയാ-
ണന്യനുമാഗ്രഹം ഭൂവിലെന്നും.
ജന്മമെടുത്തവർ-
ക്കൊക്കെയും ഭൂമിയിൽ
ജീവിതം ജന്മാവകാശമത്രെ
ജീവന്റെ നോവുകൾ
തുല്യമാണാകയാൽ
നോവിച്ചിടായ്ക പരസ്പരം നാം.

ഏതു നിമിഷവും
സംഭവിക്കാം മൃത്യു
വേറൊരു ജീവനുമെന്നു സത്യം
എന്തിനു കൊല്ലണം?
അല്ലാതെതന്നെയു-
ണ്ടേതൊരു ജീവനും പൂർണ്ണനാശം!
ഇത്തിരിപ്പോന്നൊരീ
ജീവിതം, ആകയാൽ
സ്നേഹമാർഗ്ഗത്തിലൂടാക്കുവിൻ നാം
സ്നേഹിക്ക തങ്ങളിൽ,
ജീവിക്ക നന്മയിൽ
സ്നേഹമൊന്നേ സർവ്വജീവസാരം.

*(തുടർച്ച)*

# കാതങ്ങൾ കടന്നു വന്ന കാലൊച്ച



**പത്മജ മേനോൻ**

പതിവിലും വൈകിയാണ് അവൾ അന്ന് ഉണർന്നത്. അമ്മ വാതിലിൽ നിറുത്താതെ മുട്ടുന്നു . താൻ ആത്മഹത്യ ചെയ്തിട്ടുണ്ടാകും എന്ന് അമ്മ കരുതി ക്കാണും. ദൈവമേ! അമ്മയ്ക്ക് നല്ല ബുദ്ധികൊടുക്കേണമേ എന്ന് പ്രാർത്ഥിച്ച് കൊണ്ട് അവൾ എഴുന്നേറ്റ് വാതിൽ തുറന്നു. അമ്മ പറഞ്ഞു വേഗം കുളിച്ച് റെഡിയാവ് ചെട്ടിയാർ പത്തുമണിക്ക് എത്തുമെന്നാണ് പറഞ്ഞത് അതിന് ഞാൻ എങ്ങോട്ടും പോകുന്നില്ല. അമ്മക്ക് എങ്ങനെയാണ് ഇത്രക്ക് ചെറുതാവുകാൻ കഴിയുന്നത് അമ്മയുടെ ഈ വൃത്തികെട്ട മുഖം ഞാൻ ഇതുവരെ കണ്ടിട്ടില്ല. ആദർശങ്ങൾ പറഞ്ഞ് ഇരുന്നാൽ വയറ് നിറയുകയില്ല സാഹചര്യങ്ങളാണ് ഒരോരുത്തരേയും ശരിയും തെറ്റും ചെയ്യിക്കുന്നത്. നമ്മളുടെ കാഴ്ചപ്പാടിൽ ഇത് ശരിതന്നെയാണ്. കൂടുതൽ ആലോചിക്കണ്ട എന്ന് പറഞ്ഞ് അമ്മ ഇറങ്ങിപോയി.

കൃത്യം പത്തുമണിക്കു തന്നെ വലിയ ഒരു കാർ വീടിന്റെ മുന്നിൽ വന്നു നിന്നു താൻ അടുക്കളയിൽ നിന്ന് അടുത്ത വീട്ടിലെ സന്തോഷിന് പാഠഭാഗത്തിലെ സംശയങ്ങൾ പറഞ്ഞുകൊടുക്കുകയായിരുന്നു. അമ്മ വന്ന് നീ ഇനിയും ഒരുങ്ങിയില്ലേ എന്നു പറഞ്ഞ് ബഹളം വെച്ചു. താൻ അനങ്ങാതെ നിന്നു. പെട്ടെന്നാണ് അമ്മ അവിടെ ഉണ്ടായിരുന്ന വിറകിന്റെ കഷണം എടുത്ത് തന്റെ മേൽ പ്രഹരിച്ചത്. വേദനകൊണ്ട് താൻ പുളഞ്ഞു. പുറത്ത് കാറിന്റെ ഹോൺ അടിച്ചു കൊണ്ടിരിക്കുന്നുണ്ടായിരുന്നു. സഹന ത്തിന്റെ അവസാന കണികയും കൊഴിഞ്ഞ് വീണപ്പോൾ ഒരു അനിയന്ത്രിതമായ ഊർജ്ജം തന്നിലേക്ക് പ്രവഹിച്ചു. സദാചാരബോധത്തെ ചവുട്ടി താഴ്ത്തി ധാർമ്മികാധഃപതനത്തിലൂടെ അപഥഗമനം ചെയ്ത അമ്മയുടെ മാതൃത്വം വിറങ്ങലിച്ച ആ വൈകാരികവേളയിൽ ഞാൻ സർവ്വസിംഹിയായി അമ്മയെ പിടിച്ച് തള്ളി അമ്മ അവിടെ ഉണ്ടായിരുന്ന അരകല്ലിൽ തലയടിച്ചു വീണു. അമ്മേ എന്നു വിളിച്ച് ഞാൻ അമ്മയെ എഴുന്നേൽപ്പിക്കുവാൻ ശ്രമിച്ചെങ്കിലും അമ്മയുടെ തലപൊട്ടി ചോര ഒഴുകുന്നുണ്ടായിരുന്നു. ആ സമയത്ത് സന്തോഷ് പേടിച്ച് തന്റെ അരികിൽ തന്നെ നിന്നു. വാതിക്കൽ ഒരു നിഴൽ കണ്ട് അവൾ നോക്കിയപ്പോൾ തടിച്ച് കൊഴുത്ത് ജൂബ്ബയുടെ പുറത്ത് ആനച്ചങ്ങലപോലെ ഒരു മാലയും ഇട്ട് സ്വർണ്ണപല്ലും കാണിച്ച് ഒരു ശൃംഗാരചിരിയോടെ ചെട്ടിയാർ നില്ക്കുന്നു. കാമാസക്തിയുള്ള ആ കണ്ണുകൾ കണ്ട് താൻ ഭയചകിതയായി. അയാൾ അമ്മയുടെ മൂക്കിൽ വിരൽ വെച്ച് നോക്കികൊണ്ട് പറഞ്ഞു സംഗതി പോയി എന്ന് തന്റെ കണ്ണുകളിൽ തമോഭാരം കുടിയേറി എന്റെ പണം ഞാൻ വസൂലാക്കും എന്ന് പറഞ്ഞ് ചെട്ടിയാർ തന്റെ നേർക്ക് അടുത്തു. താൻ ജാഗരൂകയായി നിന്നു. ദ്രുതഗതിയിൽ തന്റെ അടുത്തിരുന്ന മടവാള് എടുത്ത് താൻ അയാളുടെ നേർക്ക് വീശി ഉന്നം പിഴയ്ക്കാതെ അത് അയാളുടെ കഴുത്തിൽ തന്നെ കൊണ്ടു. ഒരു അലർച്ചയോടെ അയാൾ വീണു. താൻ അയാളുടെ ശ്വാസം നിലക്കുന്നതുവരെ ആഞ്ഞ് ആഞ്ഞ് വെട്ടി. ഓരോ പ്രാവശ്യം വെട്ടുമ്പോഴും തന്റെ മനസ്സിൽ കേരളത്തിന്റെ തേങ്ങലായി മാറിയ സൗമ്യയുടെ മുഖവും, കാതുകളിൽ അവളുടെ രോദനവുമായിരുന്നു.

പിന്നെ ഒട്ടും താമസിച്ചില്ല. പോലീസ് എത്തി തന്നെ കൊണ്ടു പോയി. വിചാണയ്ക്ക് കോടതിയുടെ കൂട്ടിൽ കയറ്റി നിറുത്തിയപ്പോൾ തനിക്ക് നിസ്സംഗഭാവമായിരുന്നു ന്യായാധിപൻ എന്തെങ്കിലും പറയുവാനുണ്ടോന്ന് ചോദിച്ചപ്പോൾ താൻ പറഞ്ഞു എനിക്ക് വധശിക്ഷ തരണം മറ്റൊരു ശിക്ഷയും തരരുതേയെന്ന്. ന്യായാധിപൻ അതിനു മറുപടിയൊന്നും പറയാതെ വിധി അടുത്ത ദിവസത്തിലേക്ക് മാറ്റിയിരിക്കുന്നു എന്നു പറഞ്ഞ് കോടതി പിരിഞ്ഞു. പിന്നെ വിധി വന്നത് തനിക്ക് ജീവപര്യന്തം ശിക്ഷ വിധിച്ചുകൊണ്ടാണ്. കുറച്ചു നാളുകൾ കഴിഞ്ഞപ്പോൾ തന്റെ സൽസ്വഭാവത്താൽ തനിക്ക് ഓപ്പൺ ജയിലിൽ ഇടം ലഭിച്ചു. ഒരു ഓഗസ്റ്റ് 15 ന് ആണ് താൻ ജയിലിൽ അടയ്ക്കപ്പെട്ടത്. ഇന്ത്യ മുഴുവനും സ്വാതന്ത്ര്യത്തിന്റെ മധുരം നുണഞ്ഞ്സ്മരണ പുതുക്കുമ്പോൾ താൻ അസ്വാതന്ത്ര്യത്തിന്റെ കയ്പു നീർ ഇറക്കി. പിന്നീട് തന്റെ അങ്ങോട്ടുള്ള

ജിവിതത്തിൽ തന്റെ മനസ്സിനെ കീഴടക്കിയത് മരണം മാത്രമായിരുന്നു. ചെട്ടിയാരെ കൊന്നതിൽ തനിക്ക് ഒട്ടും കുറ്റബോധം തോന്നിയില്ല. പക്ഷേ മനഃപ്പൂർവ്വമല്ലെങ്കിലും അമ്മയെ മരണത്തിലേക്ക് തള്ളിവിട്ടത് താനാണ്. ഒരു ദുഃഖസത്യമായി ജന്മാന്തര ശാപമായി തന്നെ അത് പിൻതുടരും.

കാലൊച്ച കേട്ടു തിരിഞ്ഞു നോക്കിയപ്പോൾ ഡാനിഫിഷർ ആണ്. കൂടെ വാർഡനുമുണ്ട്. ഇവിടുത്തെ സൂപ്രണ്ടിന് ഡാനിയുടെ ആത്മാർത്ഥത വളരെ ഇഷ്ടമാണ്. അതുകൊണ്ടാണ് അവന് ഇവിടെയെല്ലാം സ്വതന്ത്രമായി നടക്കുവാൻ പറ്റുന്നത്. നമ്മൾക്ക് ആ മാവിൻ ചുവട്ടിൽ പോയി സംസാരിക്കാം എന്നു പറഞ്ഞ് അങ്ങോട്ടേക്ക് പോയി. ഡാനി പറഞ്ഞു വാർഡൻ തന്റെ എല്ലാ കാര്യവും എന്നോട് പറഞ്ഞിട്ടുണ്ട്. ശരിയാണ് തന്നെ പൂർണ്ണമായി മനസ്സിലാക്കിയത് വാർഡൻ മാത്രമാണ്. സുപ്രിം കോടതിയിൽ കേസ്സ് ഫയൽ ചെയ്യുവാൻ താൻ എനിക്ക് വക്കാലത്ത് ഒപ്പിട്ട് തരണം. എനിക്ക് ഉറപ്പുണ്ട് താൻ പുറത്തിറങ്ങുമെന്ന്. അവൾ പറഞ്ഞു ഞാൻ പറഞ്ഞുവല്ലോ എനിക്ക് രക്ഷപ്പെടണ്ടയെന്ന്. വെറുതെ ഡാനി സമയം കളയാതെ മറ്റാരെയെങ്കിലും രക്ഷപ്പെടുത്തുവാൻ ശ്രമിക്ക് എന്നു പറഞ്ഞ് അവൾ സെല്ലിലേക്ക് പോയി.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ വാർഡൻ പറഞ്ഞു താമരയെ കാണുവാൻ ഒരാൾ വന്നിട്ടുണ്ടെന്ന്. അവൾ അതിശയിച്ചു ആരായിരിക്കും എന്നാലോചിച്ച് വേഗം നടന്നുചെന്നപ്പോൾ കമ്പികൾക്കുമപ്പുറത്ത് അച്ഛൻ പ്രാകൃതവേഷത്തിൽ നില്ക്കുന്നു. അവൾ അച്ഛനെ കണ്ട് പൊട്ടിക്കരഞ്ഞു. ഞാൻ മനഃപൂർവ്വമല്ല അച്ഛാ എന്നു പറഞ്ഞ് ഏങ്ങികരഞ്ഞപ്പോൾ അച്ഛൻ കമ്പിയുടെ ഇടയിലൂടെ കൈയ്യിട്ട് തലയിൽ തലോടി കൊണ്ട് പറഞ്ഞു. എന്റെ കുട്ടി എന്നോട് ക്ഷമിക്ക് മോളെ കാണാൻ വരാത്ത അച്ഛനെ നീ വെറുത്തിട്ടുണ്ടാവുമല്ലേ? പെൻഷൻ കാര്യം അന്വേഷിച്ച് തിരിച്ചു വന്നപ്പോഴാണ് കാര്യങ്ങൾ അറിയുന്നത്. രക്തത്തിൽ കുളിച്ചു കിടക്കുന്ന രണ്ട് ശവശരീരങ്ങൾ അത് ചെയ്തത് നീയാണെന്ന് അറിഞ്ഞ നിമിഷം ഞാൻ തളർന്നു വീണു. പിന്നീട് എന്റെ സമനില തെറ്റിയ പെരുമാറ്റമായിരുന്നു. ഇത്രയും വർഷം മാനസിക ചികിത്സാകേന്ദ്രത്തിലായിരുന്നു. സ്വബോധം തിരിച്ചു കിട്ടിയപ്പോൾ നിന്നെ അന്വേഷിച്ച് ഇവിടെ എത്തിയതാണ്. എന്റെ മോള് ഒരു തെറ്റും ചെയ്തിട്ടില്ല. വസുമതിക്ക് കിട്ടേണ്ടത് തന്നെയാണ് കിട്ടിയത്. അവൾ അത് അർഹിക്കുന്നുണ്ട്. അവൾ പറഞ്ഞു വേണ്ടാ അച്ഛാ അമ്മയെ പറ്റി അങ്ങനെയൊന്നും പറയരുത്. എനിക്കു പറ്റിയ ഒരു അബദ്ധമായിപ്പോയി വസുമതി. മോൾക്ക് അറിയാത്ത ഒരു സത്യം ഞാൻ പറയാം. മോളുടെ അമ്മയല്ല വസുമതി.അത് കേട്ട നിമിഷം ഒരു തടില്ലത തന്റെ മനസ്സിലൂടെ പാഞ്ഞു പോയി. നിന്നെ പ്രസവിച്ച നിന്റെ അമ്മ മരിച്ചപ്പോൾ കൈകുഞ്ഞായ നിന്നെ വളർത്താനായി ഞാൻ രണ്ടാമത് വിവാഹം ചെയ്തതാണ് വസുമതിയെ. നിന്റെ അമ്മ സുന്ദരിയായിരുന്നു. ആ സൗന്ദര്യമാണ് നിനക്ക് കിട്ടിയിരിക്കുന്നത്. വസുമതിക്ക് ആദ്യമൊക്കെ നിന്നെ വലിയ ഇഷ്ടമായിരുന്നു. പിന്നീട് അവൾക്ക് കുഞ്ഞുങ്ങൾ ഉണ്ടായപ്പോൾ നിന്നോടുള്ള ഇഷ്ടം കുറഞ്ഞെങ്കിലും നിന്നെ ഉപദ്രവിച്ചിരുന്നില്ല. പിന്നെ പിന്നെ മിടുക്കിയായ നിന്നെ അവൾ കണ്ടത് ഭാര വണ്ടി വലിക്കുന്ന കാളയായിട്ടാണ്. അവളുടെ മക്കളായ രമയുടെയും, ഉമയുടെയും കല്യാണം നടത്തിയപ്പോൾ അവളുടെ ഉള്ളിലെ രണ്ടാനമ്മ പുറത്തു വന്നു. അവസാനം നിന്നെ ഒരു വില്പനചരക്കായി കണ്ടപ്പോൾ ആ രണ്ടാനമ്മ പൂർണ്ണമായി.

മോളെ പുറത്തിറക്കണം അതിനുള്ള വഴി ഞാൻ ആലോചിക്കുന്നുണ്ട്. നിന്റെ വരവിനായി അച്ഛൻ കാത്തിരിക്കുകയാണ്. എന്റെ മോളെ എനിക്ക് ഇവിടെ ഇങ്ങനെ കാണുവാൻ വയ്യ. എനിക്ക് സ്വബോധം തിരിച്ചു കിട്ടേണ്ടായിരുന്നു ദൈവമേ! എന്നു പറഞ്ഞ് ആ ചുണ്ടുകൾ വിറപൂണ്ടു. അച്ഛൻ വിഷമിക്കരുത് എനിക്ക് ഇവിടെ സുഖമാണ്. പ്രതീക്ഷകളും സ്വപ്നങ്ങളും ഇല്ലാത്തതു കൊണ്ട് മനസ്സിൽ നിരാശയുമില്ല. ഞാൻ വരാം എന്നു പറഞ്ഞുകൊണ്ട് അച്ഛൻ യാത്രയായി. അവൾക്ക് മനസ്സിൽ വല്ലാത്ത് ഭാരം അനുഭവപ്പെട്ടു. വെറുതെ കണ്ണുകളടച്ച ചുമരിൽ ചാരി ഇരുന്നു. നേരത്തെ ഉണ്ടായിരുന്ന ജയിലിൽ രമണി എന്ന സ്ത്രീ തന്നെ വെറുതെ ഉപദ്രവിച്ചിരുന്നു. അപ്പോഴെല്ലാം താൻ പ്രതികരിക്കാതെ സ്വയം സഹിക്കുമായിരുന്നു. അമ്മയോട് താൻ ചെയ്ത തെറ്റിന് ദൈവം തന്നെ ശിക്ഷിക്കുകയാണെന്ന് കരുതി. പക്ഷേ ഇപ്പോൾ അമ്മയായി സ്നേഹിച്ച സ്ത്രീ അമ്മയല്ല എന്നറിയുമ്പോൾ ഹൃദയം പൊട്ടുകയാണ്. ആ സത്യം അച്ഛൻ തന്നോട് പറയണ്ടാ യിരുന്നു. അമ്മയുടെ കപട സ്നേഹത്തിന്റെ അഭിനയ നൈപുണ്യം അപാരം തന്നെ. അവൾ ഗീതയെടുത്ത് വായിക്കുവാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ഡാനി വന്നു. താൻ ശ്രദ്ധിക്കുവാനൊന്നും പോയില്ല. അച്ഛൻ വന്നുവല്ലേ? സന്തോഷ മായില്ലേ? ഇനിയെങ്കിലും വക്കാലത്ത് ഒപ്പിട്ട് തരണം. അച്ഛന്റെ ആഗ്രഹം സാധിച്ച് കൊടുക്കണം. താൻ ഒന്നും മിണ്ടാതെ

അനങ്ങാതെ ഇരുന്നു. അപ്പോൾ ഡാനി പറയുന്നു ണ്ടായിരുന്നു.

"At time silence talks more than words............ So I am loving your silence" എനിക്ക് താമരയുടെ മനസ്സറിയാം എന്നു പറഞ്ഞ് പോയപ്പോൾ അവൾ ചിന്തിച്ചു ആരാണിയാൾ? സ്വാർത്ഥതാത്പര്യമില്ലാത്ത ഈ വ്യക്തിത്വത്തിന്റെ ഉടമ വാർഡൻ അടുത്തു വന്നു പറഞ്ഞു എന്തിനാണ് താമര ഇങ്ങനെ വാശി പിടിക്കുന്നത്. തന്റെ എല്ലാ കാര്യവും ഡാനിക്ക് അറിയാം. നീ ചെറുപ്പമല്ലേ. പുറത്ത് നിന്നെ ഐശ്വര്യ പൂർണ്ണമായ ഒരു ജീവിതം കാത്തിരിക്കുന്നുണ്ട്. മറക്കാനും, പൊറുക്കാനും ശീലിക്കുക അത് ജീവിതയാനത്തിൽ അനുപേക്ഷണീയമാണ്.

കുറച്ചാഴ്ചകളായി ഡാനിയുടെ ഒരു വിവരവുമില്ല. ഭൂമിയുടെ അച്ചുതണ്ട് അതിന്റെ ദൗത്യം അഭംഗുരം നടത്തികൊണ്ടിരുന്നു. ഒരു മൂവന്തിചായും നേരത്ത് ഡാനി വീണ്ടും പ്രത്യക്ഷപ്പെട്ടു. കൈയ്യിൽ ഒരു പേപ്പറും ഉണ്ടായിരുന്നു. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്ന നിയമസംഹിത സ്ഥിതീകരിക്കുവാൻ ഞാൻ പ്രയത്നിക്കും. താമരയുടെ മനഃപൂർവ്വമല്ലാത്ത തെറ്റിന് താൻ ശിക്ഷ അനുഭവിച്ചു കഴിഞ്ഞു. ഇനി അത് തുടരുന്നത് അനീതിയാണ്. താമരയിതിൽ ഒപ്പു വെയ്ക്കണം. അപ്പോൾ അയാൾക്ക് ഒരു ആജ്ഞാശക്തിയുണ്ടായിരുന്നു. മടിക്കണ്ട എന്നു പറഞ്ഞ് അച്ഛൻ മുന്നിലേക്ക് വന്നു. അവൾ മനസ്സില്ലാമനസ്സോടെ അതിൽ ഒപ്പു വെച്ചു. അവൾ ചോദിച്ചു ഡാനിക്ക് ഉറപ്പുണ്ടോ എനിക്ക് പുറത്തിറങ്ങുവാൻ പറ്റുമെന്ന്. പല കടമ്പകളും മറികടക്കേണ്ടതായി വരും. എതിരാളികൾ പ്രഗത്ഭരാണ്. അവർ എന്തു ചെയ്യുവാനും മടിയില്ലാത്തവരാണ്. സാരമില്ല 'കൊല്ലാം പക്ഷേ തോൽപിക്കുവാനാവില്ല' എന്ന എന്റെ പ്രിയ നേതാവായ ചെഗുവരയുടെ ചിന്തകളാണ് എന്റെ പ്രചോദനം. അദ്ദേഹത്തിന്റെ വിവേകവും, വിജ്ഞാനവും, ദർശനങ്ങളുമാണ് ഞാൻ പിന്തുടരുന്നത്. സത്യസന്ധതയും, നീതി യുക്തവുമായ സമീപനം എതിർപ്പുകളെ അതിജീവിക്കുവാൻ സാധിക്കും. അപ്രാപ്യ മായി ഒന്നും തന്നെയില്ല എന്ന വിശ്വാസമാണ് നമ്മളെ ജീവിതത്തിൽ മുന്നോട്ട് കൊണ്ടു പോകുന്നത്.

പിറ്റേന്ന് സുചിന്തകൾ തനിക്ക് ചുറ്റും തുമ്പികളെപ്പോലെ പറന്നു നടന്നു. പുറത്തിറങ്ങിയാൽ ജോലി തരപ്പെടുത്തണം. അച്ഛനെ നന്നായി നോക്കണം. വയോധികനായ അച്ഛന്റെ അവസാന നാളുകളിൽ ഒരു ശക്തിയായി താൻ കൂടെ ഉണ്ടാവണം. അച്ഛന് അവശകലാകാരന്റെ പെൻഷനും, അരിയേഴ്സും എല്ലാം ഒന്നിച്ച് കിട്ടി എന്നും ആ തുക ഡാനിക്ക് നേരെ നീട്ടിയപ്പോൾ ഡാനി അത് വാങ്ങിയില്ല എന്നും പറഞ്ഞു. അടുത്ത വീട്ടിലെ സന്തോഷ് പഠിത്തം കഴിഞ്ഞ് വീണ്ടും നാട്ടിൽ എത്തിയിട്ടുണ്ടത്രെ. അവനാണ് ആകെയുള്ള അച്ഛന്റെ ആശ്രയം. ഓരോന്ന് ചിന്തിച്ചു കൊണ്ടിരിക്കുമ്പോഴാണ് വാർഡൻ ഓടിവരുന്നത് കണ്ടത്. സന്തോഷ് എന്നൊരു കുട്ടി കാണാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. താൻ ചിന്തിച്ചു സന്തോഷിനെ വീട്ടുകാർ ഇങ്ങോട്ടേക്ക് വിടാറില്ല ഇതെന്തു പറ്റി എന്ന വേവലാതിയോടെ അവൾ അതിവേഗം നടന്നു. തന്നെ കണ്ടപ്പോൾ സന്തോഷ് പറഞ്ഞു ചേച്ചി വിഷമിക്കരുത്. ചേച്ചിയുടെ അച്ഛൻ യാത്രയായി. രാവിലെ വളരെ വൈകിയിട്ടും കാണാതായപ്പോൾ ഞാൻ ചെന്നു നോക്കി. അപ്പോഴാണ് മരിച്ചു എന്നു മനസ്സിലായത്. ജപ്തി ചെയ്ത വീടിന്റെ കോലയിലാണ് അച്ഛൻ കിടക്കാറ്. അവൾക്ക് ഒന്ന് ശബ്ദിക്കുവാൻ പോലും കഴിയാതെ അവിടെയുള്ള കമ്പിയിൽ പിടിച്ചിരുന്നു. ഇരുട്ടടികൾ തന്നെ നിഷ്കരുണം വേട്ടയാടികൊണ്ടിരിക്കുകയാണ്. ചേച്ചി വരുന്നില്ലേ കാണുവാൻ എന്ന് സന്തോഷ് ചോദിച്ചു. വാർഡനും തന്റെ അരികിൽ നില്പുണ്ടായിരുന്നു. താൻ പറഞ്ഞു ഇല്ല അച്ഛന്റെ ചേതനയറ്റ മുഖം തനിക്ക് കാണണ്ട.തന്റെ മനസ്സിൽ അച്ഛന്റെ ജീവസ്സുറ്റ മുഖം മതി. പെണ്ണായ തന്നെ ചിതയിൽ തീ കൊളുത്തു വാനോ, അന്ത്യകർമ്മങ്ങൾ ചെയ്യുവാനോ ഒന്നിനും സമൂഹം അനുവദിക്കില്ല. അതു കൊണ്ട് നീ വേണം അത് ചെയ്യുവാൻ എന്നു പറഞ്ഞ് അവൾ താൻ ജോലി ചെയ്തു നേടിയ പണം എടുക്കുവാനായി ഒരുങ്ങിയ പ്പോൾ സന്തോഷ് പറഞ്ഞു വേണ്ടാ ചേച്ചി പെൻഷൻ തുക മൊത്തമായും എന്റെ കൈയ്യിൽ തന്നിട്ടുണ്ട്. അതു മതിയാവും എല്ലാ കാര്യങ്ങൾക്കും എന്നു പറഞ്ഞ് അവൻ തിരിച്ച് പോയി. വൈകിയെത്തിയ പെൻഷൻ തുക അച്ചന്റെ അന്ത്യകർമ്മങ്ങൾക്ക് ചെലവാക്കുവാനാണ് വിധിച്ചിരിക്കുന്നത്. നമ്മൾ എന്തെല്ലാമോ തീരുമാനിക്കുന്നു. ദൈവം വിചാരിച്ചത് നടപ്പിലാക്കുന്നു. അച്ചന്റെ ആത്മാവിന് ശാന്തി നൽകേണമേ എന്ന് അവൾ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ഇനി താൻ എന്തിനാണ് പുറത്തേയ്ക്ക് ഇറങ്ങുന്നത്. വേണ്ടാ ഡാനി വന്നാൽ അപ്പീൽ പിൻ വലിക്കുവാൻ പറയണം. ഉറങ്ങാത്ത രാവുകളുമായി ദിവസങ്ങൾ അതിശീഘ്രം പാഞ്ഞു പോയി●

(തുടരും)

# നശ്വരമെന്ന ഉണ്മ



പി. ജയരാമൻ

Being Mortal (നശ്വരമായത്) എന്ന രണ്ടായിരത്തി പതിനാലിൽ പ്രസിദ്ധീകരിച്ച പുസ്തകം (Profile Books Ltd, London 282 പേജുകൾ, വില. 8.99 ) ഇതിനകം തന്നെ ഒരു പ്രസിദ്ധ കൃതിയായി കഴിഞ്ഞു. അതുൾ ഗവാണ്ടെ (Athul Gawande) എന്ന രണ്ടാം തലമുറക്കാരനായ ഇന്ത്യൻ അമേരിക്കൻ സർജനാണ് ഈ പുസ്തകത്തിന്റെ ഗ്രന്ഥകാരൻ. ഗവാണ്ടെ ഇതിനു മുമ്പ് എഴുതിയ മൂന്നു കൃതികളും Complications, Better, The Checklist Manifesto ബെസ്റ്റ് സെല്ലേഴ്സ് (Best Sellers) ആയിരുന്നു. ഗ്രന്ഥകർത്താവ് ഹാർവാഡ് മെഡിക്കൽ സ്കൂളിലെ പ്രൊഫസറും ന്യൂയോർക്കറിന്റെ സ്ഥിരം കോളമെഴുത്തുകാരനുമാണ്. പ്രശസ്തിയാർജ്ജിച്ച നിരവധി അവാർഡുകൾ അദ്ദേഹം ഇതിനകം നേടിയിട്ടുണ്ട്. ലൂയിസ് തോമസ് പ്രൈസ്, നാഷണൽ മാഗസിൻ അവാർഡ് തുടങ്ങിയ അമേരിക്കയിലെ മാസ ചൂ സെറ്റ്സിൽ ന്യൂട്ടൺ എന്ന സ്ഥലത്ത് ഭാര്യയും മൂന്നു മക്കളും ചേർന്ന് നിവസിക്കുന്നു.

മരണത്തെക്കുറിച്ച് അമേരിക്കയിലെ മെഡിക്കൽ കോളേജുകളിൽ സാധാരണ പഠിപ്പിക്കാറില്ല. മെഡിക്കൽ പുസ്തകങ്ങളും വളരെ വിരളമായി മാത്രമേ മരണത്തെ ക്കുറിച്ചോ വാർദ്ധക്യത്തെക്കുറിച്ചോ ചർച്ച ചെയ്തു കാണുന്നുള്ളു.വൈദ്യ വിദ്യാഭ്യാസ ത്തിന്റെ ലക്ഷ്യം മരണത്തെ എങ്ങനെ നേരിടും എന്നുള്ളതല്ല മറിച്ച് ജീവൻ എങ്ങിനെ നിലനിർത്താം എന്നുള്ളതാണ്. ടോൾസ്റ്റോയിയുടെ ഐവാൻ ഇലിയിച്ചിന്റെ മരണം (Death of Ivan Ilyich) എന്ന ലഘുനോവലിനെ ആസ്പദമാക്കി കോളേജിൽ നടത്തിയ ഒരു സെമിനാറിനെ കുറിച്ച് ഗ്രന്ഥകാരൻ തന്റെ കൃതിയിൽ ഓർക്കുന്നു. ഇതായിരിക്കണം അദ്ദേഹത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ മരണത്തെ ക്കുറിച്ചുണ്ടായ ഒരേയൊരു പരാമർശം.

45 വയസ്സു പ്രായമുണ്ടായിരുന്ന റഷ്യൻ മജിസ്ട്രേറ്റ് ആയിരുന്ന ഐവാൻ എന്ന പ്രതാപത്തോടെ ജീവിച്ചിരുന്ന ടോൾസ്ടോയിയുടെ കഥാപാത്രം ഒരു ദിവസം പെട്ടെന്ന് കോണിയിൽ നിന്ന് വീഴുകയും ദേഹമാസകലം വേദനയാൽ പുളയുകയും ചെയ്തു. താമസിയാതെ വേദന അസഹനീയമാകയാൽ ജോലിക്കു പോകാൻ കഴിയാതെ ആശുപത്രിയിൽ കിടക്കേണ്ടി വന്നു. പ്രസിദ്ധരായ പല ഡോക്ടർമാരുമായി വിദഗ്ദ്ധോപദേശം നേടിയെങ്കിലും അവർക്ക് ഐവാന്റെ പ്രശ്നത്തെക്കുറിച്ച് യോജിപ്പിലെത്താൻ കഴിഞ്ഞില്ല. മരണഭീതി വിടാതെ അയാളെ അലട്ടിക്കൊണ്ടിരുന്നു. പക്ഷേ, ഡോക്ടർമാർക്കോ കുടുംബാംഗങ്ങൾക്കോ സുഹൃത്തുക്കൾക്കോ ഇത് മനസ്സിലാക്കാൻ പ്രയാസമായിരുന്നു. എല്ലാവരും തന്നോട് കരുണ കാണിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും ആരും അയാളോട് കരുണ കാണിച്ചില്ല. വിശ്വസ്തനായ വേലക്കാരൻ മാത്രം ഐവാന്റെ വികാരങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടു കൊണ്ട് അയാളെ ശുശ്രൂഷിച്ചിരുന്നു..

ഗ്രന്ഥകാരൻ ഒരു ഉദരശസ്ത്രക്രിയാകാരൻ (ഗാസ്ട്രോ സർജൻ) ആയശേഷം മരണത്തെ നേരിടുന്ന നിരവധി രോഗികളുമായി സമ്പർക്കം പുലർത്തേണ്ടി വന്നപ്പോൾ തനിക്ക് അവരെ വളരെയൊന്നും സഹായിക്കാൻ കഴിയല്ലെന്ന് ബോധ്യം വന്നു. അച്ഛനമ്മമാർ രണ്ടുപേരും ഡോക്ടർ മാരായിരുന്ന തന്റെ വീട്ടിൽ ഗ്രന്ഥകാരൻ ഡോക്ടറാകുന്നതു വരെ ആരും മരിക്കുന്നത് കണ്ടിട്ടില്ലായിരുന്നു. ആദ്യം ദർശിച്ച ചില മരണങ്ങൾ അദ്ദേഹത്തെ പിടിച്ചു കുലുക്കി. കുറേ കാലത്തേയ്ക്ക് അവ ഒരു പേടിസ്വപ്നമായി അവശേഷിച്ചു. തന്റെ കൃതിയിൽ, യൂറോളോജിസ്റ്റ് ആയിരുന്ന പിതാവിന്റെ നട്ടെല്ലിലുള്ള ക്യാൻസറിനെപ്പറ്റിയും അതിനുശേഷമുള്ള ജീവിതത്തെയും അവസാനമുള്ള മരണത്തേയും മറ്റും ഹൃദയസ്പർശിയായി വിവരിക്കുന്നുണ്ട്. ഭാര്യയുടെ പിതാവിന്റെ അമ്മയുടേത് അടക്കം നിരവധി രോഗികളുടെ യഥാർത്ഥ അനുഭവങ്ങളുടെ വിശദ വിവരണം ഈ കൃതിയിൽ കാണാം. അവയിൽ ഒന്നോ രണ്ടോ മാത്രമേ ഇവിടെ ചുരുക്കി പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നുള്ളു. പുസ്തകം വായിക്കാൻ പ്രചോദിപ്പിക്കലാണ് എന്റെ ലക്ഷ്യം.

ജോസഫ് ലസാറോഫ് എന്ന ഒരു നഗരഭരണാധികാരിയുടെ കഥ വിവരിക്കുന്നുണ്ട്. ഭാര്യയെ ശ്വാസകോശ അർബ്ബുദം മൂലം ഏതാനും വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിനു നഷ്ടപ്പെട്ടിരുന്നു. അറുപതുകളിലായിരുന്ന ജോസഫ് മാറാത്ത ഒരു തരം ക്യാൻസ

റിന് അടിമപ്പെട്ടിരുന്നു. അർബ്ബുദം അദ്ദേഹത്തിന്റെ നട്ടെല്ലിലേക്ക് പടർന്നിരുന്നു. അദ്ദേഹത്തെ ചികത്സിച്ചിരുന്ന ന്യൂറോ സർജൻ തിരഞ്ഞെടുക്കാൻ രണ്ടു വഴികൾ കൊടുത്തു. ഒന്ന് ആശ്വാസം പ്രദാനം ചെയ്യാനും വേദന ലഘൂകരിക്കാനും ഉപകരിക്കുന്ന സാന്ത്വന ചികിത്സ (Paliative Care) അതുകൊണ്ട് ആയുസ്സ് നീട്ടികിട്ടി യേക്കില്ല. മറ്റൊന്ന് നട്ടെല്ലിലുള്ള മുഴ ശസ്ത്രക്രിയ ചെയ്ത് നീക്കം ചെയ്യുക. സർജറി തന്റെ ജീവിതം കൂടുതൽ ദുഷ്കരമാക്കാനും ആയുസ്സ് കുറയ്ക്കാനും കാരണമായേക്കാം. എന്നിട്ടും രോഗി ഓപ്പറേഷനാണ് തിരഞ്ഞെടുത്തത്. ജോസഫ് തെറ്റായ തിരഞ്ഞെടുപ്പാണ് നടത്തിയതെന്ന് ഗ്രന്ഥകാരൻ കരുതി. ഏതാണ്ട് ഒമ്പതു മണിക്കൂർ നീണ്ട ശസ്ത്രക്രിയ സാങ്കേതികമായി ഒരു വിജയമായിരുന്നു. നട്ടെല്ലിലുണ്ടായിരുന്ന സമ്മർദ്ദം ഇല്ലാതായി. പക്ഷേ അദ്ദേഹം ഓപ്പറേഷന്റെ കെടുതികളിൽ നിന്ന് മുക്തനായില്ല. അപ്പോഴും രോഗി ഓപ്പറേഷൻ ചെയ്തത് നന്നായി എന്ന് വിശ്വസിച്ചു.

തിരിഞ്ഞു നോക്കുമ്പോൾ ഡോക്ടർമാർ അദ്ദേഹത്തോട് ആത്മാർത്ഥ തയോടെ സംസാരിക്കാൻ വിമുഖത കാട്ടി എന്നു തോന്നുന്നു. രോഗിയെ രക്ഷിക്കാനാകില്ലെന്ന് അവർക്കറിയാ മായിരുന്നു. പക്ഷേ അത് തുറന്നു പറയാനോ രോഗിയെ ആ സത്യം നേരിടാൻ സഹായിക്കാനോ അവർക്കു കഴിഞ്ഞില്ല. ഡോക്ടർമാർ ഇങ്ങനെയുള്ള ഒരു ചുറ്റുപാടു നേരിടാൻ സന്നദ്ധരായിരുന്നില്ല. ടോൾസ്റ്റോയിയുടെ കഥയിലെ ഐവാന്റെ 19 ാം നൂറ്റാണ്ടിലെ ഡോക്ടർമാരെക്കാൾ ഒട്ടും വ്യത്യസ്തരായിരുന്നില്ല ഇപ്പോഴത്തെ ഡോക്ടർമാർ എന്നു പറയേണ്ടി വരും. വാർദ്ധക്യവും മരണവും പ്രദാനം ചെയ്യുന്ന അനുഭവങ്ങളെ സത്യസന്ധമായി പരിശോധിക്കാനുള്ള ഡോക്ടർമാരുടെ വിമുഖത രോഗികളിൽ നാം അടിച്ചേല്പിക്കുന്നതിന്റെ ഉപദ്രവങ്ങൾ കൂടിയിട്ടുണ്ട്.

1945 വരെ അമേരിക്കയിലെ മിക്കവാറും മരണങ്ങൾ വീട്ടിലാണ് നടന്നിരുന്നത്. 1980 ആയപ്പോഴേക്കും 17% പേർ മാത്രമേ വീട്ടിൽ മരണമടഞ്ഞിരുന്നുള്ളു. വീട്ടിൽ വെച്ച് മരണമടഞ്ഞവരിൽ പലരും ആശുപത്രിയിൽ എത്തിക്കുന്നതിനു മുമ്പ് പെട്ടെന്ന് മരണപ്പെട്ടവരായിരുന്നു. ഒരു വലിയ ഹൃദയാഘാതം, കഠിനമായ പരിക്ക്. 1990 നുശേഷം വീണ്ടും പകുതിയലധികം പേർ വീടുകളിൽ മരിക്കുന്നു, കാരണം ആളുകൾ അവരുടെ ജീവിതത്തിന്റെ ക്വാളിറ്റിയെക്കുറിച്ച് കൂടുതൽ ബോധവാൻമാരാകുന്നു. ഇന്ത്യയിലെ ഇപ്പോഴത്തെ വിവരങ്ങൾ കൃത്യമായി ലഭ്യമല്ലെങ്കിലും കൂടുതൽ പേർ , പ്രത്യേകിച്ച് നഗരങ്ങളിൽ ആശുപത്രിയിൽ ആയിരിക്കും മരിക്കുന്നത്. അമേരിക്കയിൽ മാത്രമല്ല വികസിത രാജ്യങ്ങളിലെല്ലാം ഇതേ രീതിയായിരുന്നു.

ഗ്രന്ഥകാരന്റെ പിതാവ് ഇന്ത്യയിൽ നിന്നു വന്ന് 1963 ൽ ന്യൂയോർക്ക് നഗരത്തിൽ താമസമാക്കി. ഇന്ത്യയിൽ നിന്നു വന്ന ഒരു ശിശുരോഗവിദഗ്ദ്ധയെ വിവാഹം കഴിച്ചു. അമേരിക്കൻ സംസ്കാരം ഏതാണ്ട് പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ടുള്ള ഒരു ജീവിതമാണ് അവർ നയിച്ചത്. പിതാവിന് യൂറോളജി പ്രാക്ടിസിനു പുറമേ പതിവായി ടെന്നീസ് കളിയും തദ്ദേശത്തുള്ള റോട്ടറി ക്ലബ്ബിലെ അംഗത്വവുമുണ്ടായിരുന്നു. അമേരിക്ക തങ്ങളുടെ മുതിർന്ന പൗരൻമാരായ രോഗികളോട് പെരുമാറുന്ന രീതികളെക്കുറിച്ച് അദ്ദേഹത്തിന് തികച്ചും മോശമായ അഭിപ്രായമായിരുന്നു. പ്രായമായ രോഗികൾ ഐ സി യുവിലും മറ്റും ഒറ്റപ്പെടുന്നതും അവസാന നിമിഷങ്ങൾ തങ്ങളുടെ പേരുപോലും അറിയാത്ത ഡോക്ടരമാരുടേയും നേഴ്സുമാരുടേയും കൂടെ ചിലവഴിക്കേണ്ടി വരുന്നതും വളരെ ക്രൂരമായി അദ്ദേഹം കരുതി.

ഗ്രന്ഥകാരന്റെ പിതാമഹൻ മഹാരാഷ്ട്രയിലെ ഒരു ഗ്രാമത്തിൽ നൂറു വയസ്സിലധികം കാലം പ്രതാപത്തോടെ ജീവിച്ചു. അദ്ദേഹത്തിന്റെ കൂടെ മക്കളും പേരക്കുട്ടികളുമടങ്ങുന്ന ഒരു വലിയ കുടുംബം താമസിച്ചിരുന്നു. മരിക്കുന്നതുവരെ എല്ലാ പ്രധാന കാര്യങ്ങളും അദ്ദേഹത്തോടഭിപ്രായം ചോദിച്ചാണ് മക്കൾ നടത്തിയിരുന്നത്. അമേരിക്കയിലായിരുന്നുവെങ്കിൽ അദ്ദേഹത്തെ തീർച്ചയായും ഒരു നേഴ്സിംങ് ഹോമിൽ പ്രവേശിപ്പിച്ചേനെ. മരിക്കുന്നതിന് ഏതാണ്ട് ചില മാസങ്ങൾ മുമ്പു വരെ തന്റെ വിസ്തൃതമായ വയലുകളിൽ പോയി ദിവസവും പരിശോധിച്ചിരുന്നു. മരിച്ചപ്പോൾ ഏതാണ്ട് 110 വയസ്സായിരുന്നു പ്രായം. ഒരു ബസിൽ നിന്നിറങ്ങുമ്പോൾ തലയിടിച്ചു വീണ് ഏതാനും ദിവസങ്ങൾക്കകം മരണമടഞ്ഞു.

അമേരിക്കയിലെ ആരോഗ്യ വിദഗ്ദ്ധരെ സംബന്ധിച്ചിടത്തോളം തനിച്ചു താമസിക്കാൻ യോഗ്യനാകണമെങ്കിൽ ഒരാൾ നിത്യജീവിതത്തിൽ ചെയ്യേണ്ടതായ കാര്യങ്ങൾ പരസഹായമില്ലാതെ ചെയ്യാൻ പ്രാപ്തനായിരിക്കണം. ഭക്ഷണം കഴിക്കൽ, ടോയ്‌ലറ്റ് ഉപയോഗം, വസ്ത്രധാരണം, കുളി, കട്ടിലിൽ നിന്നും എഴുന്നേല്ക്കുക, കസേരയിൽ നിന്നെഴുന്നേല്ക്കുക, തനിച്ചുള്ള നടത്തം എന്നിവ അവയിൽ പെടുന്നു. ഇവ നിർവഹിക്കാൻ കഴിയില്ലെങ്കിൽ സുരക്ഷിത രായി വീട്ടിൽ തനിച്ച് ജീവിക്കാൻ സാധ്യമല്ല•

(തുടരും)

# പറവൂരിന്റെ കണ്ണൻ



കെ. വത്സലാദേവി

തിരുവിതാംകൂർ ദേവസ്വത്തിന്റെ അധീനതയിലുള്ള ക്ഷേത്രമാണ് കണ്ണൻകുളങ്ങര ശ്രീകൃഷ്ണസ്വാമിക്ഷേത്രം.

ഒരു കാലത്ത് ബ്രാഹ്മണർ തിങ്ങി താമസിച്ചിരുന്ന ഒരു പ്രദേശമായിരുന്നു ഇവിടം.

ഇന്ന് അമ്പലം ഇരിക്കുന്നതിന്റെ തൊട്ടുതന്നെ കൊട്ടക്കാവ് പള്ളി എന്ന കൃസ്ത്യൻ ദേവാലയവും ഒരു യാക്കോബായ പള്ളിയും സ്ഥിതി ചെയ്യുന്നു. ഈ കൊട്ടക്കാവ് പള്ളി ഇരിക്കുന്ന സ്ഥലത്ത് ഒരു നമ്പൂതിരി കുടുംബമായിരുന്നു താമസിച്ചിരുന്നത്. അവർക്ക് പുരുഷസന്താനമില്ലാതെ വളരെ വിഷമിച്ചിരിക്കുന്ന സമയം. ശ്രീകൃഷ്ണസേവ മുറതെറ്റാതെ നടത്തി കൊണ്ടിരുന്നു. ഒരു ദിവസം ഇല്ലത്തമ്മ കുളത്തിൽ കുളിച്ചു കയറിയപ്പോൾ അമ്മ എന്ന വിളികേട്ട് അത്ഭുതപ്പെട്ട് തിരിഞ്ഞു നോക്കി കോമളരൂപനായ ശ്രീകൃഷ്ണഭഗവാൻ ബാല രൂപത്തിൽ നിൽക്കുന്നു. ഭർത്താവിനെ വിവരം ധരിപ്പിക്കാൻ അവർ ഓടി ഗൃഹത്തിലേക്ക് പോയി . അതാ കണ്ണൻ കുളക്കരയിൽ നിൽക്കുന്നു എന്നു പറഞ്ഞു നമ്പൂതിരി ഓടി വന്ന് നോക്കിയപ്പോൾ അവിടെ ആരേയും കണ്ടില്ല. നിരാശനായ നമ്പൂതിരി തിരിച്ച് വീട്ടിലേക്ക് തന്നെ പോയി. പ്രാർത്ഥനയോടുകൂടി ഉറങ്ങാൻ കിടന്ന അന്ന് ആ നമ്പൂതിരിയെകൂടാതെ നാല് നമ്പൂതിരി ഗൃഹങ്ങളിൽ കുടി അവിടെയുള്ളവർക്ക് ഒരു സ്വപ്ന ദർശ്ശനമുണ്ടായി.

ഒരു ക്ഷേത്രം പണിയിച്ച് ചതുർബാഹുവായ രൂപത്തിൽ എന്നെ പ്രതിഷ്ഠിച്ച് ബാല രൂപത്തിൽ രാവിലെ എന്നെ കണ്ടതു പോലെ ഭക്തിയൊടുകൂടി പൂജചെയ്താൽ ആഗ്രഹിച്ച സന്താന ലാഭം ഉണ്ടാകുന്നതാണ്

പിറ്റേ ദിവസം ഈ അഞ്ച് ഗൃഹക്കാരും കൂടി ആലോചിച്ച് ഇന്നു കാണുന്ന ക്ഷേത്രം നില്ക്കുന്ന സ്ഥലത്ത് ഭഗവാനെ പടിഞ്ഞാറ് ദർശനമായി പ്രതിഷ്ഠിക്കുകയും യഥാവിധി പൂജാ കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. അന്തർജനത്തിന് സൽസന്താന ങ്ങൾ ഉണ്ടാവുകയും ചെയ്തു.

മീനമാസത്തിലെ ഉത്രട്ടാതിയാണ് പ്രതിഷ്ഠാദിനം. പാൽപ്പായസവും കദളിപ്പഴപായസവുമാണ് പ്രധാന വഴിപാട് എല്ലാമാസവും തിരുവോണം പ്രസാദഊട്ട് നടത്തിവരുന്നു.

ഇവിടുത്തെ നിർമാല്യ ദർശനം വളരെ വിശേഷപ്പെട്ടതാണ് നാൽപ്പത്തി ഒന്നു ദിവസവും നിർമ്മാല്യം മുടക്കം കൂടാതെ ഭക്തിയോടുകൂടി തൊഴുതാൽ ഏതാഗ്രഹവും സാധിക്കും എന്നാണ് വിശ്വാസം . മകരമാസത്തിലെ തിരുവോണ ദിനമാണ് ആറാട്ട്. അഷ്ടാഭിഷേകം ശ്രേയസ്സിന് വേണ്ടി ഇവിടെ നടത്തപ്പെടുന്നു. ഗുരുവായൂർ ഏകാദശിക്ക് പുഷ്പാഭിഷേകം നടത്തപ്പെടുന്നു വളരെ വിശേഷപ്പെട്ട വഴിപാടാണിത്. കുട്ടികൾ ഉണ്ടാകാത്തവർക്ക് തൊട്ടിൽ കെട്ടും വളരെ വിശേഷമാണ്.

ഉത്സവത്തിന്റെ അഞ്ചാംപുറപ്പാട് ബഹുകേമമാണ്. അന്നേദിവസം ഭഗവാനെ സർവ്വാ ഭരണഭൂഷിതനായി, സർവ്വആഡംബരങ്ങളോടുകുടി അഞ്ച് ആനകളുടെ അകമ്പടിയോടുകൂടി പ്രദിക്ഷിണം വച്ച് പടിഞ്ഞാറ് തിരിഞ്ഞ് നില്ക്കുന്നു. ഇത് ഭഗവാനെ ആദ്യം കണ്ട നമ്പൂതിരി സ്ത്രീയുടെ ഇല്ലത്തേക്കുള്ള ഇറക്കിപ്പൂജയായിട്ടാണ് സങ്കല്പം. ഈ സമയം കൊട്ടക്കാവ് പള്ളിയിൽ നിന്നും രണ്ട് രൂപങ്ങൾ (കുട്ടികളുടെ) കിഴക്കോട്ട് നീങ്ങുന്നു. ഭഗവാൻ പടിഞ്ഞാറ് ഗോപുരത്തിൽ കൂടി അകത്തേക്ക് കടക്കുമ്പോൾ ശ്രീബലി അവസാനിക്കുന്നു. കുട്ടികൾ ഉണ്ടാകാത്തവർക്ക് ഈ എഴുന്നള്ളത്ത് കണ്ട് തൊഴുതാൽ അടുത്ത വർഷം സന്താനലാഭം നിശ്ചയമാണ് എന്നാണ് വിശ്വാസം.

വൃശ്ചിക മാസത്തിലെ ഏകാദശിയും, ദ്വാദശിയും വളരെ പ്രാധാന്യത്തോടുകൂടി ആചരിക്കുന്നു.

ദ്വാദശി ദിവസം ദ്വാദശിപ്പണം വച്ച്, മേൽശാന്തിയിൽ നിന്നും തീർത്ഥം വാങ്ങി സേവിച്ചാൽ വൈകുണ്ഠത്തിൽ നാം എത്തിച്ചേരുമെന്നുള്ളത് ദൃഢമായ വിശ്വാസമാണ്.

ഈ ക്ഷേത്രം തന്നെ തെക്കൻ ഗുരുവായൂർ എന്നാണ് അറിയപ്പെടുന്നത്. സർവ്വാഭരണവിഭൂഷിതനായി നില്ക്കുന്ന ശ്രീകൃഷ്ണവിഗ്രഹം കണ്ടാൽ സാക്ഷാൽ ഗുരുവായൂരപ്പൻ തന്നെ വന്ന് നില്ക്കു

ന്നതാണോ എന്നു പോലും സംശയിച്ചു പോകും. പുതിയതായി നിർമ്മിച്ച (പഴയതു മാറ്റി) സ്വർണ്ണ കൊടിമരം സൂര്യപ്രകാശത്തിൽ വെട്ടി തിളങ്ങുന്നു.

നല്ല ആൺകുഞ്ഞുണ്ടാകുവാൻ ഭഗവാന് തൊട്ടിലും, കുഞ്ഞും നടയ്ക്കൽ സമർപ്പിക്കുന്നു. വെണ്ണ, പഴം, പഞ്ചസാര കൊണ്ടുള്ള തുലാഭാരവും, തിരുവോണ ഊട്ടും വളരെ പ്രധാനമാണ്.

കംസൻ പല വിധത്തിലും ഉണ്ണിക്കണ്ണനെ ഇല്ലാതാക്കാൻ ശ്രമിക്കുകയുണ്ടായി. ഒരിക്കൽ ബകാസുരൻ പക്ഷിരൂപത്തിൽ വന്ന് ബാലകനെ വധിക്കാൻ ശ്രമിച്ചു. കണ്ണൻ അതിന്റെ കൊക്ക് വലിച്ചുകീറി പക്ഷിയെ വധിച്ചു. അങ്ങിനെ പക്ഷിയിൽ നിന്നും കുഞ്ഞുങ്ങളെ രക്ഷിച്ചു. ഇവിടെ നടത്തുന്ന ബാലയൂട്ട് ബാലൻമാർക്കുണ്ടാകുന്ന രോഗങ്ങൾക്കും പക്ഷിപീഡക്കും ഉത്തമമാണ്.

കൊട്ടക്കാവ് പള്ളി ഇരിക്കുന്നിടത്ത് പണ്ടുണ്ടായിരുന്ന നമ്പൂതിരി കുടുംബത്തിലെ കുളവും, കുട്ടികളുടെ പ്രതിമയും, ഇപ്പോഴും കാണാം. അവിടെ ഉണ്ടായിരുന്ന ചുറ്റുമതിലും, വിളക്കുകളും ഇപ്പോഴും ഉണ്ട്. (ആനമതിൽ എന്നാണ് പറയുന്നത്) കാലത്തിന്റെ കുത്തൊഴുക്കിൽ നമ്പൂതിരിയില്ലങ്ങൾ മിക്കവാറും നാമാവശേഷമായി. പറവൂരിന്റെ കണ്ണൻ ഇന്നും അനുഗ്രഹം ചൊരിഞ്ഞ് ആവശ്യക്കാരെ കാരുണ്യത്തോടെ നോക്കി അഭീഷ്ടസിദ്ധിവരദായകനായി നിലനില്ക്കുന്നു •

# വിശേഷ ദിവസങ്ങൾ

## 2017 ജനുവരി 14 മുതൽ ഫെബ്രുവരി 14 വരെ

| | | |
|---|---|---|
| ജനുവരി | 17 | മകരചൊവ്വ |
| | 26 | റിപ്പബ്ലിക് ദിനം |
| | 29 | ചിലവന്നൂർ പൊന്നേത്ത്കാവ് ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലി |
| | 30 | ഗാന്ധിസ്മരണദിനം |
| | 31 | ഉദയംപേരൂർ നടക്കാവ് താലപ്പൊലി |
| ഫെബ്രുവരി | 1 | എറണാകുളം ശിവക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 4 | ലോകക്യാൻസർ ദിനം പൊന്നേത്ത്കാവ്ഭഗവതി ക്ഷേത്രത്തിലെ ഭരണിത്തൂക്കം,ആറാട്ട് |
| | 8 | എറണാകുളം ശിവക്ഷേത്രത്തിൽ ആറാട്ട് |
| | 9 | വളഞ്ഞമ്പലം ക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 10 | തൈപ്പൂയ്യം |

*(മിനിക്കഥ)*

# നാറ്റം



**ഉണ്ണി വാരിയത്ത്**

**സ്ഥ**ലത്തെ പ്രധാന ദിവ്യൻമാരെന്ന് മേനി നടിക്കുന്നവരോട് ഒരാൾ ചോദിച്ചു ഇവിടുത്തെ കലാകാരൻമാരെ നിങ്ങൾ എന്തുകൊണ്ടാണ് ആദരിക്കാത്തത് ?

'നിങ്ങൾക്ക് തോന്നുന്നത് ഞങ്ങൾക്ക് തോന്നണമെന്നുണ്ടോ?'

അവർ മറുചോദ്യം ചോദിച്ചു.

'വെറുതെയല്ല പറയുന്നത് മുറ്റത്തെ മുല്ലക്ക് മണമില്ലെന്ന്'

'പക്ഷേ ഞങ്ങൾ പറയുന്നു മുറ്റത്തെ മുല്ലയ്ക്ക് മണമുണ്ടെന്ന്. അത് പക്ഷെ നാറ്റമാണ്'

നാറിയ മനസ്ഥിതിയിൽ വ്യവസ്ഥിതിയെ സ്ഥിരപ്പെടുത്തുന്നവരോട് അയാൾ പിന്നെന്തു പറയാൻ

# ഹന്ത ഭാഗ്യം ജനാനാം



ഡോ. ജ്യോത്സന

നാരായണീയം..... മലയാളികൾ നെഞ്ചോടു ചേർത്ത പുണ്യം... അല്ലെങ്കിൽ സംസ്കൃതഭാഷ മലയാളിക്കു നൽകിയ ധന്യത....... എന്തു വിളിച്ചാലും കാലാതിവർത്തിയായി ഇന്നും തിളങ്ങി നിൽക്കുന്ന ഈ മഹാഗ്രന്ഥം ഭാഷാഭേദമെന്യേയുള്ള ആളുകൾ ഏറ്റെടുത്തു കഴിഞ്ഞു. ഗുരുവായൂരപ്പനെ ഇഷ്ടപ്പെടുന്ന ആർക്കും ഈ ഗ്രന്ഥം ഒരു തവണയെങ്കിലും വായിക്കാതിരക്കാൻ കഴിയില്ലെന്ന് തീർച്ച.

430 വർഷങ്ങൾക്കു മുൻപ് ഇരുപത്തേഴാമത്തെ വയസ്സിൽ നാരായണീയ സ്തോത്രം നിർമ്മിച്ച് ശ്രീഗുരുവായൂരപ്പന്റെ തൃപ്പാദങ്ങളിൽ സമർപ്പിച്ച് വാതരോഗത്തിൽ നിന്നും വിമുക്തി നേടിയ ശ്രീമേൽപ്പത്തൂർ നാരായണഭട്ടതിരിയാണ് അനുപമമായ, അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ 'അനുപമമായ' ഈ ഗ്രന്ഥം മലയാളിക്കു സമ്മാനിച്ചത്.

പല ഗുരുക്കൻമാരിൽ നിന്ന് സംസ്കൃതശാസ്ത്രങ്ങളിൽ അഗാധമായ പാണ്ഡിത്യം അദ്ദേഹം സമ്പാദിച്ചിരുന്നു. കുറുമ്പത്തൂരിൽ ജനിച്ച്, അനിതരസാധാരണമായ പാണ്ഡിത്യം കൈവരിച്ച്, പലയിടത്തും ചെന്നു ജീവിച്ച് പല രാജാക്കൻമാരുടെയും ആശ്രിതനായിട്ട് സ്തോത്രങ്ങളും ശാസ്ത്രങ്ങളും കാവ്യങ്ങളും പ്രബന്ധങ്ങളും ഒട്ടേറെ നിർമ്മിച്ച് ചിരപ്രതിഷ്ഠിതമായി കീർത്തി സമ്പാദിച്ച നാരായണാചാര്യൻ ഗുരുവായൂരപ്പന്റെ ദാസനായിരുന്നു പ്രക്രിയസർവ്വസം എന്ന വ്യാകരണഗ്രന്ഥത്തിൽ അദ്ദേഹം തന്നെ പറയുന്നു

മീമാംസാദി സ്വതാതാന്നിഗമമവികലം
  മാധവാചാര്യവര്യാത്
തർക്കം ദാമോദരാര്യാദപി പദപദവീ
  മച്യുതാഖ്യാദ് ബുധേന്ദ്രാത്
തേഷാം കാരുണ്യയോഗാത് കിമപി ച കവിതാ
  മാപ്നവം, കർമ്മമേതദ്
ഭൂയാത് കൃഷ്ണാർപ്പണം മേ ഭവതു ച സതതം
  ധീരഘാരേഃ കഥായാം.

മീമാംസാദിശാസ്ത്രങ്ങൾ തന്റെ അച്ഛനിൽ നിന്നും വേദം മുഴുവനും മാധവാചാര്യനിൽ നിന്നും ദാമോദരൻ എന്ന ജ്യേഷ്ഠനിൽ നിന്ന് തർക്കവും, അച്യുതൻ എന്ന പണ്ഡിതവരേണ്യനിൽ നിന്ന് വ്യാകരണവും അവരുടെയെല്ലാം കാരുണ്യം കൊണ്ടു കുറച്ചു കവിത്വവും എനിക്കു ലഭിച്ചു. എന്റെ കർമ്മം കൃഷ്ണാർപ്പണമായി തിരട്ടെ. എന്റെ ബുദ്ധി അഘാസുരശത്രുവായ ഭഗവാന്റെ കഥയിൽ അഭിരമിക്കട്ടെ എന്നാണ് ഈ ശ്ലോകത്തിന്റെ അർത്ഥം. അദ്ദേഹം ചിന്തിച്ചതുപോലെ തന്നെ അന്യാദൃശമായ ഭഗവത്കടാക്ഷവും സരസ്വതീ പ്രസാദവും കവിപ്രതിഭയും അദ്ദേഹത്തിൽ സമന്വയിച്ചിരുന്നു. തന്റെ തന്നെ അനേകം കൃതികളിലൂടെയും ശാസ്ത്രഗ്രന്ഥങ്ങളിലൂടെയും അത് അദ്ദേഹം തെളിയിച്ചതുമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും നാരായണീയത്തിന് സാധാരണക്കാരന്റെ മനസ്സിൽ പോലും ഒളിമങ്ങാത്ത ഒരു സ്ഥാനമുണ്ട്. സംസ്കൃതം അറിയാത്തവർക്ക് ഇത് പ്രത്യക്ഷമായ ഗുരുവായൂരപ്പനാണ്. അത്രയേറെ ഭക്തി ഈ കാവ്യം പകർന്നു നല്കുന്നു. സംസ്കൃതം അറിയുന്നവർക്കാകട്ടെ ഗുരുവായൂരപ്പന്റെ പ്രത്യക്ഷദർശനത്തോടൊപ്പം തന്നെ ഇതിലെ പ്രയോഗങ്ങൾ എന്നും ഒരു പാഠഭാഗമാണ്. ശാസ്ത്രത്തിന്റെ ഗാംഭീര്യവും കാവ്യത്തിന്റെ പ്രസാദാത്മകതയും ഭക്തിയുടെ പാരമ്യതയും ഈ കാവ്യത്തെ വ്യത്യസ്തമാക്കുന്നു. ഭഗവാനോട് നേരിട്ട് അഭ്യർത്ഥിച്ചു കൊണ്ടു തന്നെയാണ് കഥാകഥനം ചെയ്യുന്നത്. ഭാഗവതത്തിന്റെ അതിമനോഹരമായ സംഗ്രഹമാണ് ഈ ഗ്രന്ഥം.

നൂറുദശകങ്ങളിലായി ആയിരത്തിലധികം ശ്ലോകങ്ങൾ ഇതിലുണ്ട്. ഭാഗവതത്തിലെ ഒന്നു മുതൽ ഒൻപതു വരെയുള്ള സ്കന്ദങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കഥകൾ 1 മുതൽ 36 വരെ ദശകങ്ങളിലായി വർണ്ണിച്ചിരിക്കുന്നു. ദശമസ്കന്ദത്തിലെ കൃഷ്ണാവതാര കഥ നാരായണീയത്തിൽ 37 ാം ദശകത്തിൽ ആരംഭിക്കുന്നു. ഭാഗവതത്തിലെ ഏകാദശ സ്കന്ദം ഉദ്ധവർക്ക് ഭഗവാൻ നല്കുന്ന തത്വോപദേശമാണ്. ഈ ഭാഗം പ്രസക്തമായതൊന്നും വിട്ടുപോകാതെ സംഗ്രഹിക്കാൻ സാധിച്ചു എന്നുള്ളത് ഭട്ടതിരിപ്പാടിനുള്ള അന്യാദൃശ്യമായ സാമർത്ഥ്യമാണ്. എന്തിനധികം ഭഗവത്ഗിതയുടെ സംഗ്രഹം നോക്കുക.

ജിഷ്ണോസ്ത്വം കൃഷ്ണ സൂതഃ ഖലു
  സമരമുഖേ

ബന്ധുഘ്നാതേ ദയാലും

ഖിന്ന തം വീക്ഷ്യ വീരം കിമദമയി സഖേ

നിത്യ ഏകോയ മാത്മാ

കോ വദ്ധ്യഃ കോത്ര ഹന്താ തദിഹ വധഭീയം

പ്രോത്സ്യ മയ്യർപ്പിതാത്മാ

ധർമ്മ്യം യുദ്ധം ചരേതി പ്രകൃതിമനയഥാ.

ദർശയൻ വിശ്വരൂപം

ഭഗവദ്ഗീതയുടെ സത്ത എന്തെന്ന് കൃത്യമായി ഈ ശ്ലോകം വരച്ചു കാട്ടുന്നു. ക്രിയാപദങ്ങൾ ഇത്ര സുലഭതയോടെയും വൈദഗ്ദ്ധ്യത്തോടെയും ഉപ യോഗിച്ചിട്ടുള്ള മറ്റൊരു കവിയുണ്ടോ എന്നു തന്നെ സംശയമാണ്. മദ്ധ്യമോത്തമ പുരുഷപ്രയോഗങ്ങൾ വളരെ ലാഘവത്തോടെ ഈ കൃതിയലുടനീളം പരിലസിക്കുന്നതു കാണാം.

പാണനി പ്രയോഗിച്ചിരിക്കുന്ന അർത്ഥ വൈ ചിത്ര്യങ്ങളിലൂടെ സാഹിത്യം ആസ്വദിക്കുമ്പോഴേ സംസ്കൃതകാവ്യങ്ങളുടെ കാവ്യഭംഗി അനാവൃത മാകുകയുള്ളു. അർത്ഥ വിജ്ഞാനീയത്തിലുള്ള പാണിനിയുടെ ശ്രദ്ധയും നൈപുണ്യവും അതേ രൂപത്തിൽ ഗ്രഹിച്ചിട്ടുള്ള, സമർത്ഥമായി പ്രയോ ഗിച്ചിട്ടുള്ള മേല്പത്തൂരിന്റെ കാവ്യ വൈഭവം അപാ രമാണ്. ഉദാഹരണങ്ങൾ നോക്കൂ.

പ്രാപ്തായഃ ശൂർപ്പനഖ്യാഃ മദനചലധൃതേ

രർത്ഥനൈർനിസ്സഹാത്മാ

താം സൗമിത്രൗ വിസൃജ്യപ്രബലതമരുഷാ

തേന നിർലൂനനാസാം

ദൃഷ്ട്വൈനാം രുഷ്ടചിത്തം ഖരമഭിപതിതം

ദൂഷണഞ്ച ത്രിമൂർദ്ധം

വ്യാഹിംസിരാശരാനപ്യയക്തസമധികാം

സത്ത്ക്ഷണാദക്ഷതോഷ്മാ

തളരാത്ത പൗരഷം നിറഞ്ഞ അങ്ങ് കാമാകുല നായി വന്നു ചേർന്ന ശൂർപ്പം പോലെയുള്ള നഖമു ള്ളവളുടെ അപേക്ഷകൾ കേട്ടു സഹിക്കാനാവാതെ അവളെ ലക്ഷ്മണന്റെ അടുത്തേയ്ക്ക് പറഞ്ഞയച്ചു. ലക്ഷ്മണൻ കോപം മൂത്ത് മൂക്കു മുറിച്ചു കളഞ്ഞു. വികൃതയായ അവളെ കണ്ട് കോപിച്ച് എതിർത്തു വന്ന ഖരദൂഷണത്രിശിരസ്സുകളേയും പതിനായിര ത്തിലധികം രാക്ഷസൻമാരേയും ആ ക്ഷണത്തിൽ തന്നെ കൊന്നു കളയുകയും ചെയ്തു എന്നാണ് ഇതിന്റെ അർത്ഥം. ഇവിടെ 'ശൂർപ്പനഹി' എന്നത് ഒരു വിശേഷ പ്രയോഗമാണ്. ശൂർപ്പം (മുറം) പോ ലെയുള്ള നഖമുള്ളവൾ എന്നർത്ഥം. നേരെമറിച്ച് ശൂർപ്പണഖാ എന്ന പേരാ യിരുന്നു ഉദ്ദേശിച്ചതെങ്കിൽ ശൂർപ്പണഖായാ എന്നേ പ്രയോഗിക്കാൻ സാധിക്കു മായിരുന്നുള്ളു. ഈ പ്രയോഗം അവളുടെ രൂപവൈ ചിത്ര്യം സ്പഷ്ടമായി പറയുന്നു. അതിദീർഘമായ സമാസങ്ങളിലൂടെയും ഒരേ അർത്ഥത്തിലുള്ള ഒന്നി ലധികം പ്രത്യയങ്ങൾ ഒരുമിച്ചുപയോഗിച്ചു കൊണ്ടും ശബ്ദ ശില്പങ്ങളിലൂടെയും നരസിംഹാവതാരത്തിൽ രസാഭിവ്യക്തി നടത്തുന്നതു നോക്കൂ.

ഉത്സർപ്പദ്വലിഭംഗഭീഷണഹനു

ഹ്രസ്വസ്ഥവീയസ്തര

ഗ്രീവം പീവരദോശ്ശതോദ്ഗതനഖ

ക്രൂരാംശു ദൂരോദ്ബണം

വ്യോമോല്ലംഘി, ഘനാഘനോപമഘന

പ്രധ്വാനനിർദ്ധാവിത

സ്പരദ്ധാലുപ്രകരം നമാമി ഭവത

സ്തന്നാരസിംഹം വപുഃ

ഈ ശ്ലോകം വായിക്കുമ്പോൾ തന്നെ നരസിം ഹത്തിന്റെ ഭയാനകമായ രൂപത്തെ അതിന്റെ ശബ്ദം മനസ്സിലാക്കി തരുന്നില്ലേ.

മേൽപ്പോട്ടു വലിയുന്ന വലികളുടെ ചുളിവു കളാൽ ഭയങ്കരമായി തീരുന്ന കീഴ്കവിളുകളോടു കൂടിയതും നീളം കുറഞ്ഞ് നന്നേ തടിച്ച കഴുത്തു ള്ളതും തടിച്ച അനേകം കൈകളിലെ നഖങ്ങളിൽ നിന്ന് പ്രസരിച്ചവയും തീക്ഷ്ണങ്ങളായ രശ്മികളാൽ അതിഭീഷണവും ആകാശം മുട്ടി നില്ക്കുന്നതും മഴ പെയ്യാനൊരുങ്ങിയ മേഘങ്ങളുടെ ഇടിമുഴക്ക ത്തിനു തുല്യമായ അട്ടഹാസ ത്താൽ എതിരാളി കൂട്ടത്തെ ആട്ടിയോടിച്ചതുമായ അവിടുത്തെ ആ നരസിംഹരൂപമായ ശരീരത്തെ ഞാൻ നമസ്കരി ക്കുന്നു എന്നാണ് ഈ ശ്ലോകത്തിനർത്ഥം. ഇവിടെ സ്ഥവീയസ്തര എന്ന പ്രയോഗം നോക്കൂ. രണ്ടു പ്രത്യയങ്ങൾ അതായത് 'തരപ്', 'ഈയസുൻ' ഇതു രണ്ടും അതിശയത്വം കാണിക്കുന്ന ഒരേ അർത്ഥത്തി ലുള്ളവയാണ്. ഇവ ഒരുമിച്ചുപയോഗിച്ചു കൊണ്ട് നീളം കുറഞ്ഞ തടിച്ച കഴുത്തിന്റെ അതിശയത്വം പ്രകടിപ്പിച്ചിരിക്കുന്നു. രാമായണകഥ വിവരിക്കുന്നി ടത്ത് മറ്റൊരു ശ്ലോകം ശ്രദ്ധിക്കൂ.

നത്വാഗസ്ത്യം സമസ്താ ശരനികര സപത്രാ കൃതിം

താപസേഭ്യ ഃ

പ്രത്യശ്രൗഷീ ഃ പ്രയൈഷീ തദനുചമുനിനാ

വൈഷ്ണവേ ദിവ്യചാപേ

ബ്രഹ്മാസ്ത്രേ ചാപി ദത്തേ പഥിപിതൃസുഹൃദം

വീക്ഷ്യ ഭ്രൂയോ ജടായും
മോദാത് ഗോദാതടാന്തേ പരിരമസിപുരാ
പഞ്ചവട്യാം വധൂട്യാ

അങ്ങ് പിന്നെ അഗസ്ത്യമഹർഷിയെ ചെന്ന് കൈവണങ്ങി. തപസ്വികൾക്ക് പ്രിയം ചെയ്യുവാൻ രാക്ഷസകൂട്ടത്തെ നിഗ്രഹിക്കാമെന്ന് പ്രതിജ്ഞ ചെയ്തു. തുടർന്ന് മഹർഷി നല്കിയ വൈഷ്ണവ ധനുസ്സും ബ്രഹ്മാസ്ത്രമന്ത്രോപദേശവും സ്വീകരിച്ചു. വഴിയിൽ അച്ഛന്റെ സുഹൃത്തായ ജടായുവിനെ കണ്ടു. സന്തോഷിച്ച് സീതയോടൊപ്പം പഞ്ചവടിയിൽ രസിച്ചു വാണു എന്നാണ് ഇതിന്റെ അർത്ഥം. ഇവിടെ അനേകം വിശേഷപ്രയോഗങ്ങളുണ്ട്. 'സപത്ര പിഷ്പത്രാ ദതിവ്യഥനേ' എന്ന പാണനീയ സൂത്രപ്രകാരം സപത്രശബ്ദത്തിന് 'ഡാച്' എന്ന പ്രത്യയം വിധിച്ചിട്ട് കൃഞ്ധാതുകൊണ്ട് അനുപ്രയോഗം ചെയ്തിട്ടാണ് സപത്രാകരോതി എന്ന പദം നിഷ്പിന്നമാകുന്നത്. ബാണം ചിറകോടു കൂടി കട വരേയ്ക്കും കുത്തിത്തറച്ച് അതിവ്യഥനം ഏല്പിക്കുക എന്നാണ് ഇതിനർത്ഥം. രാക്ഷസ നിഗ്രഹത്തിൽ ഉള്ള ആർജ്ജവം ഈ പ്രയോഗം നമുക്കു വ്യക്തമാക്കി തരുന്നു. രമാസിപുരാ എന്ന പ്രയോഗത്തിലുമുണ്ട് വ്യാകരണ പ്രത്യേകതകൾ. 'പരി' എന്ന ഉപസർഗ്ഗത്തോടൊപ്പം ആത്മനേപദമായ 'രമ്' ധാതു പരസ്മൈപദമാകുന്നു. പുരാ എന്ന അവ്യയത്തോടൊപ്പം വർത്തമാനകാലം ഭൂതാർത്ഥത്തിലേക്ക് മാറുന്നു. ഇങ്ങനെ ഇങ്ങനെ........ പോകുന്നു പ്രത്യേകതകൾ. സംസ്കൃതത്തിന്റെ സാങ്കേതികത അറിയുന്നവർക്ക് നാരായണീയത്തെ ഇങ്ങനെ ഒരു കോണിലൂടെ നോക്കി കണ്ട് ധാരാളം പഠിക്കാനുണ്ട്. ഇത്തരം നിരവധി വിശേഷ പ്രയോഗങ്ങളിലൂടെ അർത്ഥബാഹുല്യം ഈ കൃതി വെളിവാക്കുന്നു.

ഇതു മാത്രമല്ല സാന്ദർഭികമായി വൃത്തങ്ങൾ രസാനുഗുണമായി ഉപയോഗി ക്കാൻ മേല്പത്തൂരിനുള്ള വൈഭവം ഒന്നു കാണേണ്ടതു തന്നെയാണ്. കാളിയന്റെ ഫണത്തിൽ കയറിയുള്ള ഭഗവാന്റെ നൃത്തം ശബ്ദാർത്ഥ ശില്പസുന്ദരമായ രചനയിലൂടെ നമുക്കു മുന്നിൽ കാണുന്നതുപോലെ തതനുഗുണമായ വൃത്തത്തിൽ അനുഭവ വേദ്യമാകുന്നില്ലേ നോക്കൂ.

അധിരുഹ്യ തതഃ ഫണിരാജഫണാൻ
നനൃതേ ഭവതാ മൃദുപാദരുചാ
കളശിഞ്ജിതനൂപുര മഞ്ജമിളത്
കരകങ്കണ സങ്കുല സംക്വണിതം.

കാൽചിലമ്പിന്റെ ശബ്ദവും വളകിലുക്കവും കേൾക്കുമാറ് നിരത്തി വെച്ചിരിക്കുന്ന ഈ പദങ്ങൾ നമ്മുടെ ഹൃദയത്തെ ത്രസിപ്പിക്കുന്നില്ലേ ? ഇതു പോലെ തന്നെ രാസക്രീഡാ വർണ്ണനം നോക്കൂ.

തവ വിലോകനാദ് ഗോപികാജനാ
പ്രമദസങ്കലാ ഃ പങ്കജേക്ഷണ
അമൃതധാരയാ സംപ്ലുതാ ഇവ
സ്തിമിതതാം ദധുസ്ത്വത്പുരോഗതാ ഃ

താളമേള സുന്ദരമായ ഈ വൃത്തം ഗോപികളുടെ ശൃംഗാരത്തേയും ഭക്തിയേയും എത്രമാത്രം പ്രകാശിപ്പിക്കുന്നു എന്നു നോക്കൂ.

ഇതിനൊക്കെ അപ്പുറത്ത് ഭഗവാനിൽ സർവ്വവും സമർപ്പിച്ചു കഴിയുന്ന ഭക്തന്മാരെ സംബന്ധിച്ച് നാരായണീയം എന്ന കൃതി അവർക്ക് അമൃതപാനം പോലെയാണ്. മേല്പത്തൂരിനൊപ്പം ഇതു വായിക്കുന്നവരും പ്രാർത്ഥിക്കുന്നുണ്ടാവും ഇങ്ങനെ.

വിധൂയ ക്ലേശാൻ മേ കുരചരണ
യുഗ്മംധൃതരസം
ഭവത്ക്ഷേത്രപ്രാപ്തൗ,കരമപിച
തേ പൂജനവിധൗ
ഭവൻമൂർത്ത്യാലോകേ നയന, മഥ
തേ പാദതുളസീ
പരിഘ്രാണേ ഘ്രാണം, ശ്രവണമപി
തേ ചാരുചരിതേ

എന്റെ എല്ലാ ക്ലേശങ്ങളും അകറ്റിയിട്ട് എന്റെ രണ്ടു കാലിനും നിന്തിരുവടിയുടെ ക്ഷേത്രത്തിലെത്താനും കൈയ്യിന് അങ്ങയുടെ പൂജ ചെയ്യാനും കണ്ണിന് അങ്ങയുടെ തിരുവുടൽ കാണാനും മൂക്കിന് അങ്ങയുടെ തൃപ്പാദങ്ങളിലെ തുളസിയുടെ പരിമളം നുകരാനും കാതിന് അങ്ങയുടെ മധുരകഥ കേൾക്കാനുമുള്ള ഉത്സാഹം തരണമേ എന്നർത്ഥം. മിക്ക ദശകങ്ങളും രോഗമുക്തിക്കുള്ള പ്രാർത്ഥനാരൂപങ്ങളാണെങ്കിലും ഭാഗവതത്തിന്റെ ഏകാദശസ്കന്ദം സംഗ്രഹിക്കുന്നിടത്ത് വേദാന്തത്തിന്റെ പരമമായ എല്ലാ തത്വങ്ങളും ഹൃദയദ്രവീകരണമായി അദ്ദേഹം സംഗ്രഹിക്കുന്നു. മനുഷ്യജന്മത്തിന്റെ ഉത്കർഷവും ദേഹം നിമിത്തമുണ്ടാകുന്ന മഹാമഹവും ദൃഢമായ ഭക്തിയുടെ മാഹാത്മ്യവും വിഷയ വിഷരസത്തിലേക്ക് കയറി സഞ്ചരിക്കാതിരിക്കാനുള്ള കല്പനയും എല്ലാം നാരായണീയം നമ്മെ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തി ക്കൊണ്ടേയിരിക്കും.

ദുർവാരോ ദേഹമേഹോ യദി പുനരധുന
തർഹി നിശ്ശേഷരോഗാൻ

ഹൃത്വാ ഭക്തിം ദ്രഢിഷ്ഠാം കുരുതവ പദ
പങ്കേരുഹേ പങ്കജാക്ഷ
നൂനം നാനാഭവാന്തേ സമധിഗതമമും
മുക്തിദം വിപ്രേദേഹം
ക്ഷുദ്രേ ഹാ ഹന്ത മാ മാ ക്ഷിപ വിഷയ
രസേ, പാഹി മാം മാരുതേശ

താമരക്കണ്ണന്റെ പാദപത്മങ്ങളിൽ മേൽപ്പത്തൂരി നൊപ്പം നമ്മുടെ മനസ്സും കൂടി പിടിച്ചു നിർത്തുന്ന ഇത്തരം ശ്ലോകങ്ങൾ നിരവധിയുണ്ട് നാരായണീയ ത്തിൽ. ദാനഹോമാദികർമ്മയോഗാനുഷ്ഠാനം കൊ ണ്ടോ സാംഖ്യയോഗജന്യമാകുന്ന തത്ത്വജ്ഞാനം കൊണ്ടോ ഇത്രയും എളുപ്പത്തിൽ മുക്തി, അതായത്, നിത്യാനന്ദാനുഭൂതി കിട്ടുന്നതല്ല. മറിച്ച് ആത്മാർപ്പ ണരൂപമായ ഭക്തിയാണ് അലൗകികാനന്ദപ്രദമെന്ന് ഈ ഗ്രന്ഥം നമ്മെ ഓർമ്മപ്പെടുത്തുന്നു.ഭക്തിയോ ടൊപ്പം തന്നെ സരസ്വതീദേവിയുടെ അലൗകീക മായ ഒരു വീണാനാദം കൂടി കേൾക്കുമ്പോൾ ഇദ്ദേ ഹത്തിന്റെ നാവിൽ 'ലീലായതേ ഭാരതീ' എന്നു നിസ്സംശയം നാം ചിന്തിച്ചു പോകും. ശ്രീകൃഷ്ണ ഭഗവാൻ കളിയാടിയിരുന്ന മേഖലകളിലൂടെയെല്ലാം നമ്മെ കൂട്ടിക്കൊണ്ടു പൊയി അക്രൂരൻ ചെയ്തതു പോലെ ഭഗവാന്റെ കാലടി പതിഞ്ഞ പൊടികളിൽ കിടന്നുരുണ്ടുകൊണ്ട് നമ്മെ മുന്നോട്ടു നയിക്കുന്ന ഈ ഗ്രന്ഥം കേരളീയമാണല്ലോ. എന്നോർക്കുമ്പോൾ ഒന്നേ നമുക്കു പറയുവാൻ കഴിയൂ.

ഹന്ത ഭാഗ്യം ജനാനാം !●

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

കവിത

# ശ്രാദ്ധം



കെ.ജി.മോഹൻദാസ്

ശ്രാദ്ധമൂട്ടുവാനമ്മ മരിച്ചനാൾ
ശ്രദ്ധയോടെ വൃതമെടുത്താമക്കൾ
അർഭകൻമാരും പെൺമക്കളും ചേർന്ന്
അക്ഷതംകൊണ്ടുപിണ്ഡമുരുട്ടുന്നു
പൂജാരിചൊന്ന മന്ത്രമുരുവിട്ട്
ദർഭമേൽവച്ചു പിണ്ഡോദകംചെയ്തു
എള്ളുകൊണ്ടഞ്ജൂനീരുകൊടുക്കുന്നു
ചന്ദനം കൊണ്ടുമഞ്ചുനീരർച്ചിച്ചു
വാമഹസ്തത്തെ നെഞ്ചോടു ചേർത്തിട്ട്
ദക്ഷിണഹസ്തേ പൂക്കളെടുത്തുടൻ
നാളും പേരും മനസ്സിൽ ധ്യാനിച്ചവർ
പിണ്ഡത്തിൽ വച്ചു ചെയ്തു നമസ്കാരം.
അഗ്നികോണിൽ മെഴികിയ വൃത്തത്തിൽ
പിണ്ഡമെല്ലാം നിരത്തിവെച്ചിട്ടവർ
വെള്ളത്തുള്ളികൾ മേലേതളിച്ചിട്ട്
കൈകൾ നന്നായ് നനച്ചവർ കൈകൊട്ടി
'ആദ്യമെന്നമ്മവന്നെടുക്കുന്നത്
ഞാനുരുട്ടിയപിണ്ഡമാണെന്നവർ
മത്സരിച്ചുപറയുന്നതുംകേട്ട്
മാറിനിന്നുഞാനൽപ്പമകലയായ്
തെങ്ങോലത്തണ്ടിൽ വന്നു നിരന്നൊരു
കാക്കകൾ പിണ്ഡമെല്ലാമെടുത്തുപോയ്
മാതൃവാത്സല്യം വേർ തിരിവില്ലാതെ
കണ്ടുനിർവൃതി പൂണ്ടുനിന്നേവരും

# പ്രമേഹ ചിന്തകൾ



ഡോ. ദേവിദാസ് വെള്ളോടി



## പ്രഹർഷേണ മേഹതേ ഇതിപ്രമേഹഃ

പ്രമേഹത്തെക്കുറിച്ചുള്ള ആദ്യകാല പഠനങ്ങൾ മൂത്രത്തെ അടിസ്ഥാന മാക്കിയുള്ളതായിരുന്നു. പ്രഹർഷത്തോടു കൂടി (രോമാഞ്ചത്തോടു കൂടി) അമിതമായി മൂത്രം പോകുക, മൂത്രത്തിൽ പഞ്ചസാരയുടെ അളവ് കാണപ്പെടുക, മൂത്രമൊഴിച്ച സ്ഥലത്ത് ഉറുമ്പുകൾ വരുക തുടങ്ങിയ പ്രമേഹത്തിന്റെ (Diabatics Meletus) ലക്ഷണങ്ങളായി ഇന്നു കണക്കാക്കാറുണ്ട്.

## ചില ബാഹ്യലക്ഷണങ്ങൾ

മൂത്രാധിക്യം

അമിതമായദാഹം

അമിതമായ വിശപ്പ്

വേണ്ടത്ര ആഹാരം കഴിച്ചാലും ശരീരത്തിന്റെ ഭാരം കുറയുക

അകാരണമായ ക്ഷീണം, തളർച്ച

കൈകാലുകളിൽ തരിപ്പ്, പുകച്ചിൽ

ദേഹമാസകലം ചൊറിച്ചിൽ

ലിംഗാഗ്രത്തിലുണ്ടാകുന്ന വീക്കം

മുറിവ് ഉണങ്ങാനുള്ള താമസം

ലൈംഗിക ശേഷിക്കുറവ്

അകാലത്തിൽ ഉണ്ടാകുന്ന തിമിരം എന്നീ ലക്ഷണങ്ങളിൽ (1+1) കുറെയെണ്ണം അനുഭവപ്പെടുന്നുണ്ടെങ്കിൽ താങ്കൾക്ക് പ്രമേഹമുണ്ടോ എന്നു സംശയനിവാരണം നടത്തണം.

## പ്രമേഹത്തെ എങ്ങിനെ കണ്ടുപിടിക്കാം

രാവിലെ വെറും വയറ്റിലുള്ള രക്ത പരിശോധന ഭക്ഷണം കഴിഞ്ഞ് ഒന്നരമണിക്കൂർ ശേഷമുള്ള രക്ത പരിശോധന , ഗ്ലൈക്കോസുലേറ്റഡ് ഹിമോഗ്ലോബിൻ പരിശോധന (Hb A/c) എന്നീ രക്തപരിശോധനകളിലൂടെ പ്രമേഹത്തെ കൃത്യമായി മനസ്സിലാക്കാം. രക്ത പരിശോധനയിൽ അത്താഴത്തിനു ശേഷം എട്ട് മണിക്കുർ കഴിഞ്ഞ് 100 mg/dl ൽ കൂടുതലാണെങ്കിലും ഭക്ഷണം കഴിഞ്ഞ് 2 മണിക്കൂർ ശേഷം 140 mg യിൽ കൂടുതലും HB a/c 6.5 നു മുകളിലുമാണെങ്കിൽ ശാസ്ത്രീയമായി പ്രമേഹമുണ്ടെന്ന് പറയാം.

## പ്രമേഹം പ്രധാനമായി 2 തരം.

1) Type 1 Diabeties

1 ശരീരം ഇൻസുലിൻ ഉത്പാദിപ്പിക്കാത്ത അവസ്ഥയാണിത്. ചിലപ്പോൾ ജൻമനാൽ തന്നെ ഈ പ്രശ്നമുള്ളവരിൽ Insulin കുത്തിവപ്പ് സ്ഥിരമായി ചെയ്യുന്നതാണ് പ്രതിവിധി.

2) Type II Diabetics ശരീരത്തിൽ ഇൻസുലിന്റെ ഉത്പാദനം കുറയുന്ന അവസ്ഥയാണിത്. ഇത് ശരീരത്തിലെ പഞ്ചസാരയെ ഊർജ്ജമാക്കി മാറ്റുന്ന ചയാപചയം (Metabolism) തകരാറിലാക്കുകയും രക്തത്തിൽ ഉയർന്ന തോതിലുള്ള പഞ്ചസാര കാണപ്പെടുകയും ചെയ്യുന്നു.

## എന്താണ് പ്രമേഹം

ചുരുക്കത്തിൽ ഇൻസുലിൻ എന്ന ഹോർമോണിന്റെ ഉത്പാദനത്തിലൊ ഉപയോഗത്തിലോ ഉണ്ടാകുന്ന അപര്യാപ്തത മൂലം സംജാതമാകുന്ന ഒരു അവസ്ഥയാണ് പ്രമേഹം. ഇൻസുലിൻ എന്ന അഗ്നി ഉത്പാദിപ്പിക്കുന്നത് പാൻക്രിയാസ് എന്ന ഗ്രന്ഥിയാണ്. ആമാശയത്തിനു പിന്നിലാണ് ഇതിന്റെ സ്ഥാനം. ആഹാരപചനത്തിനാവശ്യമായ ദഹനരസങ്ങളെ പാൻക്രിയാസ് ഉത്പാദിപ്പിക്കുന്നു. ഇതിലേറ്റവും പ്രധാനപ്പെട്ടതാണ് Insulin .ഇൻസുലിന്റെ

ഉൽപാദനം ആവശ്യാനുസരണം മാത്രം നടക്കുന്ന ഒരു പ്രക്രിയയാണ്. അന്നജമടങ്ങിയ ആഹാരം കഴിക്കുമ്പോൾ അതിന്റെ അകത്തുള്ള ഗ്ലൂക്കോസിന്റെ വിഘടനത്തിനാവശ്യമായ ഇൻസുലിൻ ഉൽപാദിപ്പിക്കപ്പെടുന്നു. ഇത് രക്തത്തിലെത്തി ശരീരകോശങ്ങളിൽ എത്തുന്നു. മാംസപേശികൾ, കൊഴുപ്പ്, സംയോജനകലകൾ എന്നിവയിലാണ് ഇൻസുലിൻ കൂടുതൽ പ്രവർത്തന നിരതമാകുന്നത്. കോശങ്ങളിൽ ഇൻസുലിനെ സ്വീകരിച്ച് രക്തത്തിലുള്ള ഗ്ലൂക്കോസ്, പൊട്ടാസ്യം ഫോസ്ഫേറ്റ് അമിനോ അമ്ലങ്ങൾ തുടങ്ങിയവയെ കോശാന്തർഭാഗത്തേക്ക് മാറ്റി ഗ്ലൂക്കോസിനെ ഗ്ലൈക്കോജനാക്കി മാറ്റുന്നു. ഈ ഗ്ലൈക്കോജനാണ് പിന്നീട് ഊർജ്ജ സ്രോതസായി മാറുന്നത്. ഇൻസുലിൻ കുറഞ്ഞാൽ ഗ്ലൂക്കോസ് രക്തത്തിൽ കെട്ടികിടക്കും.കോശങ്ങളിൽ നിന്നുള്ള ഊർജ്ജോല്പാദനവും വിനിമയവും ഇല്ലാതാകും. ഇത് ശരീരക്ഷീണത്തിനും തളർച്ചക്കും കാരണമാകുന്നു. ഇതാണ് പ്രമേഹം.

Type II ഡയബറ്റിക് രക്തത്തിൽ ഗ്ലൂക്കോസ് അധികമാകുമ്പോൾ കത്തിച്ച് കളയാനായി പാൻക്രിയാസ് കൂടുതൽ ഇൻസുലിൻ ഉത്പാദിപ്പിക്കുന്നു. എന്നാൽ ഇൻസുലിനോടുള്ള പ്രതിരോധം കാര ണം ഈ ശ്രമം വിഫലമാകുന്നു. പാൻക്രിയാസ് ഉത്പാദിപ്പിക്കുന്ന ഇൻസുലിൻ വിശപ്പ് വർദ്ധിപ്പിക്കു ന്നു. തദ്വാര ആഹാരം കൂടുതൽ കഴിക്കാനുള്ള പ്രവണത വർദ്ധിക്കുകയും ചെയ്യുന്നു. രോഗ പ്രതിരോധശേഷി ശക്തി കുറയുന്നതിനാൽ ഗുഹ്യഭാഗങ്ങൾ, തൊലി, മൂത്രനാളികൾ എന്നിവിടങ്ങളിൽ രോഗാണു ബാധ ഉണ്ടാകാനുള്ള സാധ്യതയേറുന്നു.

## പ്രമേഹവും കൊഴുപ്പും

രക്തത്തിലെ കൊഴുപ്പ് വർദ്ധിക്കുമ്പോൾ രക്തത്തിന്റെ ഒഴുക്ക് മന്ദീഭവിക്കുകയും രക്തക്കുഴലുകൾ അടയുകയും ചെയ്യുന്നു. രക്തക്കുഴലുകളുടെ ഭിത്തികൾക്ക് കട്ടി വർദ്ധിക്കാൻ ഇടയാകുന്നു. സ്രോതോരോധം എന്ന് ഇതിനെ ആയുർവ്വേദം വിവക്ഷിക്കുന്നു. രക്തക്കുഴലുകളിൽ ഉണ്ടാകുന്ന തടസ്സം ക്രമേണ വൃക്ക, ഹൃദയം, മസ്തിഷ്കം, മുതലായ പ്രധാന അവയവങ്ങളുടെ പ്രവർത്തനങ്ങൾക്ക് കാരണമാകുന്നു. Total cholestrol L D L, H D L, V L D L, ട്രൈഗ്ലിസറ്റൈഡസ് എന്നീ അഞ്ചുതരം കൊഴുപ്പുകളിൽ LDL, Tryglererides എന്നിവ രോഗോൽപാദനപ്രവണതയെ കാണിക്കുന്നു. HDL ആരോഗ്യദായകമാണ് .സാധാരണ നിലക്ക് രക്തത്തിലെ കൊഴുപ്പിനെ യഥാസമയം നീക്കം ചെയ്യുന്ന HDL പ്രമേഹരോഗികളിൽ അളവിലും ഗുണത്തിലും കുറവായിരിക്കും. ഈ കുറവു കാരണം ഗ്ലൂക്കോസും LDL ഉം തമ്മിലുള്ള തെറ്റായ കൂടിച്ചേരൽ നടക്കുന്നു. പ്രമേഹരോഗിയിൽ ഇൻസുലിന്റെ പ്രവർത്തന മാന്ദ്യം, മധുരത്തിന്റെ വർദ്ധന, കൊഴുപ്പിന്റെ ആധിക്യം എന്നിവ വിശദീകരിക്കുന്നതിനാണ് ഇത്രയും എഴുതിയത്.

## മധുരത്തോടുള്ള ആസക്തി

നമുക്ക് എന്തെങ്കിലും നിഷേധിക്കുമ്പോൾ അത് കിട്ടണമെന്നു ആഗ്രഹം കൂടുതലായി ഉണ്ടാകാറുണ്ട്. അതു പോലെ പ്രമേഹരോഗികൾക്ക് മധുരം നിഷിദ്ധമായതിനാൽ ആരും കാണാതെ കഴിക്കുവാനുള്ള പ്രവണത കൂടുതലാണ്. ഇത് നിയന്ത്രിക്കുക തന്നെ വേണം.

## പ്രമേഹ രോഗം ഇന്ത്യയിൽ കൂടുന്നു.

ഒരു കാലത്ത്, ഒരു മുപ്പത് കൊല്ലം മൻപ് പ്രമേഹ രോഗികളെ വിരലിൽ എണ്ണാമായിരുന്നു. അത്ര കുറവ്. പണക്കാർക്ക്, അധികം അദ്ധ്വാനിക്കാത്തവർക്ക് വരുന്ന അസുഖമായി കണക്കാക്കിയിരുന്നതിനാൽ ചിലർ വലിയ ഗമയിലാണ് തനിക്കും പ്രമേഹമുണ്ടെന്ന് പറഞ്ഞിരുന്നത്. ഇന്നോ കഠിനാദ്ധ്വാനിക്കും, പണക്കാർക്കും, സാധുക്കൾക്കും പ്രമേഹം പിടിപെടുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്രമേഹ രോഗികളുടെ എണ്ണം 50% ആയി വർദ്ധിച്ചു. അടുത്ത 20 വർഷത്തിനുള്ളിൽ ഈ നിലക്കു പോയാൽ സമ്പൂർണ്ണ പ്രമേഹബാധിത സംസ്ഥാനമായി കേരളത്തെ അറിയപ്പെടും.

## ജീവിതശൈലി ജന്യരോഗം

ആയുർവ്വേദത്തിൽ മഹാരോഗമായിട്ടാണ് പ്രമേഹത്തെ കണക്കാക്കുന്നത്. നല്ല സുഹൃത്തിനെ പോലെ പ്രശ്നമുണ്ടാക്കാതെ കൊണ്ടുനടക്കാമെന്നാണ് എന്റെ അഭിപ്രായം. ഒരിക്കൽ വന്നാൽ നമ്മെ വിട്ടു പിരിയുമെന്ന് തോന്നുന്നില്ല.

എന്താണ് പ്രമേഹ രോഗികളുടെ എണ്ണം കൂടി കൂടി വരുന്നത്? മാറിയ ജീവിത ശൈലിയാണെന്ന് പറയേണ്ടി വരും. വൈകി എണീക്കുക, അദ്ധ്വാനം കുറഞ്ഞ ജോലി ചെയ്യുക കൂടുതലായുള്ള മാനസിക സംഘർഷം, അമിതവണ്ണം, തെറ്റായ ഭക്ഷണക്രമം, ചിട്ടയില്ലാത്ത ജീവിതം, കൂടുതൽ കൊഴുപ്പും മധുരവുമുള്ള ആഹാരം കഴിക്കുക എന്നിവയെല്ലാം തന്നെ പ്രമേഹത്തിന് കാരണമായിത്തീരുന്നു.

## പ്രമേഹനിയന്ത്രണം ആയുർവ്വേദത്തിലൂടെ:

1) അമിത വണ്ണത്തിനുള്ള ചികിത്സ

നമുക്ക് ഓരോന്നായി പരിശോധിക്കാം. നിദാന പരിവർജ്ജനം (രോഗ കാരണങ്ങളെ ഇല്ലാതാക്കൽ)

ആയുർവ്വേദം നിർദ്ദേശിക്കുന്ന ചികിത്സാരീതിയാണ്. Body Mass Index (BMI) അനുപാതം എത്രയാണെന്ന് നോക്കണം.

$$BMI = \frac{Weight}{Ht \times Ht}$$

ഉദാഹരണത്തിന് ഒരാളുടെ തൂക്കം 70 Kg ഉയരം 1.65 Metr ആണെങ്കിൽ

$$BMI = \frac{70}{1.65x1.65} \quad \frac{70}{2.722} = 25.71$$

BMI 24.5 - 25 ആയി വരുന്നതാണ് അഭികാമ്യം. 30 ന മുകളിലാണെങ്കിൽ അമിതവണ്ണമായി കണക്കാക്കാം. അമിതവണ്ണത്തിനുള്ള പ്രധാന ചികിത്സ കൃത്യമായ വ്യായാമം തന്നെയാണ്. കൊഴുപ്പ്, മധുരം, ഉപ്പ് കുറവുള്ള മിതാഹാരവും വേണ്ടിവന്നാൽ ആയുർവ്വേദ ചികിത്സകളും ഫലപ്രദമാണ്. മേദസ്സിനെ ലയിച്ചിരിക്കുന്ന ഉദ്വർത്തനം ( മരുന്നുപൊടി കൊണ്ടുള്ള പ്രതിലോലമായ തിരുമ്മൽ), സ്വേദക്രിയകൾ എന്നിവ വളരെ ഗുണം ചെയ്യും.

നല്ല നടത്തം എല്ലാവർക്കും പറ്റിയ വ്യായാമമാണ്. അതുപോലെ യോഗചര്യയുംവളരെ ഫലപ്രദമാണ്. ധാന്യാമ്ലധാര എന്ന ചികിത്സയും ഗുണം ചെയ്യുന്നുണ്ട്.

## പത്ഥ്യം:

സാധാരണ രോഗികൾ ചോദിക്കുന്നതാണ്, ഡോക്ടറേ ഈ മരുന്നിന് വല്ല പത്ഥ്യവുമുണ്ടോ? പത്ഥ്യം നോക്കാനുള്ള പ്രയാസം കൊണ്ടാണ് ഇതുവരെ ആയുർവ്വേദ ചികിത്സ ചെയ്യാത്തത്. വാസ്തവത്തിൽ മരുന്നിനാണോ പത്ഥ്യം? രോഗത്തിനല്ലേ? കുറെ പേർക്ക് ഈ തിരിച്ചറിവില്ല.

## എന്തൊക്കെയാണ് പ്രമേഹത്തിന്റെ പത്ഥ്യങ്ങൾ:

നേരത്തെ പ്രമേഹ കാരണമായി പറഞ്ഞ ജീവിത ചര്യാക്രമങ്ങൾ മാറ്റുക തന്നെ വേണം. മധുരമുള്ള ഭക്ഷണം, കൂടുതൽ ഊർജദായകമായ ഭക്ഷണം അമിതമായ ഭക്ഷണം,അസമയത്തുള്ള ഭക്ഷണം, മാനസിക സംഘർഷം, രാത്രി ഉറക്കമൊഴിക്കൽ, പകൽ ഉറങ്ങൽ എന്നിവ ഒഴിവാക്കേണ്ടതാണ്. നന്നായി അദ്ധ്വാനിക്കുകയൊ വ്യായാമം ചെയ്യുകയോ വേണം. കൊഴുപ്പ് ഉപ്പ് എന്നിവ കുറയ്ക്കണം.

## പ്രമേഹൗഷധങ്ങൾ:

നെല്ലിക്കാ, ചിറ്റമൃത്, മഞ്ഞൾ, ഏകനായകം, കടുക്ക എന്നിവകളാണ് പ്രധാന പ്രമേഹൗഷധികൾ.നെല്ലിക്കയുടേയും മഞ്ഞളിന്റേയും പ്രമേഹ ചികിത്സയിലെ പ്രാധാന്യം എടുത്തു പറയേണ്ടതാണ്. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിയന്ത്രിച്ച് നിർത്തുവാൻ നെല്ലിക്ക, മഞ്ഞൾ, ഏകനായകം, കടുക്ക എന്നീ ചേരുവകൾക്ക് കഴിയും. ചിറ്റമൃത് കൂടി ചേർന്നാൽ വിശേഷമായി. 'അമൃത മേഹാരി ചൂർണ്ണം' പ്രസിദ്ധമാണല്ലോ?

## കൻമദ ചികിത്സ

പ്രമേഹത്തെ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിനും പ്രമേഹജന്യ ധാതുക്ഷയത്തിന് പരിഹാരമായും കൻമദം വളരെ ഫലപ്രദമാണ്. സ്ഥിരമായി കഴിക്കാവുന്ന ഒരു ഔഷധമാണിത്.

## ഇൻസുലിൻ

മരുന്നുകൾ, ഭക്ഷണനിയന്ത്രണം, വ്യായാമം, എന്നിവ കൊണ്ടൊന്നും പ്രമേഹനിയന്ത്രണം നടന്നില്ലെങ്കിൽ പാൻക്രിയാസിന്റെ പ്രവർത്തനം വളരെ ശോചനിയമാണെന്ന് തിരിച്ചറിഞ്ഞ് ഇൻസുലിൻ ചികിത്സയിലേക്ക് നീങ്ങേണ്ടി വരും.

## പ്രമേഹത്തിന് യുക്തമായഭക്ഷണങ്ങൾ:

ഏത് ഭക്ഷണവും അതിലടങ്ങിയിരിക്കുന്ന അന്നജത്താൽ രക്തത്തിൽ പഞ്ചസാരയുടെ അളവ് കൂട്ടും. ഇതിനെ അളക്കുന്നത് ഗ്ലൈസീമിക് ഇൻഡെക്സ്(G.I) എന്ന അളവ് വെച്ചാണ്. അതുപോലെ ഭക്ഷണത്തിൽ എത്ര അന്നജം അടങ്ങിയിരിക്കുന്നു എന്നതിനുള്ള അളവാണ് ഗ്ലൈസീമിക് ലോഡ്.(G.L).

## പൊതുവായുള്ള ചില നിർദ്ദേശങ്ങൾ പറയാം.

1) മധുരം, പുളി,ഉപ്പ് എന്നിവ പരമാവധി കുറയ്ക്കണം.

2) കൊഴുപ്പുള്ള ഭക്ഷണം ഒഴിവാക്കണം.

3) പരമ്പരാഗതമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നതായ വെളിച്ചെണ്ണ, നെയ്യ്, കടുകെണ്ണ എന്നിവ വളരെ മിതമായ തോതിൽ ഉപയോഗിക്കുക.

4) 2 വർഷം പഴകിയ ധാന്യങ്ങൾ (അരി, ഗോതമ്പ്) ഉപയോഗിക്കുക.

5) തവിടു നീക്കാത്ത അരി കൂടുതൽ നല്ലതാണ്

6) മദ്യം വർജ്ജിക്കണം.

7) കൃത്രിമമായ മധുരം സ്ഥിരമായി ഉപയോഗിക്കരുത്.

8) വെളുത്തുള്ളി, ഇഞ്ചി,ചെറുനാരങ്ങ, കുരുമുളക്, ചെറുപയർ, കടല, രാജ്മ, പട്ടാണി, കപ്പലണ്ടിബദാം, വാൽനട്ട് എന്നിവ ഉപയോഗിക്കാം.

9) ആപ്പിൾ, ഒറഞ്ച് പപ്പായ, തണ്ണിമത്തൻ, പേരയ്ക്കാ, എന്നീ പഴവർഗ്ഗങ്ങൾ ഉപയോഗിക്കാം.

10) നാടൻ കോഴിയിറച്ചി മത്സ്യം ഇവ കറിവെച്ചോ, വേവിച്ചോ കഴിക്കാം.

11) അരിയോ, ഗോതമ്പോ കൊണ്ടുണ്ടാക്കുന്ന

പലഹാരങ്ങൾ ഉഴുന്ന് വട, നൂൽ പുട്ട്, ചപ്പാത്തി, പുട്ട്, റവകൊണ്ടുള്ള ഭക്ഷണം, ബ്രൗൺ ബ്രെഡ്, ചെറു പഴം എന്നിവ വളരെ മിതമായി ഉപയോഗിക്കാം. മാങ്ങ, പഴുത്ത ചക്ക, മുന്തിരി, പൈനാപ്പിൾ എന്നിവ ഒഴിവാക്കുക.

അരിയിലേയും ഗോതമ്പിലേയും കാർബോഹൈഡ്രേറ്റിന്റെ അളവ് ഏതാണ്ട് തുല്യമാണെങ്കിലും കൂടുതൽ നല്ലത് ഗോതമ്പാണെന്ന് പറയാം. ആയുർവ്വേദത്തിൽ ഗോതമ്പ് ശരീരധാതുക്കൾക്ക് ഉറപ്പ് നൽകുന്നതായും, മലബന്ധത്തെ ഇല്ലാതാക്കുന്നതായും വചനശേഷം സാവധാനത്തിൽ ഗ്ലൂക്കോസായി മാറുന്നതായും പറയുന്നു. അതിനാൽ താരതമ്യേന നല്ലതാണ്.

## തീർത്തു വർജ്ജിക്കേണ്ടവ

പഞ്ചസാര, ഗ്ലൂക്കോസ്, വൈറ്റ് ബ്രഡ്, ബിസ്ക്കറ്റ്, ജാം, പായസം, കാർബണേറ്റഡ് സിറപ്പുകൾ,എന്നിവ വർജ്ജിക്കണം.

കപ്പ, ഉരുളക്കിഴങ്ങ്, മധുരക്കിഴങ്ങ്, ബീറ്റ്റൂട്ട്, ഇവ നല്ലതല്ല. പെറോട്ട, പൂരി,മൈദ, കോൺഫ്ളക്സ് ഒഴുവാക്കണം. നേന്ത്രപ്പഴം, ചിക്കു, പൈനാപ്പിൾ, ഈന്തപ്പഴം, ഉണക്കമുന്തിരി, നല്ല തല്ല.

GLYCEMIL INDEX (G..I )

| FOOD | Glycemil Glucose | Serving Size |
|---|---|---|
| 1 White Bread | 75 | 30 gm |
| 2 Brown Bread | 69 | 30 gm |
| 3 Cococola | 63 | 250 ml |
| 4 White Rice | 72 | 150 gm |
| 5 Basmathi Rice | 63 | 150 gm |
| 6 Brown Rice | 50 | 150 gm |
| 7 Ice Cream | 62 | 50 gm |
| 8 Pea Nuts | 13 | 50 gm |
| 9 Cashew Nuts | 22 | 50 gm |
| 10 Potato Chips | 56 | 50 gm |
| 11 Pizza (Average) | 80 | 100 gm |
| 12 Honey | 61 | 25 ml |

## ഉപസംഹാരം

പ്രമേഹം ഒരു രോഗത്തെക്കാളുപരി ഒരവസ്ഥയാണ്. പാൻക്രിയാസ് പ്രവർത്തന വൈകല്യത്താലോ മറ്റു കാരണങ്ങളാലോ പാൻക്രിയാസ് ഉത്പാദിപ്പിക്കുന്ന ആഹാരപചനത്തിനാവശ്യമായ ഇൻസുലിൻ സ്വീകരിക്കുവാനുള്ള കോശങ്ങളിലെ സംവിധാനത്തിന് തകരാറു സംഭവിക്കുകയും അതിനാൽ രക്തത്തിലെ ഗ്ലൂക്കോസിനെ ഗ്ലൈക്കോജനാക്കി മാറ്റാൻ കഴിയാതെ രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് കൂടുകയും ചെയ്യുന്നു.

